بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ   نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ   وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

വാല്യം 4

ലക്കം 1-2

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2019 ജനുവരി 3–10 ഹിജ്രി ശംസി 1398 സ്വുൽഹ് 3–10 റബീഉൽ ആഖിർ–ജമാദുൽ അവ്വൽ 26–03

## അല്ലാഹുവിന്റെ വചനം

رَبَّنَا لَا تُزِغْ قُلُوْبَنَا بَعْدَ اِذْ هَدَيْتَنَا وَهَبْ لَنَا مِنْ لَّدُنْكَ رَحْمَةً ۚ اِنَّكَ اَنْتَ الْوَهَّابُ

ഞങ്ങളുടെ നാഥാ! നീ ഞങ്ങളെ നേർവഴിയിലാക്കിയതിനുശേഷം ഞങ്ങളുടെ ഹൃദയങ്ങളെ തെറ്റിച്ചു കളയരുതേ! നീ ഞങ്ങൾക്കു നിന്റെയടുക്കൽനിന്നുള്ള കാരുണ്യം പ്രദാനം ചെയ്യേണമേ! നിശ്ചയമായും നീ തന്നെയാണ് ഏറ്റവും വലിയ അനുഗ്രഹദാതാവ്. (3:9)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറഞ്ഞു: കശ്തിയെ നൂഹ് എന്ന ഗ്രന്ഥത്തിലുള്ള നമ്മുടെ അധ്യാപനം എന്ന ഭാഗം ഒരു അഹ്മദി തീർച്ചയായും വായിക്കേണ്ടതാണ്. എന്നല്ല കശ്തിയെ നൂഹ് മുഴുവനും തന്നെ വായിക്കേണ്ടതാണ്.**

**മസീഹ് മരിച്ചുപോയി. അദ്ദേഹത്തിന്റെ ഖബ്ർ ശ്രീനഗറിലെ ഖാൻയാർ മുഹല്ലയിൽ ഉണ്ടെന്നതാണ് സത്യം.**

**ഓർത്തുകൊള്ളുവിൻ. ഇനി ഈസാ ഒരിക്കലും ഇറങ്ങുകയില്ല. കാരണം فَلَمَّا تَوَفَّيْتَنِيْ എന്ന വചനത്തിന്റെ അടിസ്ഥാനത്തിൽ പുനരുത്ഥാനനാളിൽ അദ്ദേഹം നടത്തുന്ന പ്രതിജ്ഞയിൽ താൻ വീണ്ടും ഭൂമിയിൽ വരുന്നതല്ലെന്ന വ്യക്തമായ തീരുമാനമാണുള്ളത്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

“തെളിവില്ലാതെ പരാജയപ്പെടുമ്പോൾ ഓരോ അല്പജ്ഞാനിയും അക്രമപ്രകൃതനും വാളിലേക്കും തോക്കിലേക്കും കൈ നീട്ടുന്നു. എന്നാൽ, വാളിന്റേയോ അതുപോലുള്ള മറ്റു വഴികളുടേയോ സഹായത്തോടെ വ്യാപിക്കാനിടയുള്ള മതം ഒരിക്കലുമൊരിക്കലും അല്ലാഹുവിൽനിന്നുള്ളതായിരിക്കുന്നതല്ല. നിങ്ങൾ ഈ രീതിയിലുള്ള ജിഹാദിൽനിന്ന് വിരമിക്കുന്നില്ലെങ്കിൽ, കോപാവേശംകൊണ്ട് സാത്വികരായ ജനങ്ങളെ ദജ്ജാലെന്നും മുൽഹിദെന്നും (നിർമതവാദിയെന്നും) വിളിക്കുകയാണെങ്കിൽ നാം ഈ രണ്ട് വചനങ്ങൾ ഓതി ഈ ഭാഷണം ഇവിടെ അവസാനിപ്പിക്കുകയാണ്.

قُلْ يٰۤاَيُّهَا الْكٰفِرُوْنَ ۙ لَاۤ اَعْبُدُ مَا تَعْبُدُوْنَ ۙ (109:2–3) ആഭ്യന്തര ഭിന്നതയുടേയും വിസ്ഫോടനത്തിന്റേയും കാലത്ത് നിങ്ങളുടെ സാങ്കല്പിക മസീഹും സാങ്കല്പിക മഹ്ദിയും വന്ന് ആരുടെമേലാണ് വാളോങ്ങുക. സുന്നികളുടെ പക്കൽ ശിയാക്കൾ വാളിന്നർഹരല്ലേ? അതേപ്രകാരം ശിയാക്കളുടെ പക്കൽ സുന്നികളെല്ലാവരും വാളിന്നിരയായി നശിക്കാൻ അർഹരല്ലേ? ഇങ്ങനെ നിങ്ങളുടെ അവാന്തരവിഭാഗങ്ങൾതന്നെ നിങ്ങളുടെ വിശ്വാസമനുസരിച്ച് ശിക്ഷയ്ക്കർഹരാണെന്നു വരുമ്പോൾ നിങ്ങളാരോടെല്ലാമാണ് ജിഹാദ് ചെയ്യുക? എന്നാൽ, ഓർത്തുകൊള്ളുവിൻ. അല്ലാഹു വാളിന്റെ ആശ്രിതനല്ല. അവൻ തന്റെ മതത്തെ ദിവ്യദൃഷ്ടാന്തങ്ങളോടുകൂടി ഭൂമിയിൽ പ്രചരിപ്പിക്കുന്നതാണ്. അതിനെ തടയാൻ ആർക്കും സാധ്യമല്ല. ഓർത്തുകൊള്ളുവിൻ. ഇനി ഈസാ ഒരിക്കലും ഇറങ്ങുകയില്ല. കാരണം *ഫലമ്മാതവഫ്ഫയ്ത്തനീ* എന്ന വചനത്തിന്റെ അടിസ്ഥാനത്തിൽ പുനരുത്ഥാനനാളിൽ അദ്ദേഹം നടത്തുന്ന പ്രതിജ്ഞയിൽ താൻ വീണ്ടും ഭൂമിയിൽ വരുന്നതല്ലെന്ന വ്യക്തമായ തീരുമാനമാണുള്ളത്. പുനരുത്ഥാനനാളിൽ അദ്ദേഹത്തിന്റെ നിഷേധംതന്നെ ക്രിസ്ത്യാനികൾ വഴിപിഴച്ചതായിട്ടു തനിക്കറിയില്ലെന്നതാണ്. അതിനാൽ ഈ വചനത്തിൽ, താൻ വീണ്ടും ലോകത്ത് വരികയില്ലെന്ന വ്യക്തമായ തീരുമാനമാണുള്ളത്. അദ്ദേഹം പുനരുത്ഥാനത്തിന് മുമ്പേ ലോകത്ത് വരികയും നാല്പതു വർഷം താമസിക്കുകയും ചെയ്യുകയാണെങ്കിൽ, തനിക്ക് ക്രിസ്ത്യാനികളുടെ അവസ്ഥകളെപ്പറ്റി ഒന്നും അറിയുകയില്ല എന്ന് അല്ലാഹുവിന് മുമ്പിൽ കളവ് പറഞ്ഞതായി കണക്കാക്കണം. തന്റെ പുനരാഗമനകാലത്ത് ലോകത്ത് നാല്പതുകോടിയോടടുത്ത് ക്രൈസ്തവരെ കണ്ടുവെന്നും അവരെല്ലാം വഴിപിഴച്ചതിനെ സംബന്ധിച്ച് തനിക്കു നന്നായി അറിയാമെന്നും താൻ എല്ലാ ക്രൈസ്തവരേയും മുസ്ലിംകളാക്കുകയും കുരിശുകൾ ഉടയ്ക്കുകയും ചെയ്തുവെന്നും അതിനാൽ അനുഗ്രഹങ്ങൾക്ക് അർഹനാണെന്നുമല്ലേ പറയേണ്ടിയിരുന്നത്? എന്നാൽ, തനിക്കൊന്നുമറിയില്ല എന്ന് ഈസാ പറയുന്നത് എത്രമാത്രം കളവാണ്? പ്രസ്തുത തിരുവചനത്തിൽ താൻ ലോകത്ത് വീണ്ടും വരുന്നതല്ലെന്ന സ്പഷ്ടമായ തീരുമാനമാണുള്ളത്. മസീഹ് മരിച്ചുപോയി. അദ്ദേഹത്തിന്റെ ഖബ്ർ ശ്രീനഗറിലെ ഖാൻയാർ മുഹല്ലയിൽ ഉണ്ടെന്നതാണ് സത്യം[1]. ഇനി അല്ലാഹു സ്വയം ഇറങ്ങുകയും സത്യത്തോടു പോരാടുന്നവർക്കെതിരെ അവൻതന്നെ പോരാടുകയും ചെയ്യുന്നതാണ്. അല്ലാഹു പോരാടുകയെന്നത് ആക്ഷേപാർഹമായ കാര്യമല്ല. കാരണം അത് അടയാളങ്ങളുടേയും ദൃഷ്ടാന്തങ്ങളുടേയും നിറമുൾക്കൊണ്ടതായിരിക്കും. എന്നാൽ, മനുഷ്യന്റെ പോരാട്ടം അതിക്രമത്തിന്റെ നിറമുൾക്കൊണ്ടതായതിനാൽ ആക്ഷേപാർഹമാണ്.

ദക്ഷിണഇറ്റലിയിലെ പ്രസിദ്ധ പത്രമായ ‘കേരിയർ ഡലാസേര’ താഴെപ്പറയുന്ന അത്ഭുതകരമായ വാർത്ത പ്രസിദ്ധീകരിച്ചിരിക്കുന്നു:–

യരുശലേമിൽ ‘കോർമറ’ എന്നു പേരായ ഒരു വൃദ്ധപുരോഹിതൻ ജീവിച്ചിരുന്നു. വലിയ്യ്– ദൈവത്തിന്റെ ഇഷ്ടദാസൻ– എന്ന നിലയിൽ അദ്ദേഹം പ്രസിദ്ധനായിരുന്നു. അദ്ദേഹം മരണസമയത്ത് വിട്ടുപോയ കുറച്ചു വസ്തുവകകളുണ്ടായിരുന്നു. ഗവർണർ അദ്ദേഹത്തിന്റെ ബന്ധുക്കളെ കണ്ടെത്തി 1879 ജൂലായ് 13–ാം തിയതി 2 ലക്ഷം ഫ്രാങ്ക് (118750 രൂപ) അവരെ ഏല്പിച്ചു. വിവിധ രാജ്യങ്ങളിലെ ആ നാണയങ്ങൾ അദ്ദേഹം ദീർഘകാലം വസിച്ചിരുന്ന ഗുഹയിൽനിന്ന് കിട്ടിയതായിരുന്നു. രൂപയോടൊപ്പം ചില പ്രമാണങ്ങളും ആ ബന്ധുക്കൾക്ക് കിട്ടി. അവ വായിക്കുവാൻ അവർക്ക് സാധിക്കുമായിരുന്നില്ല. ഇബ്റാനീ ഭാഷയിൽ പാണ്ഡിത്യമുള്ള ചിലർക്ക് ആ പ്രമാണങ്ങൾ നോക്കുവാനുള്ള സന്ദർഭം ലഭിച്ചു. അവ ഇബ്റാനീ ഭാഷയിലാണെന്നറിഞ്ഞപ്പോൾ അവർക്ക് അത്ഭുതം തോന്നി. അവ വായിക്കപ്പെട്ടപ്പോൾ ഈ വചനം കണ്ടു:

‘മർയമിന്റെ പുത്രൻ യേശുമിശിഹായുടെ സേവകൻ, മുക്കുവനായ പത്രോസ് ഈ രീതിയിൽ ജനങ്ങളോടു ദൈവനാമത്തിലും അവന്റെ ഇഷ്ടാനുസരണവും സംബോധന ചെയ്യുന്നു.’ ഈ ലേഖനം അവസാനിക്കുന്നതിപ്രകാരമാണ്:

“ഞാൻ മുക്കുവനായ പത്രോസ് യേശുവിന്റെ നാമത്തിലും എന്റെ തൊണ്ണൂറാം വയസ്സിലും ഈ സ്നേഹത്തിന്റെ വാക്കുകൾ എന്റെ യജമാനനും സ്നേഹിതനുമായ മർയമിന്റെ പുത്രൻ യേശുവിന്റെ മരണത്തിന് മൂന്നു വർഷങ്ങൾക്കുശേഷം, ദൈവത്തിന്റെ പരിശുദ്ധഭവനത്തിന്റെ അടുത്ത് ബോലീറിന്റെ വീട്ടിൽവച്ച് എഴുതാൻ തീരുമാനിച്ചിരിക്കുന്നു.”

പ്രസ്തുത പണ്ഡിതന്മാർ ഈ കുറിപ്പ് പത്രോസിന്റെ കാലം മുതലുള്ളതാണെന്ന തീരുമാനം പുറപ്പെടുവിച്ചു; ലണ്ടൻ ബൈബിൾ സൊസൈറ്റിയുടേയും അഭിപ്രായം ഇതുതന്നെയാണ്. ഇതിനെക്കുറിച്ച് സമഗ്രമായ ഗവേഷണം നടത്തിയതിനുശേഷം ബൈബിൾ സൊസൈറ്റി ഇപ്പോൾ ഈ പ്രമാണങ്ങൾക്ക് പകരം 4 ലക്ഷം

( ശേഷം പേജ് 8ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

**കാലത്തിന്റെ ഖലീഫയുടെ പര്യടനങ്ങൾകൊണ്ട് മൂന്നു വലിയ നേട്ടങ്ങൾ ഉണ്ടാകുന്നു. 1. രാജ്യത്തിലെ വിദ്യാസമ്പന്നരും സ്വാധീനശക്തിയുള്ളവരുമായി ബന്ധങ്ങളുണ്ടാകുന്നു. 2. മാധ്യമങ്ങൾ മുഖേന ഇസ്‌ലാമിന്റേയും അഹ്മദിയ്യത്തിന്റേയും യഥാർഥ അധ്യാപനം ജനങ്ങൾക്ക് അറിയാൻ കഴിയുന്നു. 3. ജമാഅത്തംഗങ്ങളുമായി വ്യക്തിപരമായ ബന്ധവും പരിചയവും ഉണ്ടാകുകയും അതിന്റെ ഫലമായി അവരുടെ ഈമാനിലും ആത്മാർഥതയിലും സ്നേഹത്തിലും സാഹോദര്യത്തിലും വർധന ഉണ്ടാകുകയും ചെയ്യുന്നു.**

“ഇസ്‌ലാം തന്നെയാണ് ലോകപ്രശ്നങ്ങൾക്കുള്ള പരിഹാരം. സമാധാനവും ശാന്തിയും സ്ഥാപിക്കാനുള്ള മാർഗവും ഇസ്‌ലാം തന്നെയാണ്. സാമ്പത്തികവും സാമൂഹികവുമായ പ്രശ്നങ്ങൾക്കുള്ള പരിഹാരത്തിനും ഇസ്‌ലാമികാധ്യാപനം തന്നെയാണ് മാർഗദർശനം നല്കുന്നത്.” ‘അമേരിക്കയിലും ലോകം മുഴുവനും അത്യദ്ധ്വാനത്തോടും ശരിയായ നിലയിലും ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം പ്രചരിപ്പിക്കുക എന്നതാണ് നമ്മുടെ ജോലി.’

‘ഇവിടെ അവർക്ക് എളുപ്പവും ഐശ്വര്യവും കിട്ടുമ്പോൾ, എപ്പോഴും തങ്ങൾ ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കണമെന്നും ഭൗതികമായ സുഖാഡംബരങ്ങളിൽ മുങ്ങിപ്പോകാൻ പാടില്ലെന്നുമുള്ള ബോധം ഉണ്ടാകാനും അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.’
(പാക്കിസ്താനിൽനിന്ന് പലായനം ചെയ്ത് അമേരിക്കയിൽ അഭയാർഥികളായി വന്ന അഹ്മദികൾക്കുവേണ്ടി ഹുദൂറിന്റെ ദുആ)

✵ ഇതൊരു അത്ഭുതകരമായ സന്ദേശമാണ്; അങ്ങയുടെ ഓരോ കാര്യവും മനസ്സിൽ തട്ടി. ✵ നിങ്ങൾ വർത്തമാനകാലത്തെക്കുറിച്ച് മാത്രമല്ല പറയുന്നത്. മറിച്ച് നിങ്ങളുടെ ദൃഷ്ടി ഭാവികാലത്തിലാണ്.
(പര്യടനത്തിന്നിടയിൽ ഹുദൂറുമായി കൂടിക്കാഴ്ചയക്കു സൗഭാഗ്യം ലഭിച്ച ചില അതിഥികളുടെ അഭിപ്രായങ്ങൾ)

അമേരിക്കയിൽ ഈ യാത്രക്കിടയിൽ അല്ലാഹുവിന്റെ കൃപയാൽ മൂന്നു മസ്ജിദുകളുടേയും ഗ്വാട്ടിമാലയിൽ നാസിർ ഹോസ്പിറ്റലിന്റേയും ഉൽഘാടനം. റിവ്യു ഓഫ് റിലീജ്യൺസിന്റെ സ്പാനിഷ് പതിപ്പ് പ്രസിദ്ധീകരിച്ചു തുടങ്ങി.

റേഡിയോ, ടി.വി, പത്രങ്ങൾ, സോഷ്യയൽ മീഡിയ മുഖേന വിശാലമായ രീതിയിൽ അമേരിക്കൻ-ഗ്വാട്ടിമാല പര്യടനത്തിന്റെ പ്രചാരണം. ഈ പര്യടനത്തിന്റെ അനുഗ്രഹത്താൽ നാല്പത് മില്യണിലധികം ജനങ്ങളിൽ ഇസ്‌ലാം-അഹ്മദിയ്യത്തിന്റെ സന്ദേശമെത്തി.

## 2018 ഒക്ടോബർ-നവംബർ മാസങ്ങൾക്കിടയിൽ അമേരിക്കയിലും ഗ്വാട്ടിമാലയിലും നടത്തിയ അനുഗൃഹീതവും വിജയപ്രദവുമായ പര്യടനത്തെ കുറിച്ചുള്ള ചർച്ച

ഖിലാഫത്തിന്റെ സത്യസന്ധനായ പ്രേമിയും ആത്മാർഥനുമായ അഹ്മദി ബുർക്കിനോഫാസോയിലെ സാവാഡോഗോ ഇസ്മായീൽ(Sawadogo Ismail)സാഹിബിനെ കുറിച്ചുള്ള അനുശോചനവും ഗാഇബ് ജനാസ നമസ്കാരവും.

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2018 നവംബർ 16/1397 തബൂക് 16**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ്, മോർഡൻ,(യു.കെ)**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

കഴിഞ്ഞ ജുമുആയിൽ തഹ്‌രീകെ ജദീദിന്റെ നവവർഷ വിളംബരം കാരണത്താൽ അമേരിക്കയിലും ഗ്വാട്ടിമാലയിലും ചെയ്ത യാത്രയെക്കുറിച്ച് പ്രതിപാദിച്ചിരുന്നില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ പര്യടനങ്ങൾക്ക് വലിയ പോസിറ്റീവായിട്ടുള്ള ഫലങ്ങളാണുണ്ടാകുന്നത്. സ്വന്തക്കാരും അന്യരുമായിട്ടുള്ള ബന്ധങ്ങളുടെ അടിസ്ഥാനത്തിലും ജമാഅത്തിന്റെ സംഘടനാപരമായ കാര്യങ്ങളുടെ അടിസ്ഥാനത്തിലും നേരിട്ട് കാണുകയും അറിയുകയും ചെയ്യുന്നതിലൂടെ നിരവധികാര്യങ്ങൾ എന്റ ശ്രദ്ധയിൽപെടുന്നു.

ഇതുകൊണ്ടുണ്ടാകുന്ന മൂന്നു വലിയ പ്രയോജനങ്ങൾ ഇവയാണ്: ആ രാജ്യങ്ങളിലെ വിദ്യാസമ്പന്നരും സ്വാധീനശക്തിയുള്ളവരുമായി ബന്ധങ്ങളുണ്ടാകുന്നു; കൂടിക്കാഴ്ചാ രീതിയിലൂടേയും മസ്ജിദ് ഉദ്ഘാടനം, അല്ലെങ്കിൽ റിസപ്ഷൻ തുടങ്ങിയവയിലൂടെയും. രണ്ടാമത്തേത് മാധ്യമങ്ങൾ മുഖേന ഇസ്‌ലാമിന്റേയും അഹ്മദിയ്യത്തിന്റേയും യഥാർഥ അധ്യാപനം ജനങ്ങൾക്ക് അറിയാൻ കഴിയുന്നു എന്നതാണ്. മൂന്നാമത്തെ വലിയ കാര്യം ജമാഅത്തംഗങ്ങളുമായി വ്യക്തിപരമായ ബന്ധവും പരിചയവും ഉണ്ടാകുന്നുവെന്നതാണ്. അതിന്റെ ഫലമായി അവരുടെ ഈമാനിലും ആത്മാർഥതയിലും സ്നേഹത്തിലും സാഹോദര്യത്തിലും വർധന ഉണ്ടാകുന്നു. കാലത്തിന്റെ ഖലീഫയും ജമാഅത്തംഗങ്ങളും നേരിട്ട് കണ്ടുമുട്ടുകയും കാണുകയും കേൾക്കുകയും ചെയ്യുന്നതുകൊണ്ട് അസാധാരണമായ മാറ്റവും വികാരങ്ങളുമുണ്ടാകുന്നു. പിന്നീട് ആ രാജ്യങ്ങളിലെ അവസ്ഥകളനുസരിച്ച് ഖുത്ബകളിലൂടെ നേരിട്ട് അവരോടു സംവദിക്കാനും കഴിയുന്നു.

അമേരിക്കയിൽ ഈ പര്യടനത്തിനിടയിൽ ദൈവകൃപയാൽ മൂന്ന് മസ്ജിദ് ഉദ്ഘാടനം ചെയ്യാൻ തൗഫീഖ് കിട്ടി. ആ മസ്ജിദുകളെ അല്ലാഹു എപ്പോഴും ജനസാന്ദ്രമാക്കി വെക്കുമാറാകട്ടെ. കുട്ടികളും യുവാക്കളും സ്ത്രീകളും പുരുഷന്മാരും ഞാൻ എവിടെ പോകുമ്പോഴും ആദ്യംഫിലാഡൽഫിയാ (Philadelpiia),പിന്നീട് ഹ്യൂസ്റ്റണി(Huston)ലും പിന്നെ വാഷിംഗ്ണി (Washington)ലും മസ്ജിദിന്റെ അന്തരീക്ഷത്തിൽതന്നെ തങ്ങളുടെ അധികസമയവും കഴിച്ചുകൂട്ടി. കുട്ടികളുടെ മാതാപിതാക്കളും മറ്റു ബന്ധുക്കളും എഴുതിക്കൊണ്ടിരിക്കുന്നത്, അങ്ങയുടെ വരവുകൊണ്ട് മസ്ജിദിൽ വേഗം പോകാനുള്ള സമ്മർദ്ദമാണ് കുട്ടികളിൽനിന്നുണ്ടായിരുന്നതെന്നാണ്. ഖിലാഫത്തുമായുള്ള അവരുടെ ബന്ധത്തിന്റെ പ്രകടനമുണ്ടായി. പകലിന്റെ ഭൂരിഭാഗവും മസ്ജിദിൽ തന്നെയാണ് അവർ കഴിഞ്ഞത്.

അമേരിക്കയിൽ ഇപ്രാവശ്യം രക്ഷാകേന്ദ്രം (Asylum) എടുക്കുന്നവരുടേയും അഭയാർഥികളായി വന്ന പാക്കിസ്താനി അഹ്മദികളുടേയും വലിയൊരു ജനവിഭാഗമുണ്ടായിരുന്നു. അവർ വലിയ ദുർഘടാവസ്ഥകളിലൂടെ കടന്ന് മലേഷ്യാ, തായ്‌ലാന്റ്, ശ്രീലങ്ക, നേപ്പാൾ തുടങ്ങിയ രാജ്യങ്ങളിൽനിന്ന് അവിടെ വന്നവരായിരുന്നു. അവരുമായുള്ള കൂടിക്കാഴ്ചയും ചില ഘട്ടങ്ങളിൽ വലിയ വൈകാരികമായ അവസ്ഥ സൃഷ്ടിച്ചിരുന്നു. ചിലർ വളരെയധികം വികാരഭരിതരായിപോയിരുന്നു. ഇവിടെ അവർക്ക് എളുപ്പവും ഐശ്വര്യവും കിട്ടുമ്പോൾ, എപ്പോഴും തങ്ങൾ ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കണമെന്നും ഭൗതികമായ സുഖാഡംബരങ്ങളിൽ ആഴ്ന്നുപോകാൻ പാടില്ലെന്നുമുള്ള ബോധം ഉണ്ടാകാനും അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

ഇനി ഞാൻ പര്യടന സംബന്ധമായി മറ്റു ചില കാര്യങ്ങൾ പറയാനാഗ്രഹിക്കുകയാണ്. പൊതുവെ അമേരിക്കൻ രാഷ്ട്രീയ നേതാക്കളും വിദ്യാസമ്പന്നരായ ആളുകളും സാധാരണക്കാരും കാര്യങ്ങൾ കേൾക്കുന്നവരും നല്ല കാര്യങ്ങളെ പ്രശംസിക്കുന്നവരും ഇഷ്ടപ്പെടുന്നവരുമാണ്. ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം അവരിൽ ശരിയായ നിലയിലെത്തിയിട്ടില്ല. ആരിലാണോ എത്തിയിട്ടുള്ളത്, ആർക്കാണോ ജമാഅത്തുമായി ബന്ധമുള്ളത്, അവർ ഇസ്‌ലാമിനെകുറിച്ച് നല്ല അഭിപ്രായം ഉൾക്കൊള്ളുന്നവരാണ്. അതുകൊണ്ട് ഇസ്‌ലാമിന്റെ യഥാർഥ

അധ്യാപനം അമേരിക്കയിലും മറ്റു രാജ്യങ്ങളിലും കഠിനാധ്വാനത്തോടും ശരിയായ രീതിയിലും എത്തിക്കുക എന്നതാണ് നമ്മുടെ ജോലി. ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം അമുസ്‌ലിംകളുടെ കണ്ണുകൾ തുറപ്പിക്കുന്നതിനും ഇസ്‌ലാമിന്റെ മനോഹരവും സമാധാനപരവുമായ അധ്യാപനത്തെ വ്യക്തമാക്കുന്നതിനുമൊപ്പം മുസ്‌ലിംകൾക്കും ആത്മവിശ്വാസം പകരുന്നതാണ്. അനഹ്മദീ മുസ്‌ലിംകൾക്കും യഥാർഥ ഇസ്‌ലാമെന്താണെന്ന് മനസ്സിലാകുകയും ചെയ്യും. അതുകൊണ്ട് അപകർഷതാബോധത്തിന്റെ ആവശ്യമൊന്നുമില്ല. ഇത് മിക്ക സ്ഥലങ്ങളിലും അനുഭവപ്പെട്ടിട്ടുള്ളതാണ്; അമേരിക്കയിലും ഉണ്ടായിട്ടുള്ളതാണ്. അനഹ്മദീ മുസ്‌ലിംകൾ നമ്മളിൽനിന്ന് ഇസ്‌ലാമിന്റെ മനോഹര അധ്യാപനത്തെക്കുറിച്ച് കേൾക്കുമ്പോൾ തങ്ങൾക്ക് ഒരുതരത്തിലുള്ള അപകർഷതാബോധത്തിന്റേയും ആവശ്യമില്ലെന്നുള്ള ആത്മവിശ്വാസം അവരിലുണ്ടാകുന്നു. അതവർ പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്; എന്നല്ല, ഇസ്‌ലാം തന്നെയാണ് ലോകപ്രശ്നങ്ങൾക്കുള്ള പരിഹാരം. സമാധാനവും ശാന്തിയും സ്ഥാപിക്കാനുള്ള മാർഗവും ഇസ്‌ലാംതന്നെയാണ്. സാമ്പത്തികവും സാമൂഹികവുമായ പ്രശ്നങ്ങൾക്കുള്ള പരിഹാരത്തിനും ഇസ്‌ലാമികാധ്യാപനം തന്നെയാണ് മാർഗദർശനം നല്കുന്നത്. നമ്മുടെ പരിപാടികളിൽ പങ്കെടുക്കുന്ന ചില അനഹ്മദി മുസ്‌ലിംകൾ, ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനം നിങ്ങൾ സമർപിക്കുന്നതുതന്നെയാണെന്ന കാര്യം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അമുസ്‌ലീംകൾ ഈ അധ്യാപനം കേട്ട് അത്ഭുതപ്പെടാറുമുണ്ട്. ഇതാണ് ഇസ്‌ലാമികാധ്യാപനമെങ്കിൽ ഇതുതന്നെയാണ് വിജയം വരിക്കുന്നതെന്ന് തോന്നുന്നതായി ചിലർ അഭിപ്രായപെടുകയും ചെയ്തിട്ടുണ്ട്. ചില മുസ്‌ലിംകളുടെ അഭിപ്രായങ്ങളും സമർപിക്കുകയാണ്.

ഫിലാഡൽഫിയാ(Philadelpiia)യിൽ 'ബയ്ത്തുൽ ആഫിയത്ത്' മസ്ജിദിന്റെ ഉദ്ഘാടനമുണ്ടായി. ഇതിൽ യു.എസ്. കോൺഗ്രസിന്റെ അംഗം Hon.Dwight Evans വന്നിരുന്നു. അദ്ദേഹം വളരെ നല്ല വാക്കുകളിൽ എന്നോടു പറഞ്ഞു: 'ഞാൻ അങ്ങയെ ഈ വൻനഗരത്തിൽ സ്വാഗതം ചെയ്യുകയാണ്. സഹോദരിസഹോദരന്മാരെപോലെ സ്നേഹിക്കുന്ന നഗരമാണിത്. ഫിലാഡൽഫിയായിലെ സംഘാടകർക്കുവേണ്ടി ഞാൻ ഒരു മുസ്‌ലിം സമുദായത്തോടു പറയാനാഗ്രഹിക്കുന്നത്, ഞങ്ങൾ നിങ്ങളുടെ സമാധാന സന്ദേശത്തെ ഇവിടെ സ്വാഗതം ചെയ്യുന്നുവെന്നാണ്.' വീണ്ടും പറയുന്നു: 'ചില അമേരിക്കക്കാരുടെ ഭാഗത്തുനിന്ന് ഇക്കാലത്ത് ഇസ്‌ലാമിന്നെതിരിൽ ചില അഭിപ്രായങ്ങൾ മുമ്പിൽ വരികയുണ്ടായി.' പക്ഷേ, പറയുന്നു: 'ഞാൻ അങ്ങയോടു പറയാനാഗ്രഹിക്കുന്നത് ഇവിടെത്തെ ഭൂരിപക്ഷം നിങ്ങളെ സ്വാഗതം ചെയ്യുന്നുവെന്നാണ്. ഞങ്ങൾ നിങ്ങളോടൊപ്പമാണ്. വെറുപ്പിനും മതപരമായ ഏകപക്ഷീയതയ്ക്കും അക്രമത്തിനുമെതിരെ ഞങ്ങൾ നില്ക്കുന്നു.' തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടു അദ്ദേഹം പറയുന്നു: 'താങ്കൾ സമാധാനം സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് വളരെ മനോഹരമായ സന്ദേശമാണ് നല്കിയത്. ദൗർഭാഗ്യവശാൽ അമേരിക്കയിൽ നമ്മൾ ഒരു അന്ധകാര കാലഘട്ടത്തിലൂടെയാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്; അത്തരം കാലഘട്ടത്തിൽ ഈ സന്ദേശം പ്രൗഢഗംഭീരമാണ്. ഇതിൽനിന്ന് മുസ്‌ലിം സമുദായം അമേരിക്കയിൽ മാത്രമല്ല പ്രത്യുത മുഴുലോകത്തിനും എത്ര പ്രധാനപ്പെട്ടതാണെന്ന് സ്ഥാപിതമാകുന്നു.' വീണ്ടും ഇദ്ദേഹം പറയുന്നു: 'നമുക്ക് ഭാവിയിൽ പ്രതീക്ഷയും സമാധാനവും വേണം. മതപരമായ സ്വാതന്ത്ര്യത്തെ സംബന്ധിച്ച് ഫിലാഡൽഫിയായ്ക്ക് ഒരു പ്രാധാന്യമുണ്ട്. ഫിലാഡൽഫിയായിൽ മതപരമായ സ്വാതന്ത്ര്യത്തോടെ വസിക്കുന്നതിന് എല്ലാ മതങ്ങളുമായും ഒരു ഉടമ്പടി ഉണ്ടായിട്ടുള്ളത് പ്രശസ്തമാണ്.' അദ്ദേഹം പറയുന്നു: 'ഒരു പ്രാധാന്യമുണ്ട്; ഈ സ്ഥലം നിങ്ങളുടെ മസ്ജിദിന് ഒരു മഹത്തായ സ്ഥലമായി സ്ഥാപിതമാകുന്നതായിരിക്കും.'

ഇതാണ് അഭിപ്രായങ്ങൾ. അവിടെത്തെ മേയറും വന്നിട്ടുണ്ടായിരുന്നു. മറ്റു ചില നേതാക്കളും പങ്കെടുത്തിരുന്നു. പിന്നീട് മേയർ ജയിംസ് കെനിയും(James Kenney) ഇതുതന്നെ പറഞ്ഞു: ഫിലാഡൽഫിയ നഗരത്തിന്റെ ചരിത്രത്തിൽനിന്ന് മനസ്സിലാകുന്നത് മതസ്വാതന്ത്ര്യം ഈ നഗരത്തിന്റെ അടിസ്ഥാനപരമായ നിയമങ്ങളിൽ ഉൾപ്പെട്ടിരുന്നുവെന്നാണ്. ഈ നഗരം ഈ അടിത്തറയിലാണ് നിർമിക്കപ്പെട്ടിരുന്നത്. നമ്മുടെ ബന്ധം വിവിധ ജനതകളും വംശങ്ങളുമായിട്ടാണെന്നതിൽ സംശയമില്ല. പക്ഷേ, ഈ നഗരം എല്ലാവരേയും സ്വാഗതം ചെയ്യും.' പിന്നീട് അദ്ദേഹം പറഞ്ഞു: 'നമ്മൾ പരസ്പരം കൂടിച്ചേർന്ന് പ്രവർത്തിക്കുക. പരസ്പരം ആദരവോടും ബഹുമാനത്തോടും കൂടി പെരുമാറുക. നമുക്കൊരുമിച്ച് ജീവിക്കാൻ കഴിയുമെന്ന് ലോകത്തിന് പറഞ്ഞുകൊടുക്കുക. നമ്മുടെ പ്രശ്നങ്ങൾ അവസാനിപ്പിക്കാൻ നമുക്ക് കഴിയും. നമ്മുടെ കുട്ടികളുടെ പ്രശ്നങ്ങൾ അവസാനിപ്പിക്കാൻ നമുക്ക് കഴിയും.' ഇത് യഥാർഥത്തിൽ ഇസ്‌ലാമികാധ്യാപനമാണ്. മറ്റുള്ളവർ അത് സ്വായത്തമാക്കുമ്പോൾ മുസ്‌ലിംകൾ മറന്നുകൊണ്ടിരിക്കുന്നു.

ഈ പരിപാടിയിൽ ഒരു ജഡ്ജി ഹാരി ഷ്വാർട്ട്സ്(Harry Schwartz)സാഹിബും പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: 'ഈ ജമാഅത്തിനെക്കുറിച്ച് എനിക്ക് 25 വർഷമായിട്ടറിയാം. ഇവിടെത്തെ സ്വദർ സാഹിബുമായി പലവട്ടവും ഡിന്നറിന്റെ അവസരത്തിൽ വിവിധ വിഷയങ്ങളെക്കുറിച്ച് സംസാരിച്ചിട്ടുണ്ട്.' എന്റെ പ്രസംഗത്തിനുശേഷം അദ്ദേഹം പറഞ്ഞു: 'ഈ സന്ദേശം സ്നേഹത്തിന്റേയും മൈത്രിയുടേയും ഒത്തൊരുമയുടേയും സന്ദേശമാണ്. ഇതു മനസ്സിലാക്കുകയാണെങ്കിൽ, നമ്മളെല്ലാവരും നല്ല അവസ്ഥകളിൽ ആയിരിക്കുമെന്ന് ഞാൻ കരുതുന്നു.'

ഒരു ആഫ്രിക്കൻ-അമേരിക്കൻ മുസ്‌ലിം പറയുന്നു: ഇവിടെ മസ്ജിദ് വളരെ അത്യാവശ്യമായിരുന്നു. ഇതു വളരെ നല്ല സെന്ററായിത്തീർന്നു. പരിസ്ഥിതി നന്നാക്കുന്നതിന് പത്തുവർഷമെടുക്കുമെന്ന് പറയാറുണ്ട്. പക്ഷേ, ഞാൻ രണ്ടുവർഷംകൊണ്ട് സമൂഹം നന്നായതായി കണ്ടു. ഇതിൽനിന്ന് മനസ്സിലാകുന്നത് താൽപര്യമുണ്ടെങ്കിൽ കൂടിച്ചേർന്ന് പണിയെടുക്കാൻ കഴിയുമെന്നാണ്.' എന്റെ പ്രസംഗത്തിനുശേഷം പറഞ്ഞു: 'ഇതൊരു അത്ഭുതകരമായ സന്ദേശമാണ്. നിങ്ങളുടെ ഓരോ കാര്യവും മനസ്സിനെ സ്പർശിച്ചു.' ഇദ്ദേഹം അഹ്മദിയല്ല; മുസ്‌ലിമായതാണ്.

ഒരു ആഫ്രിക്കൻ-അമേരിക്കൻ വനിത പറയുന്നു: 'പ്രസംഗത്തിൽനിന്ന് എനിക്ക് ഒരുപാട് പഠിക്കാൻ കഴിഞ്ഞു. നമ്മൾ അതിനെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. നമ്മൾ ഇക്കാര്യങ്ങൾ അനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ നമ്മൾ തീർച്ചയായും നേരായ പാതയിലാണ്.' ഇവരും അഹ്മദിയല്ല.

മറ്റൊരു സ്ത്രീയാണ് ഹാനിയ്യ(Haniyyah) സാഹിബ. അവർ പറയുന്നു: 'ഏതൊരു സന്ദേശമാണോ താങ്കൾ നല്കിയത് അതുമുഖേന ഇസ്‌ലാമിന്നെതിരിൽ പ്രചരിപ്പിക്കപ്പെടുന്ന തെറ്റുധാരണകൾ അകലുന്നതായിരിക്കും. ഇവിടെ മുസ്‌ലിംകളുടെ ഒരു സെന്റർ ഉണ്ടായതിൽ വളരെ സന്തോഷമുണ്ട്. ജനങ്ങളിൽ ഇസ്‌ലാമിന്നെതിരിൽ ഏകപക്ഷീയതയുണ്ട്; അത് അടിമുടി തെറ്റാണ്. താങ്കളുടെ സന്ദേശം വളരെ ശക്തമായിരുന്നു. ഈ സന്ദേശം ഏറ്റവും കൂടുതൽ പ്രചരിപ്പിക്കുകയും അമേരിക്കക്കാർ ഇസ്‌ലാമിന്റെ യാഥാർഥ്യം അറിയുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുകയാണ്.'

ഒരു തദ്ദേശ കൗൺസിലർ മസ്ജിദിന്റെ ഉദ്ഘാടനത്തിലെ റിസപ്ഷനിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: 'നിങ്ങളുടെ സമാധാന സന്ദേശം വളരെ അത്യാവശ്യമായിരുന്നു. പ്രത്യേകിച്ചും വർത്തമാനകാലത്തിന്റെ അവസ്ഥകളിൽ ഈ സന്ദേശം വളരെയേറെ പ്രാധാന്യമർഹിക്കുന്നു. ഇവിടെയുള്ള എന്റെ വരവ് എനിക്കുള്ള ബഹുമതിയാണ്. ഞാൻ ഈ മസ്ജിദിനെ എന്റെ മുമ്പിൽ നിർമിച്ചതുകണ്ടു. ഇവിടെ ഈ മസ്ജിദിന്റെ സ്ഥാപനം ഈ പ്രദേശത്തിന് വളരെയേറെ അനുഗ്രഹത്തിന് നിമിത്തമാണ്. അയൽവാസികളുടെ ആവശ്യം നിറവേറ്റുന്നതിന് അവരുടെ തോളോടുതോൾ ചേർന്ന് നില്ക്കുന്നതായിരിക്കുമെന്ന താങ്കൾ നല്കിയ സന്ദേശം ഞാൻ വിചാരിക്കുന്നത് ഫിലാഡൽഫിയായിൽ മാത്രമല്ല, മുഴുവൻ അമേരിക്കയ്ക്കും ഈ സന്ദേശം ആവശ്യമുണ്ടെന്നാണ്.'

ഒരു ഫലസ്തീൻ മുസ്‌ലിം സ്ത്രീ പങ്കെടുത്തിരുന്നു. അവർ പറയുന്നു: 'നിങ്ങളുടെ സന്ദേശം വളരെ പ്രധാനപ്പെട്ടതായിരുന്നു. എന്റെ ബന്ധം ഫലസ്തീനിലെ ഒരു ചെറിയ ഗ്രാമവുമായിട്ടാണ്. ഞാൻ എന്റെ കുട്ടിക്കാലത്ത് പഠിച്ചിരുന്ന ആ യഥാർഥ അധ്യാപനം ഇന്ന് അങ്ങയുടെ പ്രസംഗത്തിൽ കാണാൻ കഴിഞ്ഞു. ഇപ്പറഞ്ഞതാണ് യഥാർഥ ഇസ്‌ലാം. നമ്മൾ ഏതു കക്ഷിയുമായി ബന്ധപ്പെട്ടവരാണെങ്കിലും സമാധാനത്തിനുവേണ്ടി ഒന്നിച്ച് പ്രവൃത്തിക്കേണ്ടത് നമ്മുടെ നിർബന്ധകടമയാണ്.' വീണ്ടും പറയുന്നു: 'താങ്കൾ യഥാർഥമായ നിലയിൽ സകല മുസ്‌ലിം കമ്മ്യൂണിറ്റികളുടേയും പ്രാതിനിധ്യം വഹിച്ചു.' ഇതാണ് ആ സൽപ്രകൃതക്കാരായവരുടെ അഭിപ്രായം. പക്ഷേ, ബാക്കിയുള്ള മുസ്‌ലിംകളും അഹ്മദിയ്യാ ജമാഅത്തുതന്നെയാണ് യഥാർഥത്തിൽ ഇസ്‌ലാമിന്റെ പ്രാതിനിധ്യം വഹിക്കുന്നതെന്ന കാര്യം മനസ്സിലാക്കിയിരുന്നെങ്കിൽ!

ഒരു വനിത ടീച്ചർ പറയുന്നു: 'അങ്ങയുടെ സമാധാനസന്ദേശം ഗംഭീരമായിരുന്നു. ഞാൻ കത്തോലിക്ക വിശ്വാസിയാണെങ്കിലും ഓരോരോ വാക്കിനോടും ഞാൻ യോജിക്കുന്നു. ഇസ്‌ലാം സമാധാന സന്ദേശമാണ് നല്കുന്നതെന്ന് ഞാനുറപ്പായും പറയുന്നു. ഇസ്‌ലാം മാനവസേവ പഠിപ്പിക്കുന്നു.'

തന്റെ യൂണിവേഴ്സിറ്റിയുടെ പ്രാതിനിധ്യം വഹിച്ചെത്തിയ ഒരു പ്രൊഫസർ പറയുന്നു: 'അങ്ങ് ഈ നഗരവാസികൾക്ക് സൽഭാവനകൾ നേർന്നു. വർത്തമാനകാലവുമായിട്ടല്ല അതിന്റെ ബന്ധം മറിച്ച് ഭാവികാലവുമായിട്ടാണ്. ഒരു കാര്യം ഞാൻ നിങ്ങളിൽ കണ്ടു. നിങ്ങൾ വർത്തമാനകാലത്തെക്കുറിച്ച് മാത്രമല്ല പറയുന്നത്. മറിച്ച് നിങ്ങളുടെ ദൃഷ്ടി ഭാവികാലത്തിലാണ്.' പിന്നീട് അദ്ദേഹം വളരെ നല്ല വാക്കുകളിൽ പ്രസംഗത്തെ പ്രശംസിച്ചു. അദ്ദേഹം പറയുന്നു: 'താങ്കൾ ഇവിടെ ഒരു വിത്തിട്ടിരിക്കുകയാണ്.

## തിരുത്ത്

ബദ്ർ വാല്യം 3, ലക്കം 50, പേജ് 3-ൽ '2018 നവംബർ 16 ന് ഹുദൂർ ചെയ്ത ഖുത്ബ' എന്നാണ് കൊടുത്തിട്ടുള്ളത്. ആ ഖുത്ബ '2018 ആഗസ്റ്റ് 31 ന്' ഹുദൂർ ചെയ്ത ഖുത്ബയാണ്. തെറ്റു സംഭവിച്ചതിൽ ഖേദിക്കുന്നു. (പത്രാധിപർ)

അതിനെ നോക്കി സംരക്ഷിക്കേണ്ട ജോലി ഇനി ഞങ്ങളുടേതാണ്; അതിനെ വളർത്തണം. അതിനെ സാഹോദര്യത്തിന്റേയും സ്നേഹത്തിന്റേയും കരുത്തുറ്റ വൃക്ഷമാക്കി മാറ്റണം.'

ഒരു സ്ത്രീ തന്റെ വികാരങ്ങൾ പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു: 'ഞങ്ങൾ നിങ്ങളുടെ കണ്ണീരൊപ്പുമെന്ന് താങ്കൾ പറയുകയുണ്ടായി. എത്ര പേർക്കാണ് ഇങ്ങനെ പറയാൻ കഴിയുക. ഇത് വളരെ അത്ഭുതമുളവാക്കുന്നതാണ്. എനിക്കെന്റെ വികാരങ്ങൾ അടക്കാൻ കഴിയുന്നില്ല. തന്റെ സന്ദേശം നല്കുന്നതിന് ഉച്ചത്തിലും ആവേശത്തോടും പ്രസംഗിക്കേണ്ട ആവശ്യമില്ല. താങ്കൾ വളരെയേറെ സ്നേഹത്തിന്റേയും പ്രീതിയുടേയും രീതിയിലാണ് ആ സന്ദേശം നല്കിയത്.' ദരിദ്രരെ സഹായിക്കുന്നതിന് ഞങ്ങൾ എപ്പോഴും തയ്യാറായിരിക്കുമെന്ന് പ്രസംഗത്തിൽ ഞാൻ പറഞ്ഞിരുന്നു; ആരെങ്കിലും പ്രയാസത്തിലാണെങ്കിൽ അവരുടെ കണ്ണീരൊപ്പാൻ ഞങ്ങളുണ്ടായിരിക്കും.

ഒരു അനഹ്മദി ഇമാം സാഹിബും ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: 'അഹ്മദികളുമായിട്ടുള്ള എന്റെ ആദ്യത്തെ ബന്ധം ഉണ്ടായത് ജമാഅത്ത് പ്രസിദ്ധീകരിച്ച വിശുദ്ധഖുർആന്റെ തർജമ കാരണത്താലായിരുന്നു.' അദ്ദേഹത്തിന്റെ പക്കലുള്ള ഈ തർജമ മുഹമ്മദലി സാഹിബിന്റേതാണ്. വീണ്ടും പറയുന്നു: 'താങ്കളുടെ സന്ദേശം വളരെ നല്ലതായിരുന്നു. ഞാൻ നൂറുശതമാനവും അങ്ങയോടു യോജിക്കുന്നു. ഇതാണ് നമ്മുടെ മതദൗത്യവും ഉദ്ദേശ്യവും. നമ്മളെല്ലാം ആദമിന്റെ മക്കളാണ്. നമ്മൾ പരസ്പരം ജീവിതനിലവാരം ഉയർത്തുന്നതിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കേണ്ടതാണ്. നമ്മളെല്ലാവരും ചേർന്നുകൊണ്ട് നബി(സ) തിരുമേനിയുടെ യഥാർഥ സന്ദേശം പ്രചരിപ്പിക്കേണ്ടതാണ്.' ഇതദ്ദേഹത്തിന്റെ പറച്ചിൽ മാത്രം ആയിരിക്കാതെ പ്രാവർത്തികമാക്കാൻ അല്ലാഹു തുണയ്ക്കുമാറാകട്ടെ.

അടുത്തദിവസം ബാൽട്ടിമോറി(Baltimore)ലെ മസ്ജിദിന്റെ ഉദ്ഘാടനം നടന്നു. ആ മസ്ജിദിന്റെ പേര് 'ബയ്ത്തുസ്സമദ്' എന്നാണ്. ഇതും ഒരു ചർച്ചിന്റെ ബിൽഡിംഗായിരുന്നു; നമ്മൾ വാങ്ങിയതാണ്. അത് ശരിയാക്കി മസ്ജിദാക്കി മാറ്റുകയായിരുന്നു. സന്ദർഭവശാൽ ഏകദേശം 99.9% ഖിബ്‌ലയ്ക്ക് അഭിമുഖമായാണ് ഈ കെട്ടിടമുണ്ടായിരുന്നത്. അതുകൊണ്ട് മാറ്റിനിർമിക്കേണ്ട ആവശ്യം വന്നില്ല. അവിടെ ഞാൻ അതിനെ സംബന്ധിച്ച് ഒന്നും പറഞ്ഞിരുന്നില്ല. അതുകൊണ്ട് ഈ മസ്ജിദിനെ കുറിച്ച് ചിലത് വിവരിക്കുകയാണ്. അത് വാങ്ങാൻ 20 ലക്ഷം ഡോളർ ചെലവായി. അതിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും വെവ്വേറെ ഹാളുകളുണ്ട്. അവയിൽ നാന്നൂറ് പേർക്ക് നമസ്കരിക്കാം. അതിനു പുറമെ ഓഫീസുകളുണ്ട്. ലൈബ്രറിയുണ്ട്. ക്ലാസ്റൂമുകളുണ്ട്. കൊമേഷ്യൽ കിച്ചനുണ്ട്. ഡൈനിംഗ് ഹാൾ തുടങ്ങിയവയുമുണ്ട്. ഹൈവേയിലാണ് ഈ മസ്ജിദ് സ്ഥിതി ചെയ്യുന്നത്. ഈ ഹൈവേയിലൂടെ നിത്യവും ഏകദേശം നാൽപത്തിഅയ്യായിരം വാഹനങ്ങൾ കടന്നുപോകുന്നു.

ബാൽട്ടിമോറിലെ മേയർ റിസപ്ഷനിൽ പങ്കെടുത്തിരുന്നു. അവർ പറയുന്നു: 'താങ്കൾ സമാധാനത്തെ സംബന്ധിച്ചാണ് സംസാരിച്ചത്. ഇക്കാലത്ത് ആവശ്യമായിട്ടുള്ള സന്ദേശമാണിത്. നമ്മുടെ നഗരത്തിൽ മാത്രമല്ല പ്രത്യുത നമ്മുടെ സ്റ്റേറ്റിലും മുഴുവൻ യു.എസ്.എയിലും മുഴുലോകത്തും ഈ സന്ദേശം അത്യന്താപേക്ഷിതമാണ്. ഈ സന്ദേശം എല്ലാവരും കേൾക്കേണ്ടതാണെന്ന് ഞാൻ മനസ്സിലാക്കുന്നു. നമ്മൾ കേൾക്കുകയാണെങ്കിൽ, ലോകത്തിന്റെ പ്രശ്നങ്ങൾക്കുള്ള ഏക പരിഹാരം സമാധാനം തന്നെയാണെന്നും നമ്മൾ പരസ്പരം സ്നേഹിക്കാൻ പഠിക്കണമെന്നും മനസ്സിലാകും.'

ഇവിടെ ബാൽട്ടിമോറിലെ ഒരു യൂണിവേഴ്സിറ്റി പ്രൊഫസർ തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'നമുക്കിടയിൽ അഭിപ്രായവ്യത്യാസങ്ങൾ ഉള്ളതിനോടൊപ്പംതന്നെ നമ്മളിൽ ഒരുപാട് കാര്യങ്ങൾ സംയുക്തമായിട്ടുള്ളതുമുണ്ട്. ഇവിടെ നല്കപ്പെട്ട അത്ഭുതകരമായ സന്ദേശം മുഖേന നമുക്ക് സമൂഹത്തിൽ സുപ്രധാന മാറ്റം ഉണ്ടാക്കാൻ കഴിയുന്നതാണ്. നമ്മൾ പരസ്പരം ചേർന്നുകൊണ്ട് പ്രവൃത്തിക്കേണ്ടതാണ്. പരസ്പരം ആദരിക്കേണ്ടതാണ്. യു.എസ്.എ യുടെ അന്തരീക്ഷത്തിൽ ഈ സന്ദേശം വളരെ പ്രധാനപ്പെട്ടതാണ്. അമേരിക്കക്കാരൻ എന്ന നിലയിൽ നമുക്കുവേണ്ടി മാത്രമല്ല പ്രത്യുത നമ്മുടെ മക്കൾക്കുവേണ്ടിയും പണിയെടുക്കണം. സമൂഹത്തിൽ എല്ലാവരും കൂടിച്ചേർന്ന് മുന്നോട്ടുപോകേണ്ടതാണ്. അത്ഭുതകരമായ ഈ സന്ദേശം എന്നെ വല്ലാതെ ആകർഷിച്ചു.

ഡിസ്ട്രിക്ട് 48-ൽനിന്ന് ഒരു സ്റ്റേറ്റ് പ്രതിനിധി പങ്കെടുത്തിരുന്നു. അവർ പറയുന്നു: 'ഈ സന്ദേശം കേട്ട് ഞാൻ വളരെ ആകർഷിതയായി; പ്രത്യേകിച്ചും മുസ്‌ലിംകളെ സംബന്ധിച്ച് സമൂഹത്തിൽ ആശങ്ക നിലനില്ക്കുമ്പോൾ! ഈ രാജ്യത്ത് വംശീയമായ അടിത്തറകളിൽ വിവേചനമുണ്ട്. ഈ അവസ്ഥകളിൽ താങ്കൾ ഞങ്ങളുടെ ഉത്തരവാദിത്വത്തെ കുറിച്ച് പറഞ്ഞതിൽ ഞാൻ വളരെ സന്തോഷിക്കുന്നു. എല്ലാവരേയും സ്നേഹിക്കാനും ആരേയും വെറുക്കാതിരിക്കാനും താങ്കൾ ഞങ്ങളോടു പറഞ്ഞു. ഇക്കാര്യങ്ങളാണ് നമുക്ക് ആവശ്യമായിട്ടുള്ളത്. സ്നേഹത്തിലും ശാന്തിയിലും നീതിയിലും ബാൽട്ടിമോർ ഉന്നതമായ മൂല്യങ്ങൾ കരസ്ഥമാക്കേണ്ട ആവശ്യമുണ്ട്.' അവരുടെ ഭർത്താവും പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: 'ഇത് ഞങ്ങൾക്കുള്ള വളരെ പ്രധാനപ്പെട്ട സന്ദേശമാണെന്ന് എന്റെ ഭാര്യ പറഞ്ഞു കഴിഞ്ഞു.' വീണ്ടും പറയുന്നു: 'ഞങ്ങൾ എത്ര പരിശ്രമിച്ചാലും സമൂഹത്തിന്റെ ഉന്നമനത്തിനായി എത്ര പറഞ്ഞാലും അതിന്റെ സ്വാധീനം അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ സാന്നിധ്യത്തിൽ ഇവിടെ ഉണ്ടായത്ര ഒരിക്കലും ഉണ്ടാകുമായിരുന്നില്ല. മുസ്‌ലിം കമ്മ്യൂണിറ്റി ഇവിടെ മാത്രമല്ല പ്രത്യുത യു.എസ്.എയിൽ അഹ്മദിയ്യാ ജമാഅത്ത് ഗംഭീരമായ പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നത്.'

ഒരു പാതിരി ഫാദർ ജോ(Father Joe)യും പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: 'താങ്കളുടെ പ്രഭാഷണത്തിനിടയിൽ ഞാൻ ഓരോരോ കാര്യങ്ങളോടും യോജിച്ചുകൊണ്ടുപോകുകയായിരുന്നു. കാരണം ഞാൻ ബാൽട്ടിമോറിൽ പലതവണ അഹ്മദിയ്യാ മസ്ജിദിൽ പോയിട്ടുണ്ട്. എന്തൊന്നാണോ താങ്കൾ പറഞ്ഞത് അത് കഴിഞ്ഞ കുറച്ചുവർഷങ്ങളായി രണ്ടാമത്തെ മസ്ജിദിൽ നടന്നുകൊണ്ടിരിക്കുന്നുവെന്ന് എനിക്കുറപ്പായും പറയാൻ കഴിയും. മസ്ജിദ് എല്ലാ മതക്കാർക്കുവേണ്ടിയും തുറന്നിട്ടിരിക്കുകയാണ്. ഞാൻ പലപ്രാവശ്യവും ജുമുഅക്ക് പോയിട്ടുണ്ട്. ഇപ്പറഞ്ഞ കാര്യങ്ങളെല്ലാം കർമപരമായി പ്രകടിപ്പിക്കുന്നുവെന്നതിന് ഞാൻ സാക്ഷിയാണ്. ഇക്കാര്യങ്ങൾ കേട്ട് എനിക്ക് ഏറെ സന്തോഷമുണ്ടായി. ഇവിടെ വിവിധ മതങ്ങളുമായി ബന്ധപ്പെട്ടവർ സംഘടിച്ചിരിക്കുന്നു. സമാധാനത്തിന്റെ കാര്യങ്ങൾ പറയുന്നു. ഇക്കാര്യമാണ് ഈ നഗരത്തിന്, അല്ല മുഴുവൻ ലോകത്തിനും ആവശ്യമായിട്ടുള്ളത്.'

ഒരു സ്ത്രീ തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറയുന്നു: 'എനിക്ക് ഈ പ്രസംഗത്തിൽ ഇക്കാലത്തുള്ള അവസ്ഥകൾ കാണുമ്പോൾ ഒരുപാട് പ്രധാനപ്പെട്ട സന്ദേശമുണ്ടായിരുന്നു. മുസ്‌ലിംകളുടേയും അമുസ്‌ലിംകളുടേയും ഇടയിൽ, വെളുത്തവനും കറുത്തവനുമിടയിൽ ഇവിടെ ധാരാളം മറകളുണ്ട്. ഈ എല്ലാ അകലത്തിനും നമുക്ക് പരിഹാരം അന്വേഷിക്കേണ്ടതാണ്. ഇത് പരസ്പരമുള്ള ആദരവോടെ മാത്രമേ സാധ്യമാകുകയുള്ളൂ. താങ്കൾ അയൽവാസികൾക്ക് കൊടുത്ത നിർവചനം, അയൽവാസികളോടു നല്ലരീതിയിൽ പെരുമാറണമെന്നുള്ള സന്ദേശം നല്കിയത്, എന്നെ സംബന്ധിച്ചിടത്തോളം ഗംഭീരമായിരുന്നു. ഈ സന്ദേശം കേട്ടതോടെ എനിക്ക് ഇസ്‌ലാമിനെ കുറിച്ച് കൂടുതൽ അറിയണമെന്ന താൽപര്യമുണ്ടായി. അങ്ങയ്ക്കു നന്ദി.'

41 ഡിസ്ട്രിക്ടിലെ ഒരു റെപ്രസന്റിറ്റീവ് ഓഫ് സ്റ്റേറ്റ്(Representative of State) ബിലാൽ അലി സാഹിബ് പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: 'താങ്കൾ നല്കിയ സന്ദേശത്തിന്റെ മുഴക്കം ഇവിടെ എല്ലാ അംഗങ്ങളിലും മുഴങ്ങിക്കൊണ്ടിരിക്കുന്നത് കേൾക്കാൻ കഴിയുന്നു. പരസ്പരം ഐക്യത്തിന്റേയും ഒത്തൊരുമയുടേയും സ്നേഹത്തിന്റേയും പ്രീതിയുടേയും അന്തരീക്ഷം സ്ഥാപിക്കുന്നതിന് ഈ സന്ദേശം വളരെ പ്രധാനപ്പെട്ടതാണ്. ഇസ്‌ലാമിന്നെതിരിലുള്ള വിദ്വേഷങ്ങൾ അകറ്റാൻ ഇത് ഒരുപാട് സഹായിക്കുന്നതാണ്.' വീണ്ടും പറയുന്നു: 'താങ്കൾ കൃത്യസമയത്ത് ധാരാളം പ്രശ്നങ്ങൾക്കുള്ള പരിഹാരം ഞങ്ങൾക്ക് പറഞ്ഞുതന്നു. പ്രത്യേകിച്ചും രാഷ്ട്രീയമായ നിലയിലുള്ള ജനങ്ങളുടെ വിവരണങ്ങളും ശ്രമങ്ങളും മുസ്‌ലിംകൾക്കെതിരിൽ വികാരങ്ങൾ തിളച്ചുകൊണ്ടിരിക്കുന്ന അവസ്ഥകളിൽ! താങ്കൾ ഇവിടെ വന്ന് ഇക്കാര്യങ്ങൾ സംബന്ധിച്ച് വളരെ നല്ല മാർഗനിർദേശങ്ങൾ നല്കി. അത്തരം അന്തരീക്ഷത്തിൽ യുക്തിഭരിതമായ തെളിവുകൾ നിറഞ്ഞ സന്ദേശം നല്കി. അത് ബുദ്ധിയുള്ള ആർക്കും നിഷേധിക്കാൻ സാധിക്കുകയില്ല. ഞാൻ സമൂഹത്തിൽ സമാധാനം സ്ഥാപിക്കാനുള്ള എളുപ്പമായ പരിഹാരം താങ്കളിൽനിന്ന് പഠിച്ചു; അത് സ്വന്തം വീടുകളിൽനിന്ന് തുടങ്ങുക എന്നതാണ്. അയൽവാസികളോടു നല്ലനിലയിൽ പെരുമാറുക എന്നതാണ്. ലോകം മുഴുവൻ മാറ്റേണ്ട ആവശ്യം നിങ്ങൾക്കില്ല. നിങ്ങളുമായി നിത്യവും ബന്ധം വെക്കുന്നവരിൽ സ്നേഹം വിതരണം ചെയ്യുക. അവരെ സേവിക്കുക. എന്നാൽ, മുഴുവൻ സമൂഹവും സമാധാനഭരിതമായിത്തീരുന്നതായിരിക്കും. ഇങ്ങനെയും എളുപ്പമായ ഒരു കുറിപ്പടി താങ്കൾ പറഞ്ഞു, സത്യത്തിലേക്ക് ക്ഷണിക്കാൻ ഇസ്‌ലാം പറയുന്നു. ഒന്നാമത്തേത് നിങ്ങളുടെ മാതൃക കൊണ്ടേ സത്യത്തിലേക്ക് ക്ഷണിക്കാൻ കഴിയുകയുള്ളൂ.' ഇവർ പറയുന്നു: 'ബാൽട്ടിമോറിൽ അവസ്ഥകളെ നേരിടുന്നതിന് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് രംഗത്ത് വന്നിരിക്കുകയാണ്. സമൂഹത്തിൽ ഒരു പോസിറ്റീവായിട്ടുള്ള പങ്കു വഹിക്കാൻ തങ്ങളുടെ ദൃഢരൂഢമായ നിശ്ചയം പ്രകടിപ്പിച്ചിരിക്കുന്നു. ഇത് വളരെയധികം അംഗീകാരാർഹമായ മാതൃകയാണ്.' ജമാഅത്തിന് അവിടെ അത്തരം മാതൃക കാഴ്ചവെക്കാൻ അല്ലാഹു തൗഫീഖും നല്കുമാറാകട്ടെ.

പ്രസ്ബൈറ്റേറിയൻ ചർച്ചി(Presbyterian Church)ൽ മിനിസ്റ്ററായ മശ്അൽ(Michelle) സാഹിബ പറയുന്നു: 'വളരെ നല്ല സന്ദേശമായിരുന്നു. താങ്കൾ പരസ്പരം ഐക്യത്തിനും മൈത്രിയ്ക്കും വേണ്ടി ശക്തിചെലുത്തി. ഭയം അവസാനിപ്പിച്ച് സ്നേഹം സ്ഥാപിക്കാൻ പറഞ്ഞു. ഈ സന്ദേശം വളരെ പ്രാധാന്യം ഉൾക്കൊള്ളുന്നു. മസ്ജിദ് സ്ഥാപിക്കുന്നതിന്റെ

ഉദ്ദേശ്യങ്ങൾ താങ്കൾ വിവരിച്ചു. ഇതു വളരെ നല്ലതാണ്. അയൽവാസികളോടുള്ള കടമകളെ കുറിച്ചും പറഞ്ഞു. എന്നെ സംബന്ധിച്ചിടത്തോളം ഇതെല്ലാം പുതിയ കാര്യങ്ങളാണ്. ക്രൈസ്തവമതത്തിൽ നല്കിയിരിക്കുന്ന അതേ കാര്യങ്ങളാണ് ഇവിടേയുമുള്ളതെന്ന് എനിക്ക് ഇന്ന് മനസ്സിലായി. എന്നാൽ, മാധ്യമങ്ങൾ ഇസ്ലാമിനെക്കുറിച്ച് മറ്റൊരു കാര്യമാണ് അവതരിപ്പിക്കുന്നത്.'

ഒരു ചരിത്രകാരൻ(Historian) ഡോക്ടർ ഫാതിമ പറയുന്നു: 'എന്റെ സ്പെഷ്യലൈസേഷൻ യു.എസ്.എയിൽ ഇസ്ലാം' എന്നതാണ്. ഇതു സംബന്ധമായി ഞാൻ യു.എസ്.എയിൽ ഇസ്ലാമിക ചരിത്രത്തിൽ ഒരുപാട് ജോലി ചെയ്തിട്ടുണ്ട്. ഞാൻ മതപരമായ സ്കോളറൊന്നുമല്ല. മറിച്ച്, ചരിത്രകാരിയാണ്. ഇതുസംബന്ധമായി താങ്കൾ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബ് ഇക്കാലഘട്ടത്തിൽ ഇസ്ലാമിനെ പരിഷ്കരിച്ചു എന്നു പറയുകയുണ്ടായി. എന്റെ മനസ്സ് ഇപ്പോൾ അതിലാണുള്ളത്. ഞാൻ ഇനി ഇതുസംബന്ധമായി കൂടുതൽ അന്വേഷിക്കുന്നതാണ്. ഇതറിഞ്ഞ് എനിക്ക് വളരെ സന്തോഷമുണ്ടായി. ഇനി എന്റെ അന്വേഷണത്തിന്റെ അച്ചുതണ്ട് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) മാത്രമായിരിക്കുകയില്ല. പ്രത്യുത അവിടത്തെ രചനകളും നിർദേശങ്ങളുമായിരിക്കും; അതുമുഖേനയാണല്ലോ അദ്ദേഹം ഇതിനെ പുനരുജ്ജീവിപ്പിച്ചത്. താങ്കളുടെ സന്ദേശം അത്ഭുതകരമായ സന്ദേശമാണ്. താങ്കൾ ഇസ്ലാമിക സൽപെരുമാറ്റത്തെ, മറ്റു മതങ്ങൾ വരെ മാത്രം പരിമിതപ്പെടുത്തിയില്ല. പ്രത്യുത അന്യമതങ്ങളുടെ അനുയായികളോടും സൽസ്വഭാവത്തോടെ പെരുമാറാൻ നിർദേശിച്ചു.' വീണ്ടും പറയുന്നു: 'വർഗവർണ മതജാതീയ വ്യത്യാസമൊന്നും കൂടാതെ നമ്മളെല്ലാം ഒറ്റക്കെട്ടായി മനുഷ്യകുലത്തിന്റെ ക്ഷേമത്തിന് വേണ്ടി പണിയെടുക്കുക എന്നതാണ് താങ്കളുടെ വീക്ഷണം. എത്ര നല്ല സന്ദേശമാണിത്. മുസൽമാൻ എന്ന നിലയിൽ നമ്മെ സംശയദൃഷ്ടിയോടെ ജനങ്ങൾ നോക്കുന്നത്. അതുകൊണ്ട് ഒരു മുസൽമാൻ ഇസ്ലാമികാധ്യാപനം വിവരിക്കുക എന്നത് ഉത്തമമായൊരു ചുവടുവയ്പാണ്.'

അതിനുശേഷം വെർജീനിയാ(Virginia)യിലെ മസ്ജിദിന്റെ ഉൽഘാടനം നടന്നു. അതിന്റെ പേര് 'മസ്ജിദ് മസ്റൂർ' എന്നാണ്. നവംബർ മൂന്നിനായിരുന്നു ഇതിന്റെ ഉൽഘാടനം. ഇതും ഒരു ചർച്ചിന്റെ കെട്ടിടമായിരുന്നു; അത് നമ്മൾ വാങ്ങിയതാണ്. മൊത്തം ഏരിയ 17.6 ഏക്കറാണ്. അഞ്ചുമില്യൺ ഡോളറിനാണ് ഇത് വാങ്ങിയത്. ഇതിന്റെ റീന്യൂവേഷൻ നടത്തിയവയിൽ അല്പം മാറ്റം വരുത്തിയതിന് കൂടുതൽ എഴുപത്തിയയ്യായിരം ഡോളർ ചെലവായി. ഇതും ഏകദേശം ഖിബ്ലയ്ക്ക് അഭിമുഖമായി നില്ക്കുന്ന കെട്ടിടമാണ്. ഇതിന്റെ മേൽത്തട്ടുള്ള ഭാഗം ഇരുപത്തിരണ്ടായിരത്തി നാന്നൂറ്റി മൂന്ന് ചതുരശ്ര അടിയാണ്. പുരുഷന്മാർക്കും സ്ത്രീകൾക്കും വെവ്വേറെ ഹാളുകളുണ്ട്. ഇവയിൽ 650 ആളുകൾക്ക് നമസ്കരിക്കാവുന്നതാണ്. ഇതിനുപുറമെ പതിനൊന്ന് മുറിയുണ്ട്. അത് ഓഫീസുകളായി ഉപയോഗിക്കുന്നതായിരിക്കും. ഒരു ലൈബ്രറിയുണ്ട്. ഒരു കോൺഫ്രൻസ് ഹാളുമുണ്ട്. ഒരു കൊമേഷ്യൽ കിച്ചണുമുണ്ട്.'

യു.എസ്. റിപ്പബ്ലിക്കൻ സെനറ്റിന്റെ സ്ഥാനാർഥിയാണ് ഇവിടത്തെ ഒരു സുഹൃത്ത് കോറീ സ്റ്റെവാർട്ട്(Corey Stewart). അദ്ദേഹം പറയുന്നു:'ഞാൻ കേട്ട പ്രഭാഷണം ഹൃദയഹാരിയും യുക്തിഭരിതവുമായിരുന്നു. അമേരിക്കയും മുഴുലോകവും 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്ന സന്ദേശം ശ്രദ്ധയോടെ കേൾക്കേണ്ടതാണ്. അതനുസരിച്ച് പ്രവൃത്തിക്കേണ്ടതാണ്. പ്രത്യേകിച്ചും ലോകത്തിന്റെ അവസ്ഥകൾ നല്ലതല്ലാത്ത ഇക്കാലത്ത്! മതസ്വാതന്ത്ര്യം പ്രചരിപ്പിക്കുക എന്നത് അങ്ങേയറ്റം നിർബന്ധമാണ്. അതുകൊണ്ട് ഈ മസ്ജി ദ് നമുക്ക് അന്തസ്സിന് കാരണമാണ്. കാരണം നിങ്ങൾ രാജ്യത്തിനുവേണ്ടി ഒരുപാട് കാര്യങ്ങൾ ചെയ്യുന്നുണ്ട്.'

വെർജീനിയായിലെ സെനറ്റ് സ്ഥാനാർഥി (Senet Candidate) മാറ്റ് വാട്ടേഴ്സ് (Matt Waters)എന്ന അതിഥി പറയുന്നു: 'ഞാൻ പ്രഭാഷണം കേട്ടു. ഇനി ഞാൻ കൂടുതൽ പഠിക്കുന്നതാണ്. ഇന്റർനെറ്റിൽനിന്ന് വിവരങ്ങളെടുക്കും. കൂടുതൽ ഇസ്ലാമിനെ കുറിച്ച് പഠിക്കുന്നതിന് നിങ്ങളുടെ മസ്ജിദിൽ വരാൻ ആഗ്രഹിക്കുന്നു.' ഒരു ക്രൈസ്തവ അതിഥി പറയുന്നു: 'ഈ സന്ദേശം വർത്തമാനകാല അവസ്ഥകൾ അനുസരിച്ചുള്ളതാണ്. ഇത് വളരെ ആവശ്യമായിരുന്നു. ഞാൻ സമാധാന സന്ദേശം കേട്ടു. വളരെ ആകർഷിതനായി-അത്ഭുതപ്പെട്ടു.'

51 ഡിസ്ട്രിക്റ്റിൽനിന്നുള്ള വെർജീനിയായിലെ ഡലിഗേറ്റ് പറയുന്നു: 'സന്ദേശം വളരെയേറെ അത്ഭുതാവഹമായിരുന്നു. പ്രത്യേകിച്ചും യു.എസ്.എയിലെ നിലവിലെ അവസ്ഥകളിൽ ഇതു വളരെ ഗംഭീരമായിരുന്നു. അങ്ങയുടെ സന്ദേശം സമാധാനത്തിന്റേതായിരുന്നു. ഐക്യത്തിന്റേതായിരുന്നു. തങ്ങളേക്കാൾ മറ്റുള്ളവരെ മുന്തിക്കണമെന്ന് താങ്കൾ പറഞ്ഞു. നിസ്വാർഥരായി സേവനം ചെയ്യുക. ഇക്കാലത്തെ രാഷ്ട്രീയ ചുറ്റുപാടിൽ നമുക്ക് അത്തരം സന്ദേശത്തിന്റെ ആവശ്യമാണുള്ളത്. മറ്റുള്ളവർക്ക് തങ്ങളുടെമേൽ ശ്രേഷ്ഠത കല്പിക്കുക എന്നത് ഒരു വളരെ നല്ലതും ആത്മീയത നിറഞ്ഞതുമായ സന്ദേശമാണ്. സ്വന്തം അയൽവാസികളെ സഹായിക്കുക. മറ്റുള്ളവരുടെ സൗഖ്യത്തിന് സ്വന്തം സൗഖ്യത്തേക്കാൾ മുൻഗണന നൽകുക വളരെ മഹത്തായതാണ്. സ്വന്തം ഈഗോയ്ക്ക് ശ്രേഷ്ഠത നല്കപ്പെടുന്ന അവസരങ്ങളിൽ അവിടന്ന് പറഞ്ഞു മറ്റുള്ളവർക്ക് ശ്രേഷ്ഠത നല്കുക.'

ഒരു അതിഥി അലക്സ് കീസെ(Alex Keiseh) പറയുന്നു: 'ഞാൻ വലിയ ആകർഷിതനായിരിക്കുകയാണ്. ഹോളോ കാസ്റ്റ് സർവൈവർ എന്നതിന്റെ അടിസ്ഥാനത്തിലും ഞാൻ വികാരാധീനനായിപ്പോയി. സന്ദേശം വളരെ ആകർഷണീയമായിരുന്നു. താങ്കളുടെ ഓരോ വാക്കും എന്റെ ആത്മാവിലോളം ഇറങ്ങിച്ചെന്നു. വെറുപ്പുമായി നമുക്ക് പോരാടാൻ കഴിയുകയില്ലെന്നതിന്റെ അടിസ്ഥാനത്തിലും താങ്കളുടെ സന്ദേശം യുക്തിനിർഭരമായിരുന്നു; വെറുപ്പിനെ അകറ്റാൻ ഒരേയൊരു വഴിയേയുള്ളൂ; സ്നേഹം സ്ഥാപിക്കുന്നതിനുവേണ്ടി പോരാടുക എന്നതാണത്. വെറുപ്പിനെ സ്നേഹം കൊണ്ട് ഇല്ലാതാക്കുക. ഈ സ്നേഹം എല്ലാ മതങ്ങളുടെ ഇടയിലും ഉണ്ടാകേണ്ടതാണ്. അത്തരം സ്നേഹത്തിന്റെ ധാരാളം ഉദാഹരണങ്ങൾ നമ്മുടെ സമൂഹത്തിലുണ്ട്; നിങ്ങളുടെ ഈ പ്രോഗ്രാം പോലെതന്നെ. പക്ഷേ, ഈയിടെയായി മാധ്യമങ്ങളിൽ കാണാൻ കഴിയുന്നത്- വളരെ ന്യൂനപക്ഷമായ വഴി പിഴപ്പിക്കുന്നവരെ- മാധ്യമങ്ങൾ പെരുപ്പിച്ച് അവതരിപ്പിക്കുന്നതാണ്. അതിനുപകരം നമുക്ക് സ്നേഹം പ്രചരിപ്പിക്കേണ്ടതാണ്. ഇദ്ദേഹം വികാരഭരിതനായിരുന്നു. പിന്നീട് എന്നെ കണ്ടപ്പോഴും ആദ്യം അല്പം വികാരാധീനനായി. അതിനുശേഷം സന്ദേശം തന്നിൽ വലിയ സ്വാധീനം ചെലുത്തി എന്നു പറഞ്ഞ് തുടരെ കരഞ്ഞുകൊണ്ടിരുന്നു.'

ന്യൂജേഴ്സിയിൽ സർജിക്കൽ കോഓർഡിനേറ്ററായ ശനീൻ സാഹിബ പറയുന്നു: 'ഇസ്ലാമിന്റെ മനോഹരമായ അധ്യാപനത്തെക്കുറിച്ച് വീണ്ടും പറയപ്പെട്ടു. കുറച്ച് വ്യക്തികളുടെ ദോഷകരമായ പ്രവർത്തനംകൊണ്ട് മതത്തെ മുഴുവൻ ആക്ഷേപിക്കരുത്. അത് അക്രമത്തേക്കാൾ ഒട്ടും കുറവല്ല.' അവർ പറയുന്നു: 'ഞങ്ങളുടെ ഇവിടെ അമേരിക്കയിൽ നിത്യവും എന്തെങ്കിലുമൊക്കെ അപകടമോ സംഭവമോ ഉണ്ടാകാറുണ്ട്. എന്നാൽ, അതിന് മുഴുവൻ മതത്തെയും തെറ്റുകാരാക്കുന്നത് തെറ്റാണ്.'

പോലീസ് വകുപ്പിൽ കഴിഞ്ഞ 40 വർഷമായി ജോലി ചെയ്തുകൊണ്ടിരിക്കുന്ന ഒരു അതിഥി പറയുന്നു: 'ഈ സന്ദേശം മുഴുലോകത്തിനും വേണ്ടിയുള്ളതായിരുന്നു. ഇതിൽ സമാധാനത്തേയും ശാന്തിയേയും പ്രീതിയേയും സ്നേഹത്തേയും അവകാശങ്ങളേയും സംബന്ധിച്ച് ആവശ്യത്തിനനുസരിച്ച് ഉപദേശം നല്കപ്പെട്ടു. ഞങ്ങളുടെ ഈ സ്ഥലത്ത് വിവിധ വർഗവർണങ്ങളിൽപെട്ട നാലു ലക്ഷത്തിഅറുപതിനായിരമാളുകൾ വസിക്കുന്നു. ഇന്നത്തെ സന്ദേശത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് അയൽവാസികളോടുള്ള കടമകളായിരുന്നു.'

Criminologistഉം എഴുത്തുകാരിയും പി. എച്ച്ഡി ചെയ്തിട്ടുള്ളതുമായ ഒരു വനിതാ ഡോക്ടർ കിംബർലെ(Kimberly)പറയുന്നു: 'ഇന്നത്തെ പ്രഭാഷണത്തിൽ ശാന്തിയേയും നീതിയേയും സംബന്ധിച്ച് അഗാധമായ സന്ദേശങ്ങൾ കേൾക്കാൻ കഴിഞ്ഞു. വർഗവർണ വ്യത്യാസമൊന്നും കൂടാതെ എല്ലാവരും ഈ സന്ദേശമനുസരിച്ച് ഐക്യത്തിന്റെ അന്തരീക്ഷം സ്ഥാപിക്കേണ്ടതായി വരും. ഇന്നത്തെ പ്രഭാഷണത്തിൽ അവിടന്ന് ഇസ്ലാമിന്റെ യഥാർഥ രൂപം മുന്നിൽ കൊണ്ടുവന്നുവെച്ചു. ഇതിന്റെ ചുരുക്കം ശാന്തിയുടേയും നീതിയുടേയും സമത്വത്തിന്റേയും അന്തരീക്ഷം ഉണ്ടാക്കുക എന്നതാണ്.' പിന്നീട് അവർ തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് വികാരഭരിതയായി നിറഞ്ഞകണ്ണുകളോടെ പറഞ്ഞു: 'ഇന്ന് അക്രമത്തിന്റേയും ബലാൽക്കാരത്തിന്റേയും പ്രകടനം കാണിക്കുന്നവർക്കും മതത്തിന്റെ പേരിൽ നമ്മുടെ കമ്മ്യൂണിറ്റികളിലും രാജ്യത്തും കുഴപ്പങ്ങൾ പരത്തുന്നവർക്കും മതവുമായി ഒരു ബന്ധവുമില്ല. ഇതറിഞ്ഞിരിക്കേണ്ടത് ഓരോ മനുഷ്യനും നിർബന്ധമാണ്.'

ലോറൈൻ(Lorraine)സാഹിബ തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: മുപ്പതുവർഷമായി ഞാൻ ഈ പ്രദേശത്തുണ്ട്. ഇവിടെ മാറിവന്ന അവസ്ഥകൾ കണ്ടു. ഇപ്പോൾ നടന്ന വെടിവെപ്പുസംഭവം വളരെ വേദനാജനകമാണ്. അത്തരം അവസരങ്ങളിൽ പ്രീതിയുടേയും സ്നേഹത്തിന്റേയും സഹിഷ്ണുതയുടേയും സന്ദേശം വളരെ ഗംഭീരമായിരുന്നു. എന്നെയും ഇവിടെ ക്ഷണിച്ചതിന് എനിക്ക് സന്തോഷമുണ്ട്. ഇവിടെ വന്ന് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിനെ കുറിച്ച് വളരെയധികം അറിയാൻ എനിക്ക് അവസരം കിട്ടി. മസ്ജിദ് ഈ പ്രദേശങ്ങളിലെ ഒരു മനോഹരമായ അഭിവൃദ്ധിയാണ്. ഇതുകൊണ്ട് എനിക്ക് ഒരു ഭീഷണിയുമില്ല. ഇത് സമാധാനനിർഭരമായ സ്ഥലമാണ്. ഞാൻ മുസ്ലിമല്ല. ഞാൻ ഈ മസ്ജിദിൽ വന്നിരിക്കുന്നു. ഞാനിവിടെ സ്വാഗതം ചെയ്യപ്പെട്ടു. ഇതാണ് നമ്മുടെ സമൂഹത്തിന്റെ ആവശ്യം. ഇവിടെ നിങ്ങളുടെ കൂടുതൽ പരിപാടികളും ഉണ്ടായിരിക്കും. ആ പരിപാടികളിൽ മുസ്ലിംകൾക്കു പുറമെ മറ്റു മതനേതാക്കരേയും ക്ഷണിക്കണമെന്നാണ് എന്റെ ആഗ്രഹം.'

ഈ മസ്ജിദുകളുടെ ഉദ്ഘാടനത്തിനു പുറമെ നിങ്ങൾ അറിയുന്നതുപോലെ ഗ്വാട്ടിമാലയിൽ ഹ്യൂമാനിറ്റിഫസ്റ്റിന്റെ ആശുപത്രിയും തുറക്കപ്പെട്ടു; അതിന്റെ ഉദ്ഘാടനവും നടന്നു. അവിടെയും കുറച്ച് രാഷ്ട്രീയക്കാരുമായി ബന്ധങ്ങളു

ണ്ട്. അവിടെ ഒരു കോൺഗ്രസ് അംഗമുണ്ട്. അവർ ഇവിടെ യു.കെയിലും രണ്ടുതവണ വന്നു കഴിഞ്ഞിട്ടുള്ളതാണ്. അവർ അവിടെ എയർപോർട്ടിൽ സ്വീകരിക്കാൻ വന്നിട്ടുണ്ടായിരുന്നു. അവർ ആശുപത്രിയെ സംബന്ധിച്ച് വളരെ നല്ല അഭിപ്രായങ്ങളാണ് പ്രകടിപ്പിച്ചത്. ജമാഅത്ത് തങ്ങളുടെ രാജ്യത്ത് ആശുപത്രി തുറക്കുകയും കമ്മ്യൂണിറ്റികളിൽ ഒരു ഐക്യവും ഒരുമയും ഉണ്ടാക്കുന്നതിന് ശ്രമിക്കുകയും ചെയ്യുന്നതിന് നന്ദി പറഞ്ഞു.'

പരാഗ്വേ(Paraguay)യിൽ വൈസ് മിനിസ്റ്റർ ഓഫ് എജ്യുക്കേഷനായ റോബർട്ട് കാനോ (Robert Cano)സാഹിബ് ഈ ഉദ്ഘാടനവേളയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞു: 'വലിയ നല്ല സംഭവമായിരുന്നു. ഞാൻ വല്ലാതെ അത്ഭുതപ്പെടുകയാണ്. ഒരു ജമാഅത്തിലെ അംഗങ്ങൾ പരസ്പരം കൂടിച്ചേർന്ന് ഇതിനെ സമ്പൂർണതയിലെത്തിച്ചിരിക്കുന്നു. നിർധനരെ സഹായിക്കുന്നതിനു വേണ്ടിയാണ് ഇതൊക്കെ ചെയ്തത്. മനുഷ്യരോടു കർമപരമായ നിലയിലുള്ള സ്നേഹത്തിന്റെ പ്രകടനമാണിത്.' വീണ്ടും പറയുന്നു: 'മാനവികതയോടു ഇതേ സ്നേഹത്തിന്റെ വഴി സ്വീകരിക്കുകയാണെങ്കിൽ ലോകത്ത് പിന്നെ സമാധാനം സ്ഥാപിതമാകുന്നതായിരിക്കും. ഇസ്ലാം മതത്തേയും കൽച്ചറിനേയും വളരെ അടുത്തുനിന്ന് അറിയാനുള്ള നല്ല അനുഭവമാണ് എനിക്ക് കിട്ടിയത്. അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ച് എനിക്ക് ഒരുപാട് ചോദ്യങ്ങളുണ്ടായിരുന്നു. ഇവിടെ വന്നപ്പോൾ അതിനെല്ലാം എനിക്ക് മറുപടി കിട്ടി. അഹ്മദിയ്യാ ജമാഅത്ത് പരാഗ്വേ(Paraguay)യിൽ സ്ഥാപിതമായിട്ട് കുറേ വർഷങ്ങളായി. അവർ ക്ഷണിച്ചതുകൊണ്ടുതന്നെയാണ് ഈ ഉദ്ഘാടനത്തിന് ഞാൻ വന്നിട്ടുള്ളത്.'

ഒരു ഗ്വാട്ടിമാലിക്കാരി ഡോക്ടർ ഡയാന(Diana)സാഹിബ പറയുന്നു. ഈ സന്ദേശത്തിൽ ദരിദ്രരെ സഹായിക്കാനുള്ള സന്ദേശമുണ്ടായിരുന്നു. ഞാൻ സ്വയം അതനുസരിച്ച് പ്രവർത്തിക്കുന്നതാണ്.' അവർ പറയുന്നു: 'ദൈവത്തിന് നന്ദി. ദരിദ്രരെ സഹായിക്കാനാണ് മതം പഠിപ്പിക്കുന്നത്; അതുതന്നെയാണ് ഖലീഫ തന്റെ പ്രസംഗത്തിൽ പറഞ്ഞതും.'

ഗ്വാട്ടിമാലയിലെ ഒരു പത്രപ്രവർത്തക പറയുന്നു: 'ഏറ്റവും കൂടുതൽ എന്നെ ആകർഷിച്ച കാര്യം മതത്തിൽ ബലാൽക്കാരമില്ല എന്നതാണ്. എന്നല്ല നമ്മൾ പരസ്പരം സഹകരിക്കേണ്ടതാണ്. ഈ സന്ദേശമാണ് ജമാഅത്തിന്റെ ഇമാം നമുക്ക് നല്കിയത്. നമ്മളെല്ലാം സമത്വാവകാശങ്ങൾ ഉൾക്കൊള്ളുന്നുവെന്നും അദ്ദേഹം പറഞ്ഞു. എല്ലാ ഓരോ മനുഷ്യനും ഒരു ഉത്തമമായ നിലവാരമുള്ള ജീവിതം കിട്ടേണ്ടതുണ്ട്.'

എൽപിരിയോഡിക്കോ(El Periodico) പത്രത്തിന്റെ ഒരു പ്രതിനിധി ഫെർനാണ്ടോ പിനേറ്റ(Fernando Pineta) പറയുന്നു: 'ഈ പ്രഭാഷണം എന്നെ വല്ലാതെ ആകർഷിച്ചു. കൂടിക്കാഴ്ചയും വളരെ നല്ലതായിരുന്നു. നാസിർ ഹോസ്പിറ്റലിന്റെ പ്രൊജക്ട് വളരെ നല്ല പ്രൊജക്ടാണെന്ന് ഞാൻ പറയാനാഗ്രഹിക്കുകയാണ്. നമുക്ക് ഈ രാജ്യത്ത് കൂടുതൽ പ്രൊജക്ടുകളുടെ ആവശ്യമുണ്ട്.'

ഒരു ബാങ്ക് മാനേജർ പറയുന്നു:'വളരെ മനോഹരവും എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്നതുമായ സന്ദേശമായിരുന്നു. അതു മുഴുവൻ മുസ്ലിം ഉമ്മത്തിനുംവേണ്ടി നല്കപ്പെട്ടതാണ്. മാനവകുലത്തിന് സേവനം ചെയ്യുക എന്നത് എല്ലാവരുടേയും നിർബന്ധ കടമയാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ തത്ത്വങ്ങൾ ഇന്ന് പരിചയപെടാൻ കഴിഞ്ഞതും വളരെ ആസ്വാദ്യമായ കാര്യമായിരുന്നു. ഇനി ഞാൻ കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കുന്നതായിരിക്കും.'

ഗ്വാട്ടിമാലയിൽ റിവ്യൂ ഓഫ് റിലീജ്യൻസിന്റെ സ്പാനിഷ് പതിപ്പു പ്രസിദ്ധീകരിക്കാൻ തുടങ്ങിയിരിക്കുന്നു. അമേരിക്ക, ലത്തീൻ അമേരിക്ക, സെൻട്രൽ അമേരിക്ക തുടങ്ങിയ സ്ഥലങ്ങളിൽ ഏകദേശം 400 മില്യൺ ജനങ്ങൾ സ്പാനിഷ് സംസാരിക്കുന്നവരാണ്. നമ്മുടെ ശ്രദ്ധ സ്പെയിനിലേക്കു തിരിഞ്ഞപ്പോൾ ഗ്വാട്ടിമാലയിലെ നമ്മുടെ വലിയ ആത്മാർഥനും ഗ്വാട്ടിമാലയിലെ ആദ്യകാല അഹ്മദികളിൽപ്പെട്ടയാളുമായ ഡേവിഡ് (David)സാഹിബ് പറഞ്ഞു: സ്പെയിനിൽ ഇസ്ലാം പ്രചരിപ്പിക്കണം എന്ന ശ്രദ്ധ അങ്ങയ്ക്കുണ്ട്. അവിടെത്തെ ജനസംഖ്യ കേവലം നാല്പത് മില്യൺ ആണ്. എന്നാൽ, ഞങ്ങളുടെ രാജ്യത്തെ ജനസംഖ്യ നാന്നൂറ് മില്യനാണ്. പക്ഷേ, ഈ ഭാഗത്തേക്കു അങ്ങയുടെ ശ്രദ്ധ എത്തിയിട്ടില്ല.' അതിനുശേഷം അവിടെയും സ്ഥിരമായി മതപ്രവർത്തനകളിലേക്ക് ശ്രദ്ധിക്കുകയും ജാമിആയിലെ വിദ്യാർഥികളെ അവിടേക്ക് അയക്കാൻ തുടങ്ങുകയും ചെയ്തു. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവിടെ ജമാഅത്തുകൾ സ്ഥാപിതമായിക്കൊണ്ടിരിക്കുന്നു. എന്തായാലും അവിടെ സ്പാനിഷ് ഭാഷയിൽ റിവ്യൂ ഓഫ് റിലീജ്യൺസ് പ്രസിദ്ധീകരിക്കാൻ തുടങ്ങിയിരിക്കുന്നു.

അന്യരായ ആളുകളുടെ അഭിപ്രായങ്ങളായിരുന്നു ഇവ. ഗ്വാട്ടിമാലയിൽ വിവിധ അയൽരാജ്യങ്ങളിലെ സ്പാനിഷ് സംസാരിക്കുന്ന രാജ്യങ്ങളിലെ അഹ്മദികളും പങ്കെടുത്തിരുന്നു; ആശുപത്രിയുടെ ഉദ്ഘാടനത്തിന് എന്നു വേണമെങ്കിൽ പറയാം. അല്ലെങ്കിൽ ഞാനുമായി കണുന്നതിനാണെന്നു പറയാം. അവരുടേയും വളരെ വികാരഭരിതമായ അഭിപ്രായങ്ങളായിരുന്നു; അവർ ആദ്യമായി കാലത്തിന്റെ ഖലീഫയെ കണ്ടു. ഖിലാഫത്തിനോടുള്ള സ്നേഹം അവരുടെ കണ്ണുകളിൽനിന്നും അവരുടെ മനസ്സുകളിൽനിന്നും നിർഗളിക്കുന്നുണ്ടായിരുന്നു.

മെക്സിക്കോയിൽനിന്നു വന്ന ഒരു നവഅഹ്മദീസ്ത്രീ ലോറാ മാറ്റിൽഡെ(Laura Matilde) സാഹിബ പറയുന്നു: അവർ കുറച്ചു കാലം മുമ്പേയാണ് ബയ്അത്ത് ചെയ്തത്. 'ഗ്വാട്ടിമാലയിലെ യാത്രയ്ക്കുശേഷം അല്ലാഹു ആഗ്രഹിച്ച സ്ഥലത്ത് ഞാനെത്തിയെന്ന കാര്യം എന്റെ മനസ്സിൽ രൂഢമൂലമായി. ഞാൻ ആത്മീയപരവും വികാരപരവുമായ നിലയിൽ ഒരുപാട് ശാന്തിയും സമാധാനവും അനുഭവിച്ചുകൊണ്ടിരിക്കുന്നുവെന്നതിൽ ഒരു സംശയവുമില്ല. മറ്റു രാജ്യങ്ങളിലെ അഹ്മദീ സഹോദരീസഹോദരന്മാരെ കണ്ടും ഈമാൻ ആർദ്രമായി. എല്ലാത്തിനേക്കാളുമുപരി കാലത്തിന്റെ ഖലീഫയുടെ പിന്നിൽ നമസ്കാരങ്ങൾ നിർവഹിച്ച് എന്റെ വിശ്വാസം അല്ലാഹുവിലും അഹ്മദിയ്യത്തിലും അതായത് യഥാർഥ ഇസ്ലാമിലും അധികം ശക്തിപ്രാപിച്ചു. ഈ വഴിയിൽ നിലകൊള്ളാനാണ് ഞാനാഗ്രഹിക്കുന്നത്. അല്ലാഹു അങ്ങനെ തന്നെ ആക്കുമാറാകട്ടെ.'

മെക്സിക്കോയിലെ ഒരു നവഅഹ്മദി ഐവാൻ ഫ്രാൻസിസ്കൊ(Ivan Francisco)സാഹിബ് പറയുന്നു: 'നമ്മൾ കാലത്തിന്റെ ഖലീഫയുടെ കൈയിൽ ബയ്അത്ത് ചെയ്തു. (അവിടെ മസ്ജിദിൽ ബയ്അത്ത് പരിപാടിയും നടന്നിരുന്നു). അതൊരു വിവരണാതീതമായ നിമിഷമായിരുന്നു. ആ നിമിഷം എന്റെ ശരീരം മുഴുവൻ ഒരു ചൂട് അനുഭവപ്പെട്ടു. എന്റെ ശരീരത്തിൽ വിയർപ്പ് പൊടിഞ്ഞു. ഒരു വൈദ്യുതി എന്റെ ശരീരത്തിലൂടെ പ്രവഹിക്കുന്നതുപോലെതോന്നി. അത് പോയതിനോടൊപ്പം എന്റെ പാപങ്ങളും കൊണ്ടുപോയി. നമുക്ക് ഖിലാഫത്ത് നല്കിയതിന് അല്ലാഹുവിന് ലക്ഷോപലക്ഷം നന്ദി. നന്മയിലേക്ക് മുൻകടക്കുന്നതിന്റെ ആദ്യ ചുവടാണതെന്നും എന്റെ ഉള്ളിൽ ഒരുമാറ്റം കൊണ്ടുവരുമെന്നും എനിക്കറിയാം.'

മെക്സിക്കോയിൽനിന്നു വന്ന ഒരു നവ അഹ്മദി മിഗ്വൽ എൻജൽ(Miguel Angel) സാഹിബ് പറയുന്നു: 'ഇസ്ലാം –അഹ്മദിയ്യത്ത് ഒരു ബോർഡർ അല്ലെന്നതാണ് സത്യം. നമ്മെ വേർപ്പെടുത്തുന്ന ഒരു അതിർവരമ്പുമല്ല. നമ്മളെല്ലാം സഹോദരങ്ങളാണ്. ഏതെങ്കിലും വ്യത്യാസമുണ്ടെങ്കിൽ ഭാഷയുടേതുമാത്രമാണ്. ഇല്ലെങ്കിൽ നമ്മളെല്ലാം സഹോദരങ്ങളാണ്. കാലത്തിന്റെ ഖലീഫയുടെ പിന്നിൽ നമസ്കരിക്കുമ്പോഴും 10,15 രാജ്യങ്ങളിൽനിന്നുവന്നവരായിരുന്നിട്ടും ഞങ്ങൾ ഒന്നായിരുന്നു. ഒരു ഖലീഫയുടെ പിന്നിൽ നമസ്കരിക്കുകയായിരുന്നു.'

വിസന്റെ ബ്രയോണസ് (Vicente Briones) സാഹിബ് പറയുന്നു: എന്റെ ബന്ധം മെക്സിക്കോ സിറ്റി ജമാഅത്തുമായിട്ടാണ്. ഗ്വാട്ടിമാലയിൽ പോകാനുള്ള അവസരം കിട്ടുന്നുവെന്ന് എന്നോട് പറയപ്പെട്ടപ്പോൾ ഞാൻ വളരെ സന്തോഷിച്ചു; അവിടെ കാലത്തിന്റെ ഖലീഫയുമായി കൂടിക്കാഴ്ചയുണ്ടാകുമെന്ന് കേട്ടപ്പോൾ എന്റെ സന്തോഷം വീണ്ടും വർധിച്ചു. ഞങ്ങളുടെ കൂടിക്കാഴ്ചയുണ്ടായപ്പോൾ ഞാൻ അധികം സന്തോഷിച്ചു. കാരണം ഒരുപാട് സമയം എനിക്ക് അദ്ദേഹത്തിന്റെ അടുത്തിരിക്കാൻ അവസരം കിട്ടി. ഞാൻ അല്പകാലം മുമ്പേയാണ് മെക്സിക്കോ സിറ്റിയിൽ ബയ്അത്ത് ചെയ്തത്. പക്ഷേ, നേരിട്ട് കൈയിൽ ബയ്അത്ത് ചെയ്യുക എന്നത് വാക്കുകളിൽ വിവരിക്കാൻ സാധിക്കാത്ത സംഭവമായിരുന്നു.' അദ്ദേഹം പറയുന്നു: 'ഇതെന്റെ ജീവിതത്തിലെ ഏറ്റവുമധികം മനോഹരമായ ദിവസമായിരുന്നുവെന്ന് ഞാനെന്റെ കണ്ണീർ തുടച്ചുകൊണ്ടാണ് പറഞ്ഞത്.'

ഹോൺഡുറാസിൽ(Honduras)നിന്നു വന്ന നവ അഹ്മദീ സ്ത്രീ റോസ ഡെൽമി(Rosa Delmi) സാഹിബ പറയുന്നു: 'ആദ്യമായി എനിക്കെന്റെ രാജ്യത്തുനിന്ന് വിദേശത്തുപോകാൻ അവസരം കിട്ടി. വിദൂരമായ യാത്ര ചെയ്യേണ്ടിവന്നു. ഞങ്ങൾക്ക് ഹോൺഡുറാസിൽനിന്ന് ഗ്വാട്ടിമാലയിലെത്താൻ 16 മണിക്കൂർ എടുത്തു. ഞങ്ങൾക്ക് യാത്രയിൽ പലതരത്തിലുള്ള വിഷമങ്ങളും ഉണ്ടായെങ്കിലും ജമാഅത്തിന്റെ മസ്ജിദും കാലത്തിന്റെ ഖലീഫയേയും കണ്ടപ്പോൾ യാത്രാക്ലേശങ്ങൾ പെട്ടെന്ന് മനസ്സിൽനിന്ന് ഇറങ്ങിപ്പോയി. ജമാഅത്തിന്റെ വളരെ പ്രിയപ്പെട്ടവരേയും വളരെ നല്ല ആളുകളേയും കാണാൻ അവസരം കിട്ടി. അവർ എന്നോടു എന്റെ കുടുംബാംഗത്തെപോലെ പെരുമാറി. അമേരിക്കയിൽനിന്നുവന്ന ഒരു അഹ്മദി സ്ത്രീ എന്നോടു പറഞ്ഞു: 'ഞാൻ അവരുടെ മകളെപോലെയാണെന്ന്.' ഈ യാത്രയുടെ ഏറ്റവും ഉത്തമമായ ഭാഗം കാലത്തിന്റെ ഖലീഫയുമായുള്ള കൂടിക്കാഴ്ചയായിരുന്നു. ഞാൻ വ്യക്തിപരമായ നിലയിൽ ഒന്നും സംസാരിച്ചില്ല. കാരണം ഞാൻ മറ്റൊരു ലോകത്താണെന്ന് അനുഭവപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു. നോക്കിക്കൊണ്ടിരിക്കാനും കാര്യങ്ങൾ കേട്ടുകൊണ്ടിരിക്കാനുമാണ് ഞാൻ ആഗ്രഹിച്ചിരുന്നത്. വിവരണാതീതമായ ഒരു അനുഭവമായിരുന്നു. ഈ യാത്രയ്ക്കിടയിൽ ജമാഅത്തിന്റെ അധ്യാപനങ്ങളെ സംബന്ധിച്ചുള്ള എന്റെ അറിവിൽ വർധനയുണ്ടായി. ഞങ്ങൾക്കവിടെ പദ്യം ചൊല്ലാനും അവസരം കിട്ടി.'

ഹോൺഡുറാസിലെതന്നെ എഡ്വിൻ അർമാന്റോ (Edwin Armando) സാഹിബ് പറയുന്നു: 'ഈ യാത്രയിലെ ഏറ്റവും ഉത്തമമായ കാര്യമായി തോന്നിയത് കാലത്തിന്റെ ഖലീഫയുമായുള്ള കൂടിക്കാഴ്ചയ്ക്ക് കിട്ടിയ ഭാഗ്യമാ

ണ്. ഞാനൊരുപാട് ചോദിച്ചു, അതിനെല്ലാം എനിക്ക് മറുപടി കിട്ടി.'

ഇക്വഡോറി(Ecuador)ലെ ഒരു നവഅഹ്മദി പറയുന്നു: 'കാലത്തിന്റെ ഖലീഫയുടെ സാന്നിധ്യത്തിൽ എനിക്കൊരു അമൂല്യമായ ഖജനാവ് പ്രദാനം ചെയ്യപ്പെട്ടു. ആത്മീയത, സമാധാനം പ്രീതിയുടേയും സന്തോഷത്തിന്റേയും വികാരങ്ങൾ എന്റെ ഉള്ളിൽ ഒരുമിക്കപ്പെട്ടു. എനിക്ക് വളരെ സമാധാനം കിട്ടി. ബയ്അത്തിന്നിടയിൽ അങ്ങ് അങ്ങയുടെ കൈ എന്റെ കൈയുടെമേൽ വെച്ചപ്പോൾ മുമ്പേ ഒരിക്കലും കിട്ടിയിട്ടില്ലാത്ത സൗഭാഗ്യമായിരുന്നു അത്.'

ഇക്വഡോറി(Ecuador)ൽനിന്ന് ഒരു വർഷം മുമ്പേ അഹ്മദിയായ ഒരു ലജ്ന അംഗം പറയുന്നു: 'ഗ്വാട്ടിമാലയിലെ യാത്ര എനിക്കും എന്റെ മകനും അങ്ങേയറ്റം സന്തോഷപ്രദമായിരുന്നു. ഞങ്ങൾ ആദ്യമായി കാലത്തിന്റെ ഖലീഫയെ കണ്ടപ്പോൾ, അത് ഞങ്ങൾക്കൊരു പ്രത്യേക അവസരമായിരുന്നു. കാരണം അതുമുഖേന ഞങ്ങളുടെ ഉള്ളിൽ സമാധാനത്തിന്റേയും സ്നേഹത്തിന്റേയും സഹനത്തിന്റേയും ബോധമുണ്ടായി. കൂടിക്കാഴ്ചയ്ക്കിടയിൽ എന്റെ മകൻ ഖലീഫത്തുൽ മസീഹിനെ ആലിംഗനം ചെയ്തപ്പോൾ ഞങ്ങൾക്ക് ഒരുപാട് സന്തോഷമുണ്ടായി. ഞങ്ങൾ അതിനെ ഞങ്ങളുടെ ഒരു സൗഭാഗ്യവും അനുഗ്രഹവുമായി മനസ്സിലാക്കുന്നു. ഇക്വഡോറിൽനിന്നുള്ള മടക്കയാത്ര ഞങ്ങൾക്ക് ഒരുപാട് വേദനയായിരുന്നു. കാരണം ഞങ്ങൾക്ക് അഹ്മദീ സഹോദരങ്ങളേയും കാലത്തിന്റെ ഖലീഫയേയും ഒരുപാട് ഓർമവന്നു. വീണ്ടും കാണാൻ കഴിയുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുകയാണ്.'

ഗ്വാട്ടിമാലയിലെ ഒരു നവഅഹ്മദി സുലയ്മാൻ രോദ്രിഗസ്(Soliman Rodriges)സാഹിബ് പറയുന്നു: 'ഖലീഫത്തുൽ മസീഹിന്റെ ഗ്വാട്ടിമാലയിലെ ആഗമനം ഞങ്ങളുടെ സൗഭാഗ്യത്തിന് നിമിത്തമാണ്. ഞങ്ങളുടെ ജമാഅത്തിനുമേലുണ്ടായ അല്ലാഹുവിന്റെ കൃപയാണ്; ഖലീഫത്തുൽ മസീഹ് ഗ്വാട്ടിമാലയിൽ വരുന്നുവെന്ന് ഞങ്ങൾ അറിഞ്ഞപ്പോൾ ഞങ്ങളുടെ സന്തോഷത്തിന് അതിരുണ്ടായിരുന്നില്ല. എന്റെ ഉള്ളിൽ ശക്തമായൊരു ആത്മീയത ഉണ്ടാകാൻ തുടങ്ങി. ഇപ്പോൾ എന്റെ ഉള്ളിൽ ഒരുപാട് മാറ്റങ്ങൾ ഉണ്ടായിട്ടുള്ളതായി എനിക്കു തോന്നുന്നു; ഇതിൽ ഒരു സംശയവുമില്ല.'

ഗ്വാട്ടിമാലയിലെ ഒരു നവഅഹ്മദി ലിസ പിന്റോ(Lisa Pinto)സാഹിബ പറയുന്നു: 'ഖലീഫത്തുൽ മസീഹ് ഗ്വാട്ടിമാലയിൽ വന്നതിന് ഞാൻ അല്ലാഹുവിന് ശുക്ർ ചെയ്യുന്നു. ഇത് എനിക്ക് വളരെ അഭിമാനവും ആദരവുമായ കാര്യമാണ്. എന്നെ സംബന്ധിച്ചിടത്തോളം മഹത്തായൊരു അനുഭവമായിരുന്നു. എന്റെ മനസ്സ് സന്തോഷം കൊണ്ട് നിറഞ്ഞു.'

ഗ്വാട്ടിമാലയിലെതന്നെ ഡൊമിംഗോ ത്യൂൽ (Domingo Tiul) സാഹിബ് പറയുന്നു: 'എന്റെ ബന്ധം കാബുൻ (Cabun)ജമാഅത്തുമായിട്ടാണ്. ഇവിടെ കാലത്തിന്റെ ഖലീഫയുടെ ആഗമനത്തിൽ ഞാൻ എന്നെ വിശ്വാസപരവും ആത്മീയപരവുമായ നിലയിൽ വളരെ ആവേശനിർഭരനായി കണ്ടു. ഞാൻ വളരെ സന്തോഷവാനാണ്. എനിക്ക് കാലത്തിന്റെ ഖലീഫയുടെ കൂടെ സമയം ചെലവഴിക്കാൻ അവസരം കിട്ടി.' അഹ്മദിയായിട്ട് കുറച്ചുകാലമെ ആയിട്ടുള്ളൂ. അദ്ദേഹംതന്നെയാണ് വികാരഭരിതനായി എന്നോടു പറഞ്ഞതെന്ന് തോന്നുന്നു. 'ഞങ്ങളുടെ പ്രദേശത്ത് ദരിദ്രരാണുള്ളത്. തികച്ചും അതിർത്തിയിലാണ്. വളരെ വിജനമായ പ്രദേശമാണ്. വഴികളൊന്നും അവിടെ നല്ലതല്ല. ഈ പ്രദേശത്തുള്ള എന്റെ ജനതയിലെ ആളുകളും മുസ്‌ലിംകളാകുന്നതിനും എനിക്ക് കിട്ടിയ അല്ലാഹുവിന്റെ അനുഗ്രഹവും പാരിതോഷികവും എന്റെ ജനതയ്ക്കും എത്തുന്നതിനുവേണ്ടി ദുആ ചെയ്യുകയും ആരെയെങ്കിലും അയക്കുകയും ചെയ്യുക.' വലിയ വികാരപരമായ നിലയിലാണ് അദ്ദേഹം ദുആയ്ക്ക് അപേക്ഷിച്ചിരുന്നത്. അവിടെയും ജമാഅത്ത് വ്യാപിക്കാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

ഗ്വാട്ടിമാലയിലെതന്നെ മർത്തേസ ട്യൂവൽ (Marteza Tiul)സാഹിബ പറയുന്നു: 'ആദ്യമൊക്കെ കാലത്തിന്റെ ഖലീഫയുടെ ഫോട്ടോകളാണ് കാണാറുണ്ടായിരുന്നത്. ഇപ്പോൾ അടുത്തുനിന്ന് കാണാൻ അവസരം കിട്ടി. ഇരിക്കാൻ അവസരം കിട്ടി. ഞാനെന്റെ ഉള്ളിൽ വലിയ മാറ്റങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു.

ക്ലൗഡിയ(Claudia) സാഹിബ പറയുന്നു: 'വളരെ സന്തോഷിക്കുന്നു. ഞാനെന്നെ സൗഭാഗ്യവതിയായി മനസ്സിലാക്കുന്നു. അല്ലാഹു എന്നിൽ കൃപചൊരിഞ്ഞു. എന്റെ അനുഭവങ്ങൾ വിവരിക്കാൻ എന്റെ കൈയിൽ വാക്കുകളില്ല.' തന്റെ ഈമാനും ആത്മാർഥതയും വർധിക്കുന്നതിന് ദുആയ്ക്ക് അപേക്ഷിച്ചു.

മെക്സിക്കോയിലെ, ചിയാപാസി(Chiapas)ൽനിന്നുള്ള ഖദീജ സാഹിബ പറയുന്നു: 'ഞാൻ അല്ലാഹുവിന് ശുക്ർ ചെയ്യുന്നു. എനിക്ക് ഖലീഫത്തുൽ മസീഹിനെ കാണാൻ അവസരം കിട്ടി. ഞങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി കിട്ടി. ഇസ്‌ലാമിനോടുള്ള എന്റെ സ്നേഹം വർധിച്ചു. ബയ്അത്ത് ചെയ്തതോടെ എന്റെ വിശ്വാസം പുതിയരീതിയിൽ ജീവിച്ചു. ഞാൻ ദുആയ്ക്ക് പേക്ഷിക്കുകയാണ്; എന്റെയും എന്റെ ചിയാപാസ് ജമാഅത്തിന്റേയും ഈമാനും ഇർഫാനും വർധിക്കാൻ ദുആ ചെയ്താലും.'

യാസ്മിൻ ഗോമെസ്(Yasmin Gomez) സാഹിബ പറയുന്നു: 'വളരെ മനോഹരമായ സ്മരണകളും വളരെ ഹൃദ്യമായ അനുഭവങ്ങളുമാണ് ഉണ്ടായത്. എന്റെ വികാരങ്ങൾ എങ്ങനെയുള്ളതായിരുന്നുവെന്നാൽ, സന്തോഷംകൊണ്ട് എനിക്ക് കരച്ചിലടക്കാൻ കഴിഞ്ഞിരുന്നില്ല. എനിക്കൊന്നും വിവരിക്കാൻ കഴിയുകയില്ല. ഈ കൂടിക്കാഴ്ചയ്ക്കുശേഷം എനിക്കെന്റെ ജീവിതം മികച്ചതാക്കാൻ അവസരം കിട്ടുന്നതായിരിക്കും.'

സുറയ്യാ ഗോമെസ്(Surayya Gomez) സാഹിബ പറയുന്നു: 'എന്റെ വികാരങ്ങൾ എങ്ങനെയുള്ളതാണെന്നാൽ അത് എന്റെ മനസ്സിന്റെ അഗാധതയിൽനിന്ന് പുറത്തുവന്നുകൊണ്ടിരിക്കുന്നതാണ്. എനിക്ക് വളരെ വലിയ അനുഭവമുണ്ടായി. അല്ലാഹു വിശ്വാസവും ആത്മാർഥതയും വർധിപ്പിക്കുമാറാകട്ടെ.

മെക്സിക്കോയിൽനിന്നുള്ള ഒരു നവഅഹ്മദി ജീസസ്(Jesus) സാഹിബ് പറയുന്നു: 'ജമാഅത്തുമായി ബന്ധമുണ്ടാക്കുക എന്നത് വളരെ വലിയൊരു സമ്മാനമാണ്. അല്ലാഹു എന്റെ പ്രാർഥനകൾ കേട്ടു എന്നത് എന്റെ ഭാഗ്യമാണ്. ഞാൻ അന്ധകാരത്തിലായിരുന്നു. അല്ലാഹു എന്നെയും എന്റെ കുടുംബത്തേയും വെളിച്ചത്തിലേക്കുകൊണ്ടുവന്നു. എനിക്കെന്റെ ജീവിതത്തിൽ മാറ്റമുണ്ടാക്കാൻ അവസരം ലഭിച്ചു. പിന്നീട് ഞാൻ ഇബാദത്ത് തുടങ്ങിയവയെക്കുറിച്ച് ചോദിച്ചു. അതിനെനിക്ക് തൃപ്തികരമായ മറുപടി കിട്ടി.'

ലയ്‌ലാ ലത്വീഫ് സാഹിബ പറയുന്നു: 'ആദ്യം ടിവി മുഖേനയാണ് പരിചയമുണ്ടായിരുന്നത്. ഇപ്പോൾ നേരിട്ട് കണ്ടപ്പോൾ വികാരങ്ങളും അനുഭവങ്ങളും മറ്റൊന്നായിരിക്കുന്നു.'

പനാമ(Panama)യിൽനിന്ന് തന്റെ ഭാര്യയും മകളുമായി വന്ന ഹീലിയോഡോറോ (Heli-odoro) സാഹിബ് പറയുന്നു: 'എന്റെ കൂടിക്കാഴ്ചയുടെ ദിവസം സന്തോഷഭരിതമായിരുന്നു. അത് വാക്കുകളിൽ വിവരിക്കുക സാധ്യമല്ല.' വളരെ സ്നേഹവും ആത്മാർഥതയും അദ്ദേഹം പ്രകടിപ്പിച്ചു.

ബിലീസി(Belize)ൽനിന്ന് ഒരു സംഘം വന്നിരുന്നു. അവരിൽപ്പെട്ട ഗോൾഡാ മാർട്ടിനാ (Gol-da Martina) സാഹിബ പറയുന്നു: 'ഇതൊരു അങ്ങേയറ്റം ഹൃദയഹാരിയും അനുഗൃഹീതവുമായ അവസരമായിരുന്നു. ഞാൻ വളരെ വികാരഭരിതയായിപ്പോയി. എപ്പോഴും ഈ യാത്ര ഓർമയിലുണ്ടായിരിക്കുന്നതാണ്.'

മറ്റൊരു അംഗമായ നിക്കോളെ അവിലസ് (Nicole Avilez)സാഹിബ പറയുന്നു: 'വളരെ വൈകാരികമായ കൂടിക്കാഴ്ചയായിരുന്നു. യു.കെ ജൽസയിൽ പങ്കെടുക്കാൻ എന്നെ കാലത്തിന്റെ ഖലീഫ ക്ഷണിച്ചു. അതിൽ എനിക്ക് വളരെ സന്തോഷമുണ്ട്.' ലജ്നയിലെ മറ്റൊരു അംഗമായ ഫ്ളോറിന്റിനാ (Florentina) സാഹിബ പറയുന്നു: 'ഇത് വലിയ സന്തോഷത്തിന്റെ സന്ദർഭമായിരുന്നു. കൂടിക്കാഴ്ച നടക്കുകയും മനസ്സിന് സമാധാനം ലഭിക്കുകയും ചെയ്തു.' 13, 14 വയസ്സുള്ള ഒരു പെൺകുട്ടി പറയുന്നു: 'പിന്നീട് ലജ്ജിക്കേണ്ടിവരുന്ന എന്തെങ്കിലും കാര്യം കാലത്തിന്റെ ഖലീഫയോടു പറഞ്ഞുപോകുമോ എന്ന ഭയം ആദ്യം എനിക്കുണ്ടായിരുന്നു. പക്ഷേ, കൂടിക്കാഴ്ച വളരെ നന്നായിരുന്നു.' ഖിലാഫത്തിനോടുള്ള മര്യാദയും ആദരവും അവരിൽ അസംഖ്യമുണ്ട്. പിന്നീട് പെൺകുട്ടികൾ *'ഹെ ദസ്തെ ഖിബ്‌ലനുമാ'* എന്ന പദ്യവും ആലപിച്ചു.

ഇപ്രകാരംതന്നെ ദീർഘ യാത്ര ചെയ്ത് വിവിധ രാജ്യങ്ങളിൽനിന്ന് ഗ്വാട്ടിമാലയിൽ വന്ന ധാരാളം സ്ത്രീകളും അംഗങ്ങളുമുണ്ട്. വലിയ ആത്മാർഥതയും കൂറും അവരിലെല്ലാം പ്രകടമായിരുന്നു. അല്ലാഹു എല്ലാവരുടേയും ആത്മാർഥതയിലും കൂറിലും വർധന നല്കിക്കൊണ്ടിരിക്കുമാറാകട്ടെ. അവരെ യഥാർഥ അഹ്മദി ആക്കുമാറാകട്ടെ.

യു.എസ്എയിലെ മാധ്യമ ടീം നല്ലവണ്ണം പ്രവൃത്തിച്ചു. അവരുടെ നല്ല ബന്ധമാണുള്ളത്. ഇപ്പോൾ അതിൽ അല്പം മാറ്റം നടത്തപ്പെട്ടിരുന്നുവെങ്കിലും ആദ്യത്തെ ടീമും നല്ലവണ്ണം ജോലി ചെയ്തു. അമേരിക്കയിൽ ടിവി മുഖേന മൊത്തം 28 ലക്ഷത്തി അറുപത്തി ഒമ്പതിനായിരത്തിലധികം ആളുകൾവരെ സന്ദേശമെത്തി. റേഡിയോ പരിപാടി മുഖേന മൊത്തം 53 ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരത്തിലധികം ആളുകൾവരെ സന്ദേശമെത്തി. ഡിജിറ്റൽ ഫോറം വെബ്സൈറ്റുകളും സോഷ്യൽമീഡിയകളും മുഖേന ഇരുപതുലക്ഷം ആളുകൾവരെ സന്ദേശമെത്തി. പത്രങ്ങളിൽ എന്റെ പര്യടനത്തെ സംബന്ധിച്ച് വാർത്തകൾ വന്നു. അവയിൽ 45 ആർട്ടിക്കുകൾ പ്രസിദ്ധീകരിക്കപ്പെട്ടു. പ്രസിദ്ധ പത്രങ്ങളായ ദ ബാൽട്ടിമോർ സൺ(The Baltimore Sun), ദ ഫിലാഡൽഫിയാ ഇൻകിരർ (The Philadelphia Inquirer), റിലീജ്യൺ ന്യൂസ് സർവീസ്(Religion News service), ഹോസ്റ്റൺ ക്രോണിക്കൽ (Houston Chronicle) എന്നിവ അവയിൽ പെടുന്നു. ഈ മാർഗങ്ങളിലൂടെ പത്ത് മില്യണിലധികം ആളുകൾവരെ സന്ദേശമെത്തിയിട്ടുണ്ടാകുമെന്ന് കരുതുന്നു.

ഗ്വാട്ടിമാലയിലും നല്ല കവറേജുണ്ടായി. ഗ്വാട്ടിമാലയിലെ നാഷണൽ പത്രമായ പ്രൻസ ലൈബർ (Prensa Libre)ഒക്ടോബർ 24ന് തങ്ങളുടെ പ്രസിദ്ധീകരണത്തിന്റെ മുഖപേജിൽ നാസിർ ഹോസ്പിറ്റലിന്റെ മനോഹരമായ ചിത്രം പ്രസിദ്ധീകരിക്കുകയും ഉദ്ഘാടനം സംബന്ധിച്ച റിപ്പോർട്ട് നല്കുകയും ചെയ്തു. ഒരു ലക്ഷത്തിമുപ്പതിനായിരം പത്രമാണ് നിത്യവും പ്രസിദ്ധീകരിക്കുന്നത്. നാല് മില്യണിലധികം

വായനക്കാർ ഈ പത്രത്തിനുണ്ട്. മറ്റൊരു നാഷണൽ പത്രത്തിന്റെ കോളമിസ്റ്റ് നാസിർ ഹോസ്പിറ്റലിനെ സംബന്ധിച്ച് ഒരു ആർട്ടിക്കിളെഴുതി. എൽ പീരിയോഡിക്കൊ(El Periodico) റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. ഇതും ദേശീയപത്രമാണ്. നാഷണൽ ടി.വി. ഗ്വാട്ടിമാല എന്നെ കുറിച്ച് വാർത്ത നല്കി. ഹോസ്പിറ്റൽ പരിചയപ്പെടുത്തിക്കൊണ്ട് റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. നാഷണൽ റേഡിയോ ചാനലിലും റിപ്പോർട്ടുകൾ വന്നുകൊണ്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു കണക്കനുസരിച്ച് ലാറ്റിൻഅമേരിക്കയുടെ വിവിധ രാജ്യങ്ങളിലെ പ്രിന്റ് മീഡിയായും വിവിധ പത്രങ്ങളും ടെലിവിഷൻ ചാനലുകളും മുഖേന ഏകദേശം 32 മില്യൺ ആളുകൾവരെ നാസിർ ഹോസ്പിറ്റലിന്റെ ഉദ്ഘാടനത്തെ സംബന്ധിച്ചുള്ള വാർത്തകൾ മുഖേന ഇസ്‌ലാമിന്റെ സന്ദേശമെത്തി. ഇതിനുപുറമെ സോഷ്യൽ മീഡിയ, ടിറ്റർ, എൻസ്റ്റോഗ്രാം, യൂട്യൂബ് മുഖേനയും 23 ലക്ഷം ആളുകൾവരെ ഈ വാർത്തയെത്തി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാ അടിസ്ഥാനത്തിലും ഈ പര്യടനം വലിയ അനുഗൃഹീതവും വിജയപ്രദവുമായിരുന്നു. അല്ലാഹു ഭാവിയിലും ഇതിന് സൽഫലമുണ്ടാക്കുമാറാകട്ടെ.

നമസ്കാരങ്ങൾക്കുശേഷം ഞാനൊരു ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്. അത് ബുർക്കിനോ ഫാസോയിലെ സാവാഡോഗോ ഇസ്മായിൽ(Sawadgo Ismail) സാഹിബിന്റേതാണ്. നവംബർ 14ന് സുബ്ഹി നമസ്കാരത്തിന് വീട്ടിൽ നിന്നിറങ്ങി നടക്കുമ്പോൾ ഹൃദയാഘാതമുണ്ടായി വഴിയിൽ വീഴുകയായിരുന്നു. അടുത്ത ആശുപത്രിയിൽ കൊണ്ടുവന്നെങ്കിലും ജീവൻ രക്ഷിക്കാനായില്ല. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.*

1964-ൽ ഇദ്ദേഹം ജനിച്ചു. 1994-ൽ അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ചു. മിഷൻഹൗസിന്റെ അടുത്ത് താമസിക്കാൻ അദ്ദേഹം എപ്പോഴും ശ്രമിച്ചിരുന്നു. മിഷൻ ഹൗസ് മാറ്റപ്പെട്ടപ്പോൾ പുതിയ സ്ഥലത്ത് നമ്മുടെ മിഷൻ ഹൗസ് പ്രവർത്തനമാരംഭിച്ചു. അപ്പോൾ അതിനടുത്തുതന്നെ അദ്ദേഹം വാടകയ്ക്ക് വീടെടുത്തു. ബാങ്കുകൊടുക്കാൻ മസ്ജിദിലെത്തുന്നതിന് എപ്പോഴും ശ്രമിച്ചിരുന്നു. ജൽസസാലാനയുടെ അവസരത്തിൽ ആളുകളെ തഹജ്ജുദിന് എഴുന്നേല്പിക്കുന്നതിൽ മുൻപന്തിയിലായിരുന്നു. മനോഹരമായ ശബ്ദത്തിൽ ബാങ്കുകൊടുത്തിരുന്നു. ഇക്കാരണത്താൽ ചിലയാളുകൾ അദ്ദേഹത്തെ 'സയ്യിദുനാബിലാൽ' എന്നു വിളിച്ചിരുന്നു. എല്ലാ വർഷവും റമളാനിൽ ഇഅ്തിക്കാഫിരിക്കുമായിരുന്നു. നമസ്കാരം കൃത്യനിഷ്ഠയോടെ നിർവഹിച്ചിരുന്നു. മറ്റുള്ളവരോടു നമസ്കരിക്കാൻ പറയുകയും ചെയ്യുമായിരുന്നു. സുബ്ഹി നമസ്കാരത്തിനുമുമ്പേ വന്ന് ജമാഅത്തിന്റെ ആൺകുട്ടികളുടെ ഹോസ്റ്റലിൽപോയി കുട്ടികളെ നമസ്കാരത്തിന് ഉണർത്തുമായിരുന്നു. ബാങ്കുകൊടുക്കുകയും മസ്ജിദിന്റെ ശുചിത്വം എപ്പോഴും ശ്രദ്ധിക്കുകയും ചെയ്യുമായിരുന്നു. ലാഹോറിൽ മസ്ജിദുകളുടെമേൽ ആക്രമണമുണ്ടാകുകയും ശഹാദത്തുകളുടെ വാർത്ത കേൾക്കുകയും ചെയ്തപ്പോൾ അദ്ദേഹത്തിന് അതിയായ വേദനയുണ്ടായി. ഒരുപാട് കരഞ്ഞു. ആ ശുഹദാക്കളിൽപെട്ടിരുന്നുവെങ്കിലെന്ന് ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ടിരുന്നു. ജമാഅത്തിന്റെ ജോലികളിൽ എപ്പോഴും മുന്നിലായിരുന്നു. 2004ൽ അവിടെ ഞാൻ പര്യടനത്തിനു പോയപ്പോൾ അവിടേയും സെക്യൂരിറ്റി ഡ്യൂട്ടി എപ്പോഴും കൊടുത്തുകൊണ്ടിരുന്നു. ഒരിക്കൽ അവിടെ ഒരു പരിപാടിയിൽ ഞാൻ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ദേഹം ഡ്യൂട്ടിക്കിടയിൽ ബോധംകെട്ടു വീണു. ഭക്ഷണമൊന്നും കഴിച്ചിട്ടുണ്ടാകുകയില്ല. നേരെ നിവർന്നുനില്ക്കുകയായിരുന്നു. അതിനുശേഷം 'അന്ന് വീണയാളാണ് താനെന്ന് പരിചയപ്പെടുത്തിക്കൊണ്ടായിരുന്നു' എപ്പോഴും കത്തെഴുതിയിരുന്നത്. വളരെ ആത്മാർഥനും ഖിലാഫത്തിന്റെയും അഹ്മദിയ്യത്തിന്റെയും സത്യവാനായ പ്രേമിയുമായിരുന്നു. ജോലിയുടെ അടിസ്ഥാനത്തിൽ വനംവകുപ്പിൽ സെക്യൂരിറ്റി ഗാർഡായിരുന്നു. അദ്ദേഹത്തിന്റെ ഖബ്റടക്ക കർമത്തിൽ പങ്കെടുത്ത സെൻട്രൽ മേയറെ പ്രതിനിധാനം ചെയ്ത് വനംവകുപ്പിന്റെ കമാന്റിംഗ് ഓഫീസർ വളരെ നല്ലനിലയിൽ അദ്ദേഹത്തിന്റെ സേവനങ്ങൾ എല്ലാവരുടേയും മുമ്പിൽ വിവരിച്ചു. ഇസ്മായീൽ കൂറുള്ളയാളും ആത്മാർഥനും വിശ്വസ്തനും മന്ദസ്മിതവദനനുമായിരുന്നുവെന്ന് പറഞ്ഞു. തന്റെ കടമകൾ വളരെ നല്ലരീതിയിൽ നിർവഹിച്ചിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു.

സന്തപ്തകുടുംബാംഗങ്ങളിൽ ആദ്യഭാര്യയിൽ ഒരു മകനും ഒരു മകളുമുണ്ട്. രണ്ടാമത്തെ ഭാര്യയിൽ ഒന്നുരണ്ടുമാസം പ്രായമുള്ള മകളുണ്ട്. അല്ലാഹു പരേതന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. മഗ്ഫിറത്തോടെ പെരുമാറട്ടെ. ആ കുട്ടികളേയും തന്റെ സംരക്ഷണത്തിലും സമാധാനത്തിലും വെക്കുമാറാകട്ടെ.

♦♦♦♦

# പീസ് സിമ്പോസിയം നടത്തി

പാലക്കാട് ജില്ലാ അഹ്മദിയ്യാ ജമാഅത്ത് 2018 ഡിസംബർ 10ന് തിങ്കളാഴ്ച മണ്ണാർക്കാട് റൂറൽ കോ-ഓപ്പറേറ്റീവ് ബാങ്ക് ഓഡിറ്റോറിയത്തിൽ വൈകീട്ട് 5 മണിക്ക് സംഘടിപ്പിച്ച പീസ് സിമ്പോസിയത്തിൽ അറുപത്തിഅഞ്ചിലേറെ പ്രമുഖ അനഹ്മദി അതിഥികൾ പങ്കെടുത്തു. കോളേജ് പ്രൊഫസർമാരും റിട്ട. ഉദ്യോഗസ്ഥരും, വ്യവസായ പ്രമുഖരും പള്ളി ഭാരവാഹികളും, രാഷ്ട്രീയനേതാക്കളും അവരിലുണ്ടായിരുന്നു.

മൗലവി കെ. മുഹമ്മദ് സലിം സാഹിബിന്റെ ഖുർആൻ പാരായണത്തോടെ ആരംഭിച്ച പരിപാടിയിൽ കെ. ബാഹിർ അഹ്മദ് ശംസ് മൈത്രീഗാനം ആലപിച്ചു. സ്വാഗതമാശംസിച്ച പ്രോഗ്രാം കമ്മിറ്റി ചെയർമാൻ എം. താജുദ്ദീൻ സാഹിബും അധ്യക്ഷത വഹിച്ച ജില്ലാ അമീർ എച്ച്. സുലൈമാൻ സാഹിബും ജമാഅത്തിന്റെ ഖിലാഫത്തിനു കീഴിൽ നടക്കുന്ന ആഗോളതല പ്രവർത്തനങ്ങൾ പരിചയപ്പെടുത്തിക്കൊണ്ടു സംസാരിച്ചു.

പ്രമുഖ പ്രഭാഷകനും, രാഷ്ട്രീയ നിരീക്ഷകനും മതവിമർശകനുമായ പ്രൊഫ. ഹമീദ് ചേന്ദമംഗലൂർ പ്രഭാഷണം നടത്തി. കേരള നിയമസഭാ മുൻ ഡപ്യൂട്ടി സ്പീക്കർ ജോസ് ബേബി, ഫാദർ ജോർജ് തുരുത്തിപ്പള്ളി, നാടകകൃത്ത് കെ.പി.എസ്. പയ്യനെടം, റൂറൽബാങ്ക് സെക്രട്ടറി എം. പുരുഷോത്തമൻ, വാർഡ് കൗൺസിലർ എൻ.കെ. സുജാത എന്നിവർ ആശംസാ പ്രസംഗം നടത്തി. മുനിസിപ്പൽ വൈസ് ചെയർമാൻ ടി.ആർ. സെബാസ്റ്റ്യനും സന്നിഹിതനായിരുന്നു. ഹമീദ് ചേന്ദമംഗലൂർ ഇസ്‌ലാമിനെതിരെ ഉന്നയിച്ച ആക്ഷേപങ്ങൾക്ക് യുവപണ്ഡിതനും നൂറുൽ ഇസ്‌ലാം കേരള ഇൻചാർജ് മുബല്ലിഗുമായ മൗലവി ഹുസാം അഹ്മദ് സാഹിബ് സമുചിതമായ മറുപടി നൽകി. പ്രോഗ്രാം കൺവീനർ പ്രൊഫ. എം.കെ. അബ്ദുൽ മജീദ് സാഹിബ് നന്ദി പ്രകാശിപ്പിച്ചു. അവിചാരിതമായ ട്രാഫിക് ബ്ലോക്കുമൂലം പല അതിഥികൾക്കും എത്തിച്ചേരാൻ കഴിഞ്ഞില്ല. ഉദ്ഘാടകനായിരുന്ന സ്ഥലം എം.എൽ.എ. അഡ്വ. എൻ. ശംസുദ്ദീൻ സാഹിബും എത്തിച്ചേരാൻ കഴിയാത്തതിൽ അസൗകര്യം അറിയിച്ചിരുന്നു. 200 ഓളം പേർ പങ്കെടുത്തു. എല്ലാവർക്കും ഭക്ഷണസൽക്കാരം ഏർപ്പാട് ചെയ്തിരുന്നു. ഖലീഫാ തിരുമനസ്സിലെ പീസ് സിമ്പോസിയം വീഡിയോയും പ്രദർശിപ്പിച്ചിരുന്നു.

## നിങ്ങൾക്കുമെഴുതാം

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചുതരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി,**
**കണ്ണൂർ 670 303.**
**ismayeel.ha@gmail.com-**

( പേജ് 1ൽ നിന്ന്)

ലീറാ (2,37,500 രൂപ) ഉടമസ്ഥന്മാർക്ക് നല്കി വാങ്ങാൻ ആഗ്രഹിക്കുന്നു.

*മർയമിന്റെ പുത്രൻ യേശുവിന്റെ പ്രാർഥന,*

ഇവർ രണ്ടു പേരിലും സമാധാനം ഉണ്ടാകട്ടെ.

അദ്ദേഹം പറഞ്ഞു: "അല്ലയോ എന്റെ ദൈവമേ, ഞാൻ മോശമാണെന്നു കരുതുന്ന വസ്തുവിന്റെമേൽ വിജയം വരിക്കാൻ എനിക്ക് കഴിവില്ല. എനിക്കാഗ്രഹമുള്ള നന്മ ഞാൻ കരസ്ഥമാക്കിയിട്ടുമില്ല. എന്നാൽ, മറ്റുള്ളവർ തങ്ങളുടെ പ്രതിഫലം സ്വന്തം കൈകളിൽ വെക്കുന്നു; ഞാൻ വെക്കുന്നില്ല. പക്ഷേ, എന്റെ വലുപ്പം എന്റെ പ്രവൃത്തിയിലുണ്ട്. എന്നേക്കാൾ മോശപ്പെട്ട അവസ്ഥയിൽ മറ്റൊരു വ്യക്തിയുമില്ല. അത്യുന്നതനായ ദൈവമേ, എന്റെ പാപങ്ങൾ പൊറുത്തുതന്നാലും. ഞാൻ എന്റെ ശത്രുക്കൾക്ക് ആക്ഷേപത്തിന് കാരണക്കാരനാകാതിരിക്കേണമേ. കുറ്റാരോപണങ്ങൾക്ക് എന്നെ നിമിത്തമാക്കരുതേ. എന്റെ സുഹൃത്തുക്കളുടെ ദൃഷ്ടിയിൽ എന്നെ നിന്ദ്യനാക്കരുതേ. എന്റെ ദൈവഭക്തി എന്നെ വിപത്തുകളിൽ അകപ്പെടുത്താനും ഇഹലോകം എന്റെ വലിയ സന്തോഷത്തിനുള്ള ഇടമോ, എന്റെ വലിയ ഉദ്ദേശ്യമോ ആകാനും ഇടവരുത്തരുതേ. എന്നോടു കരുണ കാണിക്കാത്ത വ്യക്തിയെ എന്റെമേൽ അധികാരിയാക്കരുതേ. പരമകാരുണികനായ ദൈവമേ! എന്റെ കാരുണ്യത്തിനുവേണ്ടി അങ്ങനെതന്നെ ചെയ്താലും. നിന്റെ കാരുണ്യത്തിന്റെ ആശ്രിതരായവരുടെ മേലെല്ലാം നീ കരുണ കാണിക്കുന്നു."

(കശ്തിയെ നൂഹ് റൂഹാനീ ഖസാഇൻ വാല്യം 19,പേജ് 75-77)

1. ശ്രീനഗറിലുള്ള ശവകുടീരം യഹൂദികളുടെ പ്രവാചകന്മാരുടെ ശവകുടീരങ്ങളെപ്പോലെ നിർമിതമാണെന്ന് ഒരു യഹൂദിയും സാക്ഷ്യം വഹിക്കുന്നു.

## ഖുത്ബ ജുമുഅ

**ഖുദ്സിയായ ഒരു ഹദീഥുണ്ട്. അല്ലാഹു ബദ്റിൽ പങ്കെടുത്തവരോടു പറഞ്ഞു:**
**'നിങ്ങൾക്കിഷ്ടമുള്ളതു ചെയ്തുകൊള്ളുക. ഞാൻ നിങ്ങൾക്കു പൊറുത്തുതന്നിരിക്കുന്നു.'**

**അനുസരണത്തിന്റേയും ആത്മാർഥതയുടേയും കൂറിന്റേയും രൂപമായ**
**നബി(സ)തിരുമേനിയുടെ ബദ്റിൽ പങ്കെടുത്ത സ്വഹാബിമാർ**

ഹദ്റത്ത് സിനാൻ ബിൻ അബീസിനാൻ, ഹദ്റത്ത് മഹ്ജഅ്, ഹദ്റത്ത് ആമിർ ബിൻ മുഖല്ലദ്, ഹദ്റത്ത് ഹാത്വിബ് ബിൻ അംറ് ബിൻ അബ്ദി ഖയ്സ് ബിൻ അബ്ദിശംസ്, ഹദ്റത്ത് അബൂഖുസയ്മ ബിൻ ഔസ്, ഹദ്റത്ത് തമീം മൗലാ ഖറാശ്, ഹദ്റത്ത് മുൻദിർബിൻ ഖുദാമ, ഹദ്റത്ത് ഹാരിഥ് ബിൻ ഹാത്വിബ്, ഹദ്റത്ത് ഥഅ്ലബ ബിൻ സയ്ദ്, ഹദ്റത്ത് ഉഖ്ബ ബിൻ വഹബ്, ഹദ്റത്ത് ഹുബയ്ബ് ബിൻ അസ്വദ്, ഹദ്റത്ത് ഉസ്വയ്മ അൻസ്വാരി, ഹദ്റത്ത് റാഫിഅ് ബിൻ ഹാരിഥ്, ഹദ്റത്ത് റുഖയ്ല ബിൻ ഥഅ്ലബ അൻസ്വാരി, ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് ബിൻ രിആബ്, ഹദ്റത്ത് ഥാബിത് ബിൻ അഖ്റം ബിൻ ഥഅ്ലബ, ഹദ്റത്ത് സലമ ബിൻ സലാമ, ഹദ്റത്ത് ജബ്ർ ബിൻ അത്തീക്, ഹദ്റത്ത് ഥാബിത് ബിൻ ഥഅ്ലബ, ഹദ്റത്ത് സുഹയ്ൽ ബിൻ വഹബ്, ഹദ്റത്ത് ത്വുഫയ്ൽ ബിൻ ഹാരിഥ്, ഹദ്റത്ത് അബൂസലീത് അസീറ ബിൻ അംറ്, ഹദ്റത്ത് ഥഅ്ലബ ബിൻ ഹാത്വിബ് നഅൻസ്വാരി, ഹദ്റത്ത് സഅ്ദ് ബിൻ ഉഥ്മാൻ ബിൻ ഖുൽദ അൻസ്വാരി, ഹദ്റത്ത് ആമിർ ബിൻ ഉമയ്യ, ഹദ്റത്ത് അംറ് ബിൻ അബീ സർഹ്, ഹദ്റത്ത് ഉസ്വമ ബിൻ ഹസ്വീൻ, ഹദ്റത്ത് ഖലീഫ ബിൻ അദിയ്യ്, ഹദ്റത്ത് മുആദ് ബിൻ മാഇസ്, ഹദ്റത്ത് സഅ്ദ് ബിൻ സയ്ദുൽ അശ്ഹലി തുടങ്ങിയവരുടെ അനുഗൃഹീത ജീവചരിത്ര വിവരണം.

അല്ലാഹു ഈ സ്വഹാബിമാരുടെ ദർജകൾ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ. നമുക്കും സൽക്കർമങ്ങൾ ചെയ്യാനും ത്യാഗങ്ങൾ വരിക്കാനും ആത്മാർഥതയും കൂറുമനുസരിച്ച് ജീവിക്കാനും തൗഫീഖ് നല്കുമാറാകട്ടെ.

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2018 നവംബർ 23/1397 തബൂക് 23**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ്, മോർഡൻ,(യു.കെ)**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഇന്നുമുതൽ വീണ്ടും ബദ്ർയുദ്ധത്തിൽ പങ്കെടുത്ത സ്വഹാബാക്കളുടെ വിവരണങ്ങൾ ഞാൻ ആരംഭിക്കുകയാണ്. ആദ്യമായി പരാമർശിക്കാൻ പോകുന്ന സ്വഹാബിയുടെ പേര് ഹദ്റത്ത് സിനാൻ ബിൻ അബീ സിനാൻ എന്നാണ്. ഹദ്റത്ത് സിനാൻ ബിൻ അബീ സിനാൻ ബനൂ അസ്ദ് ഗോത്രത്തിൽപ്പെട്ട ആളായിരുന്നു. ബനൂ അബ്ദുശംസിന്റെ സഖ്യകക്ഷിയായിരുന്നു. ബദ്ർ യുദ്ധത്തിൽ അദ്ദേഹം പങ്കെടുത്തു. ഉഹുദ്, ഖൻദഖ്, ഹുദയ്ബിയ ഉൾപ്പെടെ നബി(സ)തിരുമേനി ചെയ്ത എല്ലാ യുദ്ധങ്ങളിലും അവിടത്തെ സഹയാത്രികനായിരുന്നു. രിള്വാൻ ബയ്അത്തിൽ ഏറ്റവും ആദ്യം ബയ്അത്തു ചെയ്തത് ആരാണെന്ന കാര്യത്തിൽ ഭിന്നാഭിപ്രായമുണ്ട്. ചിലരുടെ പക്കൽ ഹദ്റത്ത് അബ്ദുല്ലാ ബിൻ ഉമറാണ് ബയ്അത്ത് ചെയ്തത്. ചിലർ ഹദ്റത്ത് സലമ അൽഅകൂഅ്ന്റെ പേരു പറയുന്നു. എന്നാൽ, വാഖിദിയുടെ അഭിപ്രായത്തിൽ ഹദ്റത്ത് സിനാൻ ബിൻ അബീ സിനാനാണ് ആദ്യമായി ബയ്അത്തു ചെയ്തത്. ചിലർ പറയുന്നത് ഹദ്റത്ത് സിനാന്റെ പിതാവാണ് ആദ്യമായി ബയ്അത്ത് ചെയ്യാനുള്ള ഭാഗ്യം കരസ്ഥമാക്കിയതെന്നാണ്. എന്തായാലും ചരിത്രത്തിൽ വിവരിച്ചിട്ടുള്ളത് രിള്വാൻ ബയ്അത്തിൽ നബി(സ)തിരുമേനി ബയ്അത്തു വാങ്ങാൻ തുടങ്ങിയപ്പോൾ ഹദ്റത്ത് സിനാൻ(റ)നും തന്റെ ബയ്അത്ത് സ്വീകരിക്കാൻ കൈനീട്ടി എന്നാണ്. അപ്പോൾ നബി(സ)തിരുമേനി ഏതു കാര്യത്തിലാണ് ബയ്അത്തു ചെയ്യുന്നതെന്ന് ചോദിച്ചു. ഹദ്റത്ത് സിനാൻ(റ) പറഞ്ഞു:അങ്ങയുടെ മനസ്സിലുള്ളതിന്! തന്റെ മനസ്സിലെന്താണുള്ളതെന്ന് നബി(സ)തിരുമേനി ചോദിച്ചു. താങ്കൾക്കത് അറിയുമോ? സ്വഹാബാക്കളിൽ നബി(സ)തിരുമേനിയുടെ സത്സംഗത്തിന്റെ സ്വാധീനവുമുണ്ടായിരുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു: 'വിജയിയാകുക, അല്ലെങ്കിൽ ശഹീദാകുക.' അപ്പോൾ തങ്ങളും സിനാൻ പറഞ്ഞ അതേ കാര്യത്തിൽത്തന്നെ ബയ്അത്തു ചെയ്യുന്നുവെന്ന് മറ്റുള്ളവരും പറയാൻ തുടങ്ങി.(റൗളുൽ അൻഫ്, വാള്യം 4, പേജ് 62, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്). സീറത്തുൽ ഹൽബിയ്യ വാള്യം 3 പേജ് 26, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002). അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 69, സിനാൻ ബിൻ സിനാൻ വമിൻ ഖുലഫാഇ ബനീ അബ്ദി ശംസ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (അസദുൽ ഗാബ, വാള്യം 3, പേജ് 561, സിനാൻ ബിൻ സിനാൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

ഹദ്റത്ത് സിനാൻ(റ) ബയ്അത്ത് ചെയ്ത മുതിർന്ന മുഹാജിർ സ്വഹാബികളിൽപ്പെട്ട ആളായിരുന്നു.(സറത്ത് ഇബ്നു കഥീർ, പേജ് 280, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2005). (താരീഖുൽ ഇസ്ലാം വ വഫ്യാത്തുൽ മശാഹീർ വൽ അഅ്ലാം, വാള്യം 3, പേജ് 371, ദാറുൽകുതുബുൽ അറബി ബേറൂത്ത് 1993, അസ്മക്തബത്തുശ്ശാമില)

ത്വുലയ്ഹ ബിൻ ഖുവയ്ലിദ് നുബുവ്വത്ത് വാദം പുറപ്പെടുവിച്ചപ്പോൾ ഏറ്റവും ആദ്യം ഹദ്റത്ത് സിനാൻ(റ)ആണ് കത്തെഴുതി ഹദ്റത്ത് നബി(സ)ക്ക് വിവരമറിയിച്ചത്. അദ്ദേഹം ആ സമയത്ത് ബനൂമാലിക്കിന്റെ ഉദ്യോഗസ്ഥനായിരുന്നു.'(താരീഖ് അത്ത്വബരി വാള്യം 3, പേജ് 245, പ്രസാധകർ ദാറുൽഫിക്ർ ബേറൂത്ത് 2002)

പറയാൻ പോകുന്ന രണ്ടാമത്തെ സ്വഹാബി ഹദ്റത്ത് ഉമർ(റ)ന്റെ അടിമയായിരുന്ന ഹദ്റത്ത് മഹ്ജഅ് ആണ്. ഇദ്ദേഹം ബദ്ർ യുദ്ധത്തിൽ ഏറ്റവും ആദ്യം ശഹീദായി. അദ്ദേഹത്തിന്റെ ബന്ധം യമനുമായിട്ടായിരുന്നു. തുടക്കത്തിൽ തടവുകാരന്റെ അവസ്ഥയിൽ ഇദ്ദേഹത്തെ ഹദ്റത്ത് ഉമറിന്റെ അടുത്തു കൊണ്ടുവന്നു. ആ നേരത്ത് ഹദ്റത്ത് ഉമർ(റ)ഔദാര്യം കാണിച്ച് ഇദ്ദേഹത്തെ സ്വതന്ത്രനാക്കി. ആദ്യകാല മുഹാജിറുകളിൽപ്പെട്ടയാളായിരുന്നു. ബദ്ർ യുദ്ധത്തിൽ പങ്കെടുത്തു. ഇസ്ലാമിക സൈന്യത്തിൽ ഏറ്റവും ആദ്യം ശഹീദായി എന്ന ബഹുമതി ആദ്യമെ പറഞ്ഞതുപോലെ ഇദ്ദേഹത്തിനുണ്ട്. ഇദ്ദേഹം രണ്ട് അണികളുടെ ഇടയിലായിരുന്നു. പൊടുന്നനെ ഇദ്ദേഹത്തിനൊരു അമ്പേറ്റു. അങ്ങനെയാണ് ഇദ്ദേഹം ശഹീദായത്. ആമിർ ബിൻ ഹള്റമിയാണ് ഇദ്ദേഹത്തെ ശഹീദാക്കിയത്. അയാളുടെ അമ്പാണേറ്റത്. ഹദ്റത്ത് സഈദ് ബിൻ മുസയ്യിബ് നിവേദനം: ഹദ്ത്ത് മഹ്ജഅ് ശഹീദാകുമ്പോൾ അദ്ദേഹത്തിന്റെ നാവിലുണ്ടായിരുന്ന വാക്കുകൾ ഇതായിരുന്നു: അന മഹജഉൻ വ ഇലാ റബ്ബീ അർജിഉ. അതായത് ഞാൻ മഹ്ജഅ് ആകുന്നു. ഞാൻ എന്റെ നാഥന്റെ അടുത്തേക്കു മടങ്ങുകയാണ്. *ഹദ്റത്ത് മഹ്ജഅ് വലാ തത്റുദില്ലദീന യദ്ഊന റബ്ബഹും ബിൽഗദാത്തി വൽഅശിയ്യി യുരീദൂന വജ്ഹഹൂ* തങ്ങളുടെ നാഥന്റെ പ്രീതിയെ ഉദ്ദേശിച്ച് പ്രഭാതത്തിലും പ്രദോഷത്തിലും അവനെ വിളിച്ചു പ്രാർഥിക്കുന്നവരെ നീ വിരട്ടിയകറ്ററുത്(6:3) എന്ന വചനം ആരെ കുറിച്ച് ഇറങ്ങിയോ അവരിൽപ്പെട്ടയാളായിരുന്നു ഹദ്റത്ത് മഹ്ജഅ്. അദ്ദേഹത്തിനു പുറമെ താഴെ പറയുന്ന സ്വഹാബിമാരും അദ്ദേഹത്തിനോടൊപ്പം ഉണ്ടായിരുന്നു. ഹദ്റത്ത് ബിലാൽ(റ), ഹദ്റത്ത് സ്വുഹയ്ബ്(റ), ഹദ്റത്ത് അമ്മാർ(റ), ഖബ്ബാബ്(റ), ഹദ്റത്ത് ഉത്ബ ബിൻ ഗസ്വാൻ(റ), ഹദ്റത്ത് ഔസ് ബിൻ ഖൗലി(റ), ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റ(റ).(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 299-300, മഹ്ജഅ് ബിൻ സ്വാലിഹ് പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

(അസദുൽ ഗാബ, വാള്യം 5, പേജ് 268, മഹ്ജ

ത്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003). (കൻസുൽ ഉമ്മാൽ വാള്യം 10, പേജ് 408, കിതാബുൽ ഗദവാത്ത്, ഹദീഥ് 29985, പ്രസാധകർ മുഅസ്സസത്തുർരിസാല ബേറൂത്ത് 1985).

ഇതിന്റെ ഉദ്ദേശ്യം നഊദുബില്ലാഹ് നബി(സ) തിരുമേനി ദരിദ്രരെ ആട്ടിയോടിക്കാറുണ്ടായിരുന്നുവെന്നും അതുകൊണ്ടാണ് ഈ വചനമിറങ്ങിയതെന്നുമല്ല. നബി(സ)തിരുമേനിയുടെ ദരിദ്രരോടുള്ള സ്നേഹവും ആദരവും ബഹുമാനവും വാത്സല്യവും അതുല്യവും അസാധാരണവുമായിരുന്നു. ഹദീഥുകളിൽനിന്നും ആ ദരിദ്രജനങ്ങൾ പറഞ്ഞിട്ടുള്ളതിൽനിന്നും നമുക്ക് അത് മനസ്സിലാക്കാവുന്നതാണ്. തങ്ങൾക്ക് കൂടുതൽ ആദരവും ബഹുമാനവും നല്കണമെന്ന് ആഗ്രഹിച്ചിരുന്ന സമ്പന്നർക്കും വലിയവർക്കുമുള്ള മറുപടിയാണ് ഇതിലുള്ളത്. ദൈവസ്മരണയിലും ആരാധനയിലും മുൻകടന്നിരിക്കുന്ന ദരിദ്രർക്കുള്ള ആദരവും ബഹുമാനവും അല്ലാഹുവിന്റെ പക്കൽ നിങ്ങളുടെ സമ്പത്തിനെക്കാളും കുടുംബമഹിമയേക്കാളും കൂടുതലാണെന്ന് റസൂലിനോട് പറഞ്ഞിട്ടുമുണ്ട്. അല്ലാഹു കല്പിക്കുന്നതാണ് അല്ലാഹുവിന്റെ റസൂൽ നടപ്പിൽ വരുത്തുന്നത്. യഥാർഥത്തിൽ തങ്ങളുടെ സ്ഥാനമാണ് ഉയർന്നതെന്ന് ധരിച്ചിരുന്ന സമ്പന്നർക്കുള്ള മറുപടിയാണ് ഈ ആയത്തിലുള്ളത്; അല്ലാഹുവിന്റെ റസൂലിന് നിങ്ങളുടെ ആദരവും സമ്പത്തമൊന്നും ഒരു പ്രശ്നമല്ല. അദ്ദേഹത്തിന് ഈ ദരിദ്രരായ ആളുകളാണ് ഏറെ പ്രിയപ്പെട്ടത്.

സ്വഹാബി ഹദ്‌റത്ത് ആമിർ ബിൻ മുഖല്ലദ്(റ): ഇദ്ദേഹത്തിന്റെ മാതാവിന്റെ പേര് അമ്മാറ ബിൻത് ഖൻസാ എന്നായിരുന്നു. അദ്ദേഹത്തിന്റെ ബന്ധം ഖസ്റജ് ഗോത്രത്തിലെ ബനൂ മാലിക് ബിൻ നജ്ജാറുമായിട്ടായിരുന്നു. ഉഹുദ്, ബദ്ർ യുദ്ധങ്ങളിൽ പങ്കെടുക്കുകയും ഉഹുദു യുദ്ധത്തിൽ ശഹീദാകുകയും ചെയ്തു. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 375-376, ആമിർ ബിൻ മുഖല്ലദ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

മറ്റൊരു സ്വഹാബിയായിരുന്നു ഹദ്‌റത്ത് ഹാത്വിബ് ബിൻ അംറ് ബിൻ അബ്ദിശ്ശംസ്. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂ ഹാത്വിബ് എന്നായിരുന്നു. അദ്ദേഹത്തിന്റെ ബന്ധം ബനൂ ആമിർ ബിൻ ലുവയ്യി ഖബീലയുമായിട്ടായിരുന്നു. അദ്ദേഹത്തിന്റെ മാതാവ് അസ്മാ ബിൻത് ഹാരിഥ് ബിൻ നൗഫലായിരുന്നു. അദ്ദേഹം അശ്ജഅ് ഗോത്രത്തിൽപ്പെട്ടയാളായിരുന്നു. ഹദ്‌റത്ത് സുഹയ്ൽബിൻ അംറ്, ഹദ്‌റത്ത് സലീത് ബിൻ അംറ്, ഹദ്‌റത്ത് സക്റാൻ ബിൻ അംറ് എന്നിവർ അദ്ദേഹത്തിന്റെ സഹോദരങ്ങളായിരുന്നു. ഹദ്‌റത്ത് ഹാത്വിബ് ബിൻ അംറിന്റെ മക്കളിൽ അംറ് ബിൻ ഹാത്വിബുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മാതാവ് റയ്ത് ബിൻത് അൽഖമ ആയിരുന്നു.'(അസദുൽ ഗാബ, വാള്യം 1, പേജ് 662, ഹാത്വിബ് ബിൻ അംറ്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003). (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 309, ഹാത്വിബ് ബിൻ അംറ്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

നബി(സ)തിരുമേനി ദാറെഅർഖമിൽ വരുന്നതിനു മുമ്പേ ഹദ്‌റത്ത് അബൂബക്കർ(റ)ന്റെ തബ്ലീഗ് മുഖേന അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചിരുന്നു. ഹബ്ശയിലേക്ക് രണ്ടുതവണ ഹിജ്റത്ത് ചെയ്തു. ഒരു നിവേദനമനുസരിച്ച് ഒന്നാം ഹിജ്റത്തിൽ ഏറ്റവും ആദ്യം ഹബ്ശാ രാജ്യത്തെത്തിയത് ഹദ്‌റത്ത് ഹാത്വിബ് ബിൻ അംറ് ബിൻ അബ്ദി ശംസ് ആയിരുന്നു. അദ്ദേഹം മക്കയിൽനിന്ന് മദീനയിലക്ക് ഹിജ്റത്ത് ചെയ്തപ്പോൾ ഹദ്‌റത്ത് അബൂലുബാബ ബിൻ അബ്ദുൽ മുൻദിറിന്റെ സഹോദരനായ ഹദ്‌റത്ത് രിഫാഅ ബിൻ അബ്ദുൽമുൻദിറിന്റെ വീട്ടിലാണ് താമസിച്ചത്. തന്റെ സഹോദരനായ ഹദ്‌റത്ത് സലീത് ബിൻ അംറിനോടൊപ്പം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തു. ഉഹുദു യുദ്ധത്തിലും പങ്കെടുത്തു. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 309, ഹാത്വിബ് ബിൻ അംറ്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).(സീറത്തു ഇബ്നു ഹിശാം പേജ് 117-119, ബാബു ഇസ്‌ലാം അബീബക്കർ വ മിൻ മഅഹൂ മിനസ്സാബിഖീൻ, പ്രസാധകർ ദാറു ഇബ്നി ഹസം ബേറൂത്ത് 2009). ഹദ്‌റത്ത് സൗദ ബിൻത് സംഅയുടെ വിവാഹം നബി(സ) തിരുമേനിയുമായി നടത്തിയത് ഹദ്‌റത്ത് സലീത് ബിൻ അംറ് ആയിരുന്നു. ചിലർ പറയുന്നത് ഹദ്‌റത്ത് അബൂ ഹാത്വിബ് ബിൻ അംറ് നടത്തിക്കൊടുത്തുവെന്നാണ്. മഹ്ർ 400 ദിർഹമായിരുന്നു.

ഈ വിവാഹത്തിന്റെ വിവരണം ത്വബക്കാത്തുൽ കുബ്റായിൽ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്: ഹദ്‌റത്ത് സൗദ(റ)യുടെ ആദ്യത്തെ ഭർത്താവ് ഹദ്‌റത്ത് സക്റാൻ ബിൽ അംറായിരുന്നു. അദ്ദേഹം ഹദ്‌റത്ത് ഹാത്വിബ് ബിൻ അംറിന്റെ സഹോദരനായിരുന്നു. അദ്ദേഹം ഹബ്ശയിൽനിന്ന് മക്കയിലേക്ക് മടങ്ങിവരുന്നതിനിടയിൽ വഫാത്തായി. ഹദ്‌റത്ത് സൗദയുടെ ഇദ്ദ പൂർത്തിയായപ്പോൾ നബി(സ) തിരുമേനി അവർക്ക് നിക്കാഹ് സന്ദേശമയച്ചു. ഹദ്‌റത്ത് സൗദ പറഞ്ഞു: 'എന്റെ കാര്യം അങ്ങയിൽ അർപ്പിതമാണ്.' അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'നിങ്ങളുടെ ജനതയിൽപ്പെട്ട ആരെയെങ്കിലും നിങ്ങളുടെ (സൗദായുടെ) വിവാഹം ഞാനുമായി നടത്താൻ നിശ്ചയിക്കുക.' അപ്പോൾ ഹദ്‌റത്ത് സൗദ, ഹദ്‌റത്ത് ഹാത്വിബ് ബിൻ അംറിനെ അതിന് നിശ്ചയിച്ചു. ഇപ്രകാരം ഹദ്‌റത്ത് സൗദയുടെ വിവാഹം നബി(സ) തിരുമേനിയുമായി ഹദ്‌റത്ത് ഹാത്വിബ് നടത്തി. ഹദ്‌റത്ത് ഖദീജ(റ)യ്ക്കുശേഷം നബി(സ) തിരുമേനി ആദ്യം വിവാഹം ചെയ്തത് ഹദ്‌റത്ത് സൗദയെയായിരുന്നു. (സീറത്ത് ഇബ്നു ഹിശാം, പേജ് 661, ബാബ് ദിക്റു അസ്വാജിഹി(സ) സൗദ ബിൻ സംഅ(റ). പ്രസാധകർ ദാറു ഇബ്നു ഹസം ബേറൂത്ത് 2009) (അത്ത്വബഖാത്തുൽ കുബ്റാ, വാള്യം 8, പേജ് 42, ദിക്റു അസ്വാജി റസൂലുല്ലാഹി(സ). പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഹുദയ്ബിയ എന്ന സ്ഥലത്ത് നടന്ന രിള്‌വാൻ ബയ്അത്തിലും ഇദ്ദേഹം പങ്കെടുത്തിരുന്നു.(കിതാബുൽ മഗാസി വാള്യം 2, പേജ് 92, ബാബ് ഗസ്‌വ ഹുദയ്ബിയ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2004).

സ്വഹാബി ഹദ്‌റത്ത് അബൂഖുസയ്മ ബിൻ ഔസ്: ഇദ്ദേഹത്തിന്റെ മാതാവിന്റെ പേര് ഉംറ ബിൻത് മസ്ഊദ് എന്നായിരുന്നു. ഹദ്‌റത്ത് മസ്ഊദ് ബിൻ ഔസിന്റെ സഹോദരനായിരുന്നു. ഹദ്‌റത്ത് മസ്ഊദ് ബിൻ ഔസും ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ഇദ്ദേഹം ബദ്ർ, ഉഹുദ്, ഖൻദഖ് തുടങ്ങി എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയുടെ കൂടെ പങ്കെടുത്തു. ഹദ്‌റത്ത് ഉഥ്മാൻ(റ)ന്റെ ഖിലാഫത്തു കാലത്താണ് അദ്ദേഹം വഫാത്തായത്.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 373, അബൂഖുസയ്മ ബിൻ ഔസ്(റ), മസ്ഊദ് ബിൻ ഔസ്(റ). പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

സ്വഹാബി ഹദ്‌റത്ത് തമീം മൗലാ ഖറാശ്: ഹദ്‌റത്ത് തമീം, ഹദ്‌റത്ത് ഖറാശ് സ്വതന്ത്രനാക്കിയ അടിമയായിരുന്നു. നബി(സ)തിരുമേനി അദ്ദേഹത്തേയും ഉത്ബ ബിൻ ഗസ്‌വാൻ സ്വതന്ത്രനാക്കിയ അടിമ ഹദ്‌റത്ത് ഖബ്ബാബിനേയും സഹോദരന്മാരാക്കി. ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ അദ്ദേഹം പങ്കെടുത്തു.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 429, തമീം മൗലാ ഖറാശ്(റ). പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഹദ്‌റത്ത് മുൻദിർ ബിൻ ഖുദാമ: ഹദ്‌റത്ത് മുൻദിർ ബിൻ ഖുദാമയുടെ ബന്ധം ബനു ഗനം ഗോത്രവുമായിട്ടായിരുന്നു. അദ്ദേഹം ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുത്തിരുന്നു. അല്ലാമാ വാഖ്ദിയുടെ അഭിപ്രായത്തിൽ അദ്ദേഹം ബനൂഖയ്നഖായുടെ തടവുകാരുടെമേൽ നിയമിക്കപ്പെട്ടിരുന്നു. (അൽ ഇസ്വാബ ഫീ തമീസി സ്സ്വഹാബ വാള്യം 6, പേജ് 172, മുൻദിർ ബിൻ ഖുദാമ(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995). (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 367, മുൻദിർ ബിൻ ഖുദാമ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

സ്വഹാബി ഹദ്‌റത്ത് ഹാരിഥ് ബിൻ ഹാത്വിബ്: ഇദ്ദേഹവും ബദ്റിൽ പങ്കെടുത്ത സ്വഹാബിയായിരുന്നു. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂ അബ്ദുല്ലാഹ് എന്നായിരുന്നു. അദ്ദേഹത്തിന്റെ മാതാവിന്റെ പേര് ഉമാമ ബിൻത് സ്വാമിത്ത് എന്നായിരുന്നു. അൻസ്വാറിലെ ഗോത്രമായ ഔസുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. ഹദ്‌റത്ത് ഥഅ്ലബ ബിൻത് ഹാത്വിബിന്റെ സഹോദരനായിരുന്നു. ഹദ്‌റത്ത് ഹാരിഥ് ബിൻ ഹാത്വിബും ഹദ്‌റത്ത് അബൂ ലുബാബാ ബിൻ അബ്ദുൽമുൻദിറും നബി(സ)തിരുമേനിയുടെ കൂടെ ബദ്ർ യുദ്ധത്തിനായി പോവുകയായിരുന്നു. റൗഹാ എന്ന സ്ഥലത്തെത്തിയപ്പോൾ നബി(സ)തിരുമേനി ഹദ്‌റത്ത് അബൂലുബാബാ ബിൻ അബ്ദുൽ മുൻദിറിനെ മദീനയുടെ ഭരണാധികാരിയായും ഹദ്‌റത്ത് ഹാരിഥ് ബിൻ ഹാത്വിബിനെ ബനൂ അംറുബിൻ ഔഫ് ഗോത്രത്തിന്റെ അമീർ ആയും നിശ്ചയിച്ചുകൊണ്ട് മദീനയിലേക്കു തിരിച്ചയച്ചു. എന്നാൽ രണ്ടു പേരെയും ബദ്‌രീ സ്വഹാബാക്കളിൽ ഉൾപ്പെടുത്തിക്കൊണ്ട് യുദ്ധമുതലിൽനിന്നും പങ്കു നൽകുകയുണ്ടായി. ഹദ്‌റത്ത് ഹാരിഥ് ബിൻ ഹാത്വിബിന് ബദ്ർ, ഉഹുദ്, ഖൻദഖ് ഉൾപ്പെടെ എല്ലാ യുദ്ധങ്ങളിലും നബിതിരുമേനി(സ)യുടെ കൂടെ പങ്കെടുക്കാൻ ഭാഗ്യം ലഭിച്ചു. രിള്‌വാൻ ബയ്അത്തിലും പങ്കെടുത്തിരുന്നു. കാരണം അദ്ദേഹം തയ്യാറായിട്ടുതന്നെയാണ് പോരുന്നത്. ബദ്റിൽ പങ്കെടുക്കണമെന്നത് അദ്ദേഹത്തിന്റെ തികഞ്ഞ നിയ്യത്തായിരുന്നു. അതുകൊണ്ടാണ് നബി(സ)തിരുമേനി അമീറാക്കി തിരിച്ചയച്ചിട്ടും ബദ്ർ യുദ്ധത്തിൽ പങ്കെടുത്തവരിൽ അദ്ദേഹത്തേയും ഉൾപ്പെടുത്തിയത്. ഖയ്ബർ യുദ്ധത്തിനിടയിൽ കോട്ടയുടെ മുകളിൽ നിന്ന് ഒരു യഹൂദി അമ്പെയ്തു. അത് ഹാരിഥ് ബിൻ ഹാത്വിബിന്റെ ശിരസ്സിൽ തറയ്ക്കുകയും അദ്ദേഹം ശഹീദാകുകയും ചെയ്തു.(അസദുൽ ഗാബ, വാള്യം 1, പേജ് 598, ഹാരിഥ് ബിൻ ഹാത്വിബ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003). (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 351, ഹാരിഥ് ബിൻ ഹാത്വിബ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

സ്വഹാബി ഹദ്‌റത്ത് ഥഅ്ലബ ബിൻ സയ്ദ്: അൻസ്വാർ ഗോത്രമായ ബനൂഖസ്റജുമായിട്ടാണ് അദ്ദേഹത്തിന്റെ ബന്ധം. ബദ്ർ യുദ്ധത്തിൽ അദ്ദേഹം പങ്കെടുത്തിരുന്നു. ഹദ്‌റത്ത് ഥാബിത് ബിൻ അൽജിദ്ഇന്റെ പിതാവായിരുന്നു. ഹദ്‌റത്ത് ഥഅ്ലബ ബിൻ സയ്ദിന്റെ ഉപനാമം അൽജിദ്അ് എന്നായിരുന്നു. മനക്കരുത്തും നിശ്ചയദാർഢ്യവും ധൈര്യശാലിയുമായ കാരണത്താലാണ് അൽജിദ്അ് എന്ന് പറയപ്പെട്ടിരുന്നത്. അതായത് പനയുടെ തടിക്കും, കെട്ടിടത്തിന്റെ ഉത്തരത്തിനും ജിദ്അ് എന്നു പറയും. എന്തായാലും ശക്തമായ മനസ്സിന്റെ ഉടമയായിരുന്നു അദ്ദേഹം. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ ഉപനാമം അൽജിദ്അ് എന്നായത്. ഹദ്‌റത്ത് ഥഅ്ലബ ബിൻ സയ്ദിനെ സംബന്ധിച്ച് ഇതിനുപുറമെ ഒരു രിവായത്തും സുരക്ഷിതമായിട്ടില്ല. (അസദുൽ ഗാബ, വാള്യം 1, പേജ് 467, ഥഅ്ലബ ബിൻ സയ്ദ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003). (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 428, ഥാബിത് ബിൻ ഥഅ്ലബ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (Arbic-English Lexicon by Edward William Lane part 2 page 396,librairie du liban 1968)

സ്വഹാബി ഹദ്‌റത്ത് ഉഖ്ബ ബിൻ വഹബ്: ഹദ്‌റത്ത് ഉഖ്ബ ബിൻ വഹബിനെ ഇബ്നു അബീ

വഹബ് എന്നും പറയാറുണ്ട്. ഈ ഗോത്രം ബനൂ അബ്ദു ശംസ് ബിൻ അബ്ദു മനാഫിന്റെ സഖ്യകക്ഷിയായിരുന്നു. ഇദ്ദേഹം ബദ്ർ, ഉഹുദ്, ഖൻദഖ് അടക്കമുള്ള എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു.(അസദുൽ ഗാബ, വാള്യം 4, പേജ് 59, ഉഖ്ബ ബിൻ വഹബ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003). (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 70, ഉഖ്ബ ബിൻ വഹബ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

യഹൂദികളുടെ ഒരു സംഘം നബി(സ)തിരുമേനിയെ കാണുന്നതിന് മദീനയിൽ വന്നു. അവിടന്ന് അവരെ തബ്‌ലീഗ് ചെയ്തു. അതിനെ അവർ തുറന്നനിലയിൽ നിഷേധച്ചു. അവരുടെ തുറന്നനിലയിലുള്ള ആ നിഷേധത്തിൽ ആരൊക്കെയാണോ അവരെ പഴിച്ചത് അവരിൽ ഉഖ്ബ ബിൻ വഹബും ഉണ്ടായിരുന്നു. ഈ സംഭവം ഇങ്ങനെ ലഭിക്കുന്നുണ്ട്. ഒരിക്കൽ നബി(സ)തിരുമേനിയുടെ അടുക്കൽ നുഅ്മാൻ ബിൻ അളാ, ബുഹ്റാ ബിൻ അംറ്, ശാഇസ്ബിൻ അദിയ്യ് എന്നിവർ വന്നു. നബി(സ)തിരുമേനി അവരോടു സംസാരിച്ചു. അവരെ അല്ലാഹുവിലേക്ക് ക്ഷണിച്ചു. ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. അവന്റെ ശിക്ഷയെ കുറിച്ച് അവരെ ഭയപ്പെടുത്തി. അപ്പോൾ അവർ പറഞ്ഞു: മുഹമ്മദേ!(സ) ഞങ്ങളെ താങ്കൾ ഏതു കാര്യത്തെക്കുറിച്ചാണ് ഭയപ്പെടുത്തുന്നത്? ഞങ്ങൾ അല്ലാഹുവിന്റെ പുത്രന്മാരാണ്. അവന് പ്രിയപ്പെട്ടവരാണ്; ക്രിസ്ത്യാനികൾ പറഞ്ഞിരുന്നതുപോലെ! അല്ലാഹു അവരെ സംബന്ധിച്ച് ഈ ആയത്തിറക്കി: *വ ഖാലത്തിൽ യഹൂദു വന്നസ്വാറാ നഹ്നു അബ്നാ ഉല്ലാഹി വ അഹിബ്ബാഉഹു. ഖുൽ ഫലിമ യുഅദ്ദിബുക്കും ബി ദുനൂബിക്കും. ബൽ അൻതും ബശറുൻ മ്മിമ്മൻ ഖലഖ. യഗ്ഫിറു ലിമൻയ്യശാഉ വ യുഅദ്ദിബു മൻ യ്യശാഉ വ ലില്ലാഹി മുൽക്കുസ്സമാവാത്തി വൽഅർളി വമാ ബയ്നഹുമാ വ ഇലയ്ഹിൽമസീർ.(5:10)* 'ഞങ്ങൾ അല്ലാഹുവിന്റെ സന്തതികളും ഇഷ്ടജനങ്ങളുമാണ്' എന്ന് യഹൂദികളും ക്രിസ്ത്യാനികളും പറയുന്നു. പറയുക: അങ്ങനെയാണെങ്കിൽ നിങ്ങളുടെ തെറ്റുകൾ നിമിത്തം അവൻ നിങ്ങളെ ശിക്ഷിക്കുന്നതെന്തുകൊണ്ട്? (നിങ്ങൾ പറയുന്നതുപോലെയല്ല). മറിച്ച് അവൻ സൃഷ്ടിച്ചവരിൽപെട്ട മനുഷ്യരാണ് നിങ്ങൾ. താൻ ഇച്ഛിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നു; താൻ ഇച്ഛിക്കുന്നവരെ അവൻ ശിക്ഷിക്കുകയും ചെയ്യുന്നു. ആകാശങ്ങളുടേയും ഭൂമിയുടേയും അവ രണ്ടിനുമിടയിലുള്ളതിന്റേയും ആധിപത്യം അല്ലാഹുവിന്റേത് തന്നെയാണ്. അവനിലേക്കുതന്നെയാണ് മടക്കവും.

ഇബ്നു ഇസ്ഹാഖിന്റെ അഭിപ്രായമനുസരിച്ച് നബി(സ)തിരുമേനി യഹൂദി സംഘത്തെ ഇസ്‌ലാം സ്വീകരിക്കാൻ ക്ഷണിക്കുകയും അതിനുവേണ്ടി അവരെ പ്രേരിപ്പിക്കുകയും ദൈവേതരുടെ കാര്യത്തിൽ അല്ലാഹുവിന്റെ ശിക്ഷയെ സംബന്ധിച്ച് അവരെ പേടിപ്പിക്കുകയും ചെയ്തപ്പോൾ അവർ നബി(സ) തിരുമേനിയെ മാത്രമല്ല പ്രത്യുത അവിടന്ന് കൊണ്ടുവന്ന അധ്യാപനത്തേയും നിഷേധിച്ചു. അപ്പോൾ ഹദ്റത്ത് മുആദ് ബിൻ ജബ്ലും ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയും ഹദ്റത്ത് ഉഖബ ബിൻ വഹബും അവരോടു പറഞ്ഞു: യഹൂദീ സംഘമേ! അല്ലാഹുവിനെ ഭയപ്പെടുക. അല്ലാഹുവിന്റെ ദൂതരാണ് അദ്ദേഹമെന്ന് നിങ്ങൾക്കറിയാമോ? നിങ്ങൾ സ്വയം ഞങ്ങളോടു അദ്ദേഹം വരുന്നതിന് മുമ്പേ അദ്ദേഹത്തെക്കുറിച്ച് പറഞ്ഞിരുന്നതല്ലേ? ഞങ്ങളുടെ മുമ്പിൽ അദ്ദേഹത്തെക്കുറിച്ചുള്ള അടയാളങ്ങൾ വിവരിച്ചിരുന്നില്ലേ? അപ്പോൾ ദാഫിഅ് ബിൻ ഹുസയ്മയും വഹബ് ബിൻ യഹൂസായും പറഞ്ഞു: ഞങ്ങൾ നിങ്ങളോടു ഇത് പറഞ്ഞിട്ടില്ല. ഹദ്റത്ത് മൂസായ്ക്കുശേഷം അല്ലാഹു ഒരു ഗ്രന്ഥവും ഇറക്കിയിട്ടില്ല. ഇറക്കുകയുമില്ല. ഹദ്റത്ത് മൂസായ്ക്കു ശേഷം അല്ലാഹു സുവിശേഷം നല്കുന്നവനേയും മുന്നറിയിപ്പു നല്കുന്നവനേയും അയച്ചിട്ടില്ല. അയക്കുകയുമില്ല. (സീറത്ത് ഇബ്നുഹിശാം, പേജ് 265–266 ബാബ് മാ നുസുലു ഫിൽ മുനാഫിഖീൻ വ യഹൂദ്, പ്രസാധകർ ദാറുഇബ്നു ഹസം, ബേറൂത്ത് 2009)

അതായത് അവർ വ്യക്തമായും വഞ്ചന ചെയ്തു. വാസ്തവത്തിൽ തൗറാത്തിൽ ഈ പ്രവചനമുള്ളതാണ്. ഈ അവസ്ഥ തന്നെയാണ് ചില മുസ്‌ലിം ഉലമായുടേയും. അവർ മസീഹ് മൗഊദിനെ നിഷേധിക്കുന്നവരാണ്. ആദ്യമൊക്കെ വരുമെന്ന് പറഞ്ഞ് ബഹളം വെച്ചിരുന്നു; ഇപ്പോൾ പറയുന്നു ആരും വരികയില്ലെന്ന്!

സ്വഹാബി ഹദ്റത്ത് ഹബീബ് ബിൻ അസ്‌വദ്: ഹദ്റത്ത് ഹബീബ് ബിൻ അസ്‌വദ് ബിൻ സഅ്ദ് അൻസ്വാറിലെ ഗോത്രമായ ബനൂ ഹറാം മോചിപ്പിച്ച അടിമയായിരുന്നു. അദ്ദേഹം ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുത്തു. അദ്ദേഹത്തിന് മക്കളൊന്നുമുണ്ടായിരുന്നില്ല. ഖുബയ്ബ് എന്ന പേരിലും അദ്ദേഹത്തിന്റെ സ്മരിണ ലഭിക്കുന്നുണ്ട്. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 429, ഖുബയ്ബ് ബിൻ അൽഅസ്‌വദ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (അൽ ഇസ്വാബ ഫീ തമീസി സ്സഹാബ വാള്യം 2, പേജ് 182, ഖുബയ്ബ് ബിൻ സഅ്ദ(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995). (അസദുൽ ഗാബ, വാള്യം1, പേജ് 671, ഖുബയ്ബ് ബിൻ അൽഅസ്‌വദ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

സ്വഹ്ബ ഉസ്വയ്മ അൻസ്വാരി: ഹദ്റത്ത് ഉസ്വയ്മായുടെ ബന്ധം അശ്ജഅ് ഗോത്രവുമായിട്ടായിരുന്നു. ബനൂ ഗനം ബിൻ മാലിക് ബിൻ നജ്ജാറിന്റെ സഖ്യകക്ഷിയായിരുന്നു. ബദ്ർ, ഉഹുദ്, ഖൻദഖ് അടക്കമുള്ള എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയുടെ കൂടെ ഉണ്ടായിരുന്നു. ഹദ്റത്ത് മുആവിയ ബിൻ അബീസുഫ്‌യാന്റെ കാലഘട്ടത്തിൽ അദ്ദേഹം വഫാത്തായി. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 377, ഉസ്വയ്മ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

സ്വഹാബി ഹദ്റത്ത് റാഫിഅ് ബിൻ ഹാരിഥ്: ഇദ്ദേഹത്തിന്റെ പേര് റാഫിഅ് ബിൻ ഹാരിഥ് ബിൻ സവാദ് എന്നായിരുന്നു. അൻസ്വാറിലെ ഗോത്രമായ ബനൂ നജ്ജാറുമായിട്ടായിരുന്നു ഇദ്ദേഹത്തിന്റെ ബന്ധം. ബദ്ർ, ഉഹുദ്, ഖൻദഖ് അടക്കമുള്ള എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയുടെ കൂടെ ഉണ്ടായിരുന്നു. ഹദ്റത്ത് ഉസ്മാൻ(റ)ന്റെ കാലത്ത അദ്ദേഹം വഫാത്തായി. ഹദ്റത്ത് റാഫിഅ് ബിൻ ഹാരിഥിന്റെ ഒരു മകനുണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ പേര് ഹാരിഥ് എന്നായിരുന്നു. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 373, റാഫിഅ് ബിൻ അൽഹാരിഥ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

സ്വഹാബി ഹദ്റത്ത് റുഖയ്‌ലാ ബിൻ ഥഅ്‌ലബ അൻസ്വാരി: അദ്ദേഹത്തിന്റെ പേര് പലരൂപത്തിലാണ് പരാമർശിക്കപ്പെടുന്നത്. ചിലർ പറയുന്നു, റുഖയ്‌ലാ, ചിലർ പറയുന്നു റുജയ്‌ലാ, റുഹയ്‌ലാ തുടങ്ങിയവയും. ഇദ്ദേഹത്തിന്റെ പിതാവിന്റെ പേര് ഥഅ്‌ലബ ബിൻ ഖാലിദ് എന്നായിരുന്നു. ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ അദ്ദേഹം പങ്കെടുത്തു. ഖസ്റജ് ഗോത്രത്തിന്റെ ഒരു ശാഖയായ ബനൂ ബയാളയുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. സ്വിഫ്ഫീൻ യുദ്ധത്തിൽ അദ്ദേഹം ഹദ്റത്ത് അലിയുടെ കൂടെയുണ്ടായിരുന്നു. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 450, റുഖയ്‌ലാ ബിൻ ഥഅ്‌ലബ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (അസദുൽ ഗാബ, വാള്യം 2, പേജ് 273, റുഖയ്‌ലാ ബിൻ ഥഅ്‌ലബ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

സ്വഹാബി ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാ ബിൻ രിയാബ്: അൻസ്വാരികളിൽനിന്ന് മക്കയിൽ വച്ച് ഏറ്റവുമാദ്യം ഇസ്‌ലാം സ്വീകരിച്ച ആറുപേരിൽ ഹദ്റത്ത് ജാബിർ(റ)എണ്ണപ്പെടുന്നു. ഹദ്റത്ത് ജാബിർ എല്ലാ യുദ്ധങ്ങളിലും നബി(സ) തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു. അദ്ദേഹം നബി(സ)തിരുമേനിയിൽ നിന്ന് ഹദീഥുകളും നിവേദനം ചെയ്തിട്ടുണ്ട്.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 431, ജാബിർ ബിൻ അബ്ദുല്ലാ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഒന്നാം അഖ്ബ ബയ്അത്തിൽ അൻസ്വാറുകളിൽ നിന്ന് ഏറ്റവുംമാദ്യം ഇസ്‌ലാം സ്വീകരിച്ചതും ഇദ്ദേഹമായിരുന്നു. അൻസ്വാറിലെ കുറച്ചാളുകൾ ഒന്നാം അഖബയുടെ രാത്രി നബി(സ) തിരുമേനിയുമായി കൂടിക്കാഴ്ച നടത്തിയപ്പോൾ അവിടന്ന് ചോദിച്ചു: 'നിങ്ങൾ ഏതു ഗോത്രത്തിൽപ്പെട്ടവരാണ്?' അതിനുശേഷം അവർ എല്ലാ കാര്യങ്ങളും വിവരിച്ചു. ബനൂനജ്ജാറിലെ 6 പേരായിരുന്നു അവർ. അസ്അദ് ബിൻ സുറാറയും ഔഫ് ബിൻ ഹാരിഥ് ബിൻ രിഫാഅ ബിൻ അഫ്റാഉം റാഫിഅ് ബിൻ ആമിർ ബിൻ അജ്‌ലാനും ഖുത്ബ ബിൻ ആമിർ ബിൻ ഹദീദത്തും ഉഖ്ബ ബിൻ ആമിർ ബിൻ നാബീ ബിൻ സയ്ദും ജാബിർ ബിൻ അബ്ദുല്ലാ ബിൻ രിആബും. ഇവരെല്ലാവരും മുസ്‌ലിമായി. മദീനയിൽ വന്നപ്പോൾ മദീനക്കാരോടു അവർ നബി(സ)തിരുമേനിയെക്കുറിച്ച് പറഞ്ഞു. പിന്നീട് അവിടെ തബ്‌ലീഗും ചെയ്തു. (അസദുൽഗാബ, വാള്യം 1, പേജ് 492 ജാബിർ ബിൻ അബ്ദുല്ലാ ബിൻ രിആബ്, പ്രസാധകർ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

സ്വഹാബി ഹദ്റത്ത് ഥാബിത്ത് ബിൻ അഖ്റം ബിൻ ഥഅ്‌ലബ: ഇദ്ദേഹത്തിന്റെ പേര് ഹദ്റത്ത് ഥാബിത്ത് ബിൻ അഖ്റം ബിൻ ഥഅ്‌ലബ ബിൻ അദിയ്യ് ബിൻ അജ്‌ലാൻ എന്നായിരുന്നു. അൻസ്വാർ ഗോത്രമായ ബനൂ അംറ് ബിൻ ഔഫിന്റെ സഖ്യകക്ഷിയായിരുന്നു. ബദ്ർ യുദ്ധമുൾപ്പെടെയുള്ള എല്ലാ യുദ്ധങ്ങളിലും അദ്ദേഹം നബി(സ)തിരുമേനിയുടെ കൂടെ പങ്കെടുത്തു. (അൽഇസ്തീആബ് വാള്യം 1, പേജ് 199, ഥാബിത് ബിൻ അഖ്റം, പ്രസാധകർ ദാറുൽജീൽ ബേറൂത്ത് 1992).

നബി(സ)തിരുമേനി മദീനയിൽ വന്നപ്പോൾ ആസ്വിം ബിൻ അദിയ്യിന് മസ്ജിദ് നല്കി; അതിൽ അദ്ദേഹം തനിക്ക് വീടുണ്ടാക്കാൻ! എന്നാൽ, ആസ്വിം പറഞ്ഞു: യാ! റസൂലല്ലാഹ്! ഈ മസ്ജിദിനെ ഞാൻ വീടാക്കുകയില്ല. അല്ലാഹു എന്തൊന്നാണോ ഇറക്കേണ്ടിയിരുന്നത് അതിൽ അതിറക്കിയിരിക്കുന്നു. അങ്ങ് അത് ഥാബിത് ബിൻ അഖ്റംന് കൊടുത്താലും. കാരണം അയാളുടെ പക്കൽ ഒരു വീടുമില്ല. അങ്ങനെ നബി(സ) തിരുമേനി ഹദ്റത്ത് ഥാബിത് ബിൻ അഖ്റംന് ആ സ്ഥലം നല്കി. അദ്ദേഹത്തിന് മക്കളൊന്നുമുണ്ടായിരുന്നില്ല. (സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 677 ബാബ് ദിക്ർ അംറ് മസ്ജിദില്ലിറാർ. പ്രസാധകർ അൽഖാഹിറ 1992)

ആ സ്ഥലം മസ്ജിദിന്റെ ഭാഗമായിരിക്കാം; അല്ലെങ്കിൽ അതിനോടു ചേർന്നുകിടക്കുന്ന സ്ഥലമായിരിക്കാം. ഏതെങ്കിലും നേരത്ത് അവിടെ നമസ്കരിച്ചിട്ടുമുണ്ടാകാം. എന്തായാലും പരിഭാഷകൻ തർജമ ചെയ്തിട്ടുള്ളത് എന്റെ അഭിപ്രായത്തിൽ ശരിയല്ല. ചില കാര്യങ്ങൾക്ക് വിശദീകരണമുണ്ട്. അതുകൊണ്ട് റിസർച്ച് സെല്ലുകൾ ഈ നോട്സ് അയക്കുമ്പോൾ അല്പം ഗവേഷണം നടത്തി ശരിയായ നിലയിൽ അയക്കുക. സ്കൂളിലെ കുട്ടികളെപോലെ തർജമ ചെയ്യരുത്.

മുഅത്താ യുദ്ധത്തിൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹായുടെ ശഹാദത്തിനു ശേഷം ഇസ്‌ലാമിന്റെ പതാക ഹദ്റത്ത് ഥാബിത്ത്(റ) കൈയിലേന്തിക്കൊണ്ടു പറഞ്ഞ: 'മുസ്‌ലിംകളുടെ സംഘമേ! നിങ്ങളിൽ നിന്നാരെങ്കിലും ഒരാളെ നിങ്ങളുടെ നേതാവായി നിശ്ചയിക്കുക.' ജനങ്ങൾ പറഞ്ഞു: 'ഞങ്ങൾ താങ്കളെയാണ് നേതാവായി നിശ്ചയിക്കാൻ ആഗ്രഹിക്കുന്നത്.' അദ്ദേഹം പറഞ്ഞു: 'എനിക്കതു ചെയ്യാൻ കഴിയുകയില്ല.' അപ്പോൾ ആളുകൾ ഹദ്റത്ത് ഖാലിദ് ബിൻ വ

ലീദിനെ തങ്ങളുടെ നേതാവായി നിശ്ചയിക്കുകയുണ്ടായി. ഇബ്നു ഹിശാമിലെ സീറത്തുന്നബി എന്ന അധ്യായത്തിൽ ഇതിനെ കുറിച്ച് പറയുന്നുണ്ട്.(സീറത്ത് ഇബ്നു ഹിശാം പേജ് 533, ബാബു ദിക്റു ഗസവ മുഅത്ത...പ്രസാധകർ ദാറു ഇബ്നു ഹസം ബേറൂത്ത് 2009)

ചരിത്രത്തിൽ വരുന്നു, മുഅത്താ യുദ്ധത്തിന്റെ അവസരത്തിൽ ശത്രു സൈന്യത്തേയും അവരുടെ ആധിക്യവും ആയുധ സാമഗ്രികളും മുസ്‌ലിംകൾ കണ്ടപ്പോൾ, ഈ സൈന്യത്തോട് ഏറ്റുമുട്ടാൻ നമുക്കാവില്ല എന്നവർ ധരിച്ചു. ഹദ്റത്ത് അബൂഹുറയ്റ(റ)പറയുന്നു: 'ഞാൻ മുഅത്ത യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ശത്രുക്കൾ ഞങ്ങളുടെ അടുത്തെത്തി. അവരുടെ ആൾബലവും, ആയുധങ്ങളും കുതിരപടയും, സ്വർണങ്ങളും പട്ടുകളും കണ്ടപ്പോൾ അവരെ നേരിടാൻ ആർക്കും സാധ്യമല്ലെന്ന് തോന്നി. അവ കണ്ട് എന്റെ കണ്ണഞ്ചിപ്പോയി. അപ്പോൾ ഹദ്റത്ത് ഥാബിത് ബിൻ അഖ്റം എന്നോടു പറഞ്ഞു, 'അല്ലയോ അബൂഹുറയ്റാ! താങ്കളുടെ അവസ്ഥ കണ്ടാൽ ഏതോ വലിയ സൈന്യത്തെ താങ്കൾ കണ്ടതുപോലെ തോന്നുന്നുണ്ടല്ലോ.' ഞാൻ പറഞ്ഞു: 'അതെ.' അപ്പോൾ ഹദ്റത്ത് ഥാബിത്ത് പറഞ്ഞു, താങ്കൾ ഞങ്ങളുടെ കൂടെ ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നില്ലേ. അവിടെയും നമുക്ക് അംഗബലം കൊണ്ടല്ല വിജയം ലഭിച്ചത്' (സുബുലുൽ ഹുദാ വർറശാദ് വാല്യം 6, പേജ് 148, ബാബു ഫീ സരിയത്തു മുഅത്ത ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1993). 'മറിച്ച് അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടായിരുന്നു അതുണ്ടായത്. ഇവിടെയും അതുതന്നെ സംഭവിക്കുന്നതാണ്.'

ഹദ്റത്ത് അബൂബക്കറിന്റെ ഖിലാഫത്തു കാലത്ത് ഹദ്റത്ത് ഖാലിദ് ബിൻ വലീദിനോടൊപ്പം അദ്ദേഹം മതപരിത്യാഗികളുടെ അടുക്കലേക്കു പോയി. ഹദ്റത്ത് ഖാലിദ് ബിൻ വലീദ് ശത്രുക്കളെ നേരിടുന്നതിന് പുറപ്പെടുന്ന നേരത്ത് ബാങ്കുകേട്ടാൽ ആക്രമണം നടത്തുമായിരുന്നില്ല. ബാങ്കു കേട്ടില്ലെങ്കിൽ ആക്രമിക്കുകയും ചെയ്യും. 'ബുസാഖ' എന്ന് സ്ഥലത്ത് ആ ജനതയുടെ അടുക്കൽ അദ്ദേഹം എത്തിയപ്പോൾ അദ്ദേഹം ഹദ്റത്ത് ഉക്കാശാ ബിൻ മുഹ്സിനേയും ഹദ്റത്ത് ഥാബിത്ത് ബിൻ അഖ്റമിനേയും ശത്രുക്കളെക്കുറിച്ചുള്ള വിവരങ്ങൾ കൊണ്ടുവരുന്നതിനായി ചാരൻമാരായി അയച്ചു. അവർ രണ്ടുപേരും കുതിരപ്പുറത്തായിരുന്നു സഞ്ചരിച്ചിരുന്നത്. ഹദ്റത്ത് ഉക്കാശയുടെ കുതിരയുടെ പേര് 'അസ്സറാം' എന്നായിരുന്നു. ഹദ്റത്ത് ഥാബിത്തിന്റെ കുതിരയുടെ പേര് 'അൽമഹ്ബർ' എന്നായിരുന്നു.

എന്തായാലും അവരിരുവരും തുലൈഹയേയും അയാളുടെ സഹോദരൻ സലമായേയും കണ്ടുമുട്ടാനിടയായി. അവരാണെങ്കിൽ അവരുടെ ഭാഗത്തു നിന്ന് ചാരന്മാരായി സൈന്യത്തിൽ നിന്ന് മുന്നോട്ടിറങ്ങി വന്നതായിരുന്നു. തുലൈഹ ഹദ്റത്ത് ഉക്കാശയേയും സലമാ ഹദ്റത്ത് ഥാബിത്തിനേയും നേരിട്ടു. അവർ രണ്ടുപേരും ആ രണ്ടു സ്വാഹാബിമാരേയും ശഹീദാക്കി. അബൂ വാഖിദി ലയ്ഥിൽനിന്ന് ഒരു നിവേദനമുണ്ട്. അദ്ദേഹം പറയുന്നു: ഞങ്ങൾ 200 പേരടങ്ങുന്ന സൈന്യത്തിന്റെ മുമ്പിൽ നടക്കുന്നവരായിരുന്നു. സയ്ദ് ബിൻ ഖത്വാബ് ആയിരുന്നു ഞങ്ങളുടെ അമീർ. ഥാബിത് ഉക്കാശ ഞങ്ങളുടെ മുമ്പിലുണ്ടായിരുന്നു. ഞങ്ങൾ അവരുടെ അടുത്തൂടെ കടന്നുപോയപ്പോൾ ആ ദൃശ്യം ഞങ്ങൾക്ക് കഠിനമായി അനുഭവപ്പെട്ടു. (അവരുടെ ശഹാദത്തിനുശേഷം പിന്നിലൂടെ വന്ന സൈന്യം കടന്നുപോയപ്പോൾ). ഹദ്റത്ത് ഖാലിദും ബാക്കി മുസ്‌ലിംകളും ഞങ്ങളുടെ പിന്നിലുണ്ടായിരുന്നു. ഞങ്ങൾ ആ വധിക്കപ്പെട്ടവരുടെ അടുത്തുനിന്നു; ഈ ശഹീദായവരുടെ. അങ്ങനെ ഹദ്റത്ത് ഖാലിദ്(റ)വന്നു. അദ്ദേഹത്തിന്റെ കല്പനയാൽ ഞങ്ങൾ ഥാബിത്തിനേയും ഉക്കാശയേയും ചോരപുരണ്ട അവരുടെ വസ്ത്രങ്ങളിൽത്തന്നെ അവിടെ ഖബ്റടക്കി. (അത്ത്വബക്കാത്തുൽകുബ്റാ, വാല്യം 3, പേജ് 355 –356, ഥാബിത് ബിൻ അഖ്റം(റ) പ്രസാധകർ ദാറുൽ കുതുബുൽ ഇൽമിയ ബേറൂത്ത് 1990)

നിവേദനത്തിൽ വന്നിരിക്കുന്നു. തുലൈഹാ മുസ്‌ലിമായപ്പോൾ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഉമർ(റ) അദ്ദേഹത്തോടു പറഞ്ഞു: 'രണ്ടു മുസ്‌ലിംകളുടെ, ഹദ്റത്ത് ഉക്കാശയുടേയും ഹദ്റത്ത് ഥാബിത് ബിൻ അഖ്റമിന്റേയും ശഹാദത്തിന് കാരണക്കാരനായതിനാൽ ഞാൻ താങ്കളെ സ്നേഹിക്കുകയില്ല.' ഈ ശഹീദ് ആക്കിയവർ പിന്നീട് മുസ്‌ലിംകളുമായി. അപ്പോൾ അദ്ദേഹത്തിന് ഹദ്റത്ത് ഉമർ(റ) ഈ മറുപടി നല്കി: 'താങ്കളെ സ്നേഹിക്കാൻ എനിക്കാകുകയില്ല. കാരണം താങ്കൾ രണ്ടു മുസ്‌ലിമിനെ ശഹീദാക്കിയ ആളാണ്.' അപ്പോൾ തുലൈഹ പറഞ്ഞു: 'യാ അമീറുൽ മുഅമിനീൻ! അവർക്ക് അല്ലാഹു എന്റെ കൈകളാൽ ആദരവാണ് പ്രദാനം ചെയ്തിട്ടുള്ളത്.' (സുനനുൽ കുബ്റാ ലിൽ ബയ്ഹഖി, വാല്യം 8, പേജ് 580–581 കിതാബുൽ അശ്റബ ഹദീഥ് 17631, പ്രസാധകർ ദാറുൽ കുതുബുൽ ഇൽമിയ്യ, ബേറൂത്ത് 2002)

അദ്ദേഹത്തിന് മക്കളൊന്നുമുണ്ടായിരുന്നില്ല. മുഹമ്മദ് ബിൻ ഉമർ പറയുന്നു: ഹദ്റത്ത് ഥാബിത്തിനെ തുലയ്ഹാ ഹിജറ 12ൽ ബുസാഖ എന്ന സ്ഥലത്ത് വെച്ച് ശഹീദാക്കി. (അത്ത്വബക്കാത്തുൽ കുബ്റാ, വാല്യം 3, പേജ് 355–356, ഥാബിത് ബിൻ അഖ്റം, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ, ബേറൂത്ത് 1990)

സ്വഹാബി ഹദ്റത്ത് സലമ ബിൻ സലാമ:ബദ്റിൽ പങ്കെടുത്ത സ്വഹാബിയായിരുന്നു. അൻസ്വാരിയായിരുന്നു. ഔസ് ഗോത്രത്തിലെ കുടുംബമായ ബനൂ അശ്ഹലുമായിട്ടാണ് അദ്ദേഹത്തിന്റെ ബന്ധം. മദീനയിൽ നബി(സ)തിരുമേനി എത്തിയ വിവരം അറിഞ്ഞപ്പോൾ നബി(സ)തിരുമേനിയിൽ ആദ്യം വിശ്വസിച്ചവരിൽ ഇദ്ദേഹവും പെടുന്നു. (സയ്റുസ്സഹാബ വാല്യം 3, പേജ് 391, സലമ ബിൻ സലാമ, പ്രസാധകർ ദാറുൽ ഇശാഅത്ത് കറാച്ചി 2004)

ഒന്നാം അഖബ ബൈഅത്തിലും രണ്ടാം അഖബയിലും പങ്കെടുത്തു. അപ്രകാരംതന്നെ ബദ്ർ ഉൾപ്പെടെ എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുക്കുവാനുള്ള ഭാഗ്യവും ലഭിച്ചു. ഹദ്റത്ത് ഉമർ(റ) തന്റെ ഖിലാഫത്ത് കാലത്ത് അദ്ദേഹത്തെ യമാമയുടെ ഭരണാധികാരിയായി നിശ്ചയിച്ചു.(അസദുൽ ഗബ, വാല്യം 2, പേജ് 523, സൽമ ബിൻ സലാമ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

ഉമർ ബിൻ ഖത്താദ പറയുന്നു: നബി(സ)തിരുമേനി ഹദ്റത്ത് സലമ ബിൻ സലാമയേയും ഹദ്റത്ത് അബൂ സബ്റ ബിൻ അബീ റുഹ്മിനേയും സഹോദരന്മാരാക്കി. പക്ഷേ, ഇബ്നു ഇസ്ഹാഖിന്റെ പക്കൽ സലമ ബിൻ സലാമയേയും ഹദ്റത്ത് സുബയ്ർ ബിൻ അൽ അവാമിനേയുമാണ് സഹോദരന്മാരാക്കിയത്. (അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 335, സലമ ബിൻ സലാമ, പ്രസാധകർ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

അദ്ദേഹം തന്റെ കുട്ടിക്കാലത്തെ ഒരു സംഭവം സ്വയം വിവരിക്കുന്നുണ്ട്.'ഞാൻ കുട്ടിയായിരിക്കുമ്പോൾ എന്റെ കുടുംബത്തിലെ കുറച്ചാളുകളുമായി ഇരിക്കുകയായിരുന്നു. അപ്പോൾ ഒരു യഹൂദി പണ്ഡിതൻ അവിടെ വന്നു. അദ്ദേഹം ഞങ്ങളുടെ മുമ്പിൽ ഖിയാമത്തിനേയും കണക്കെടുപ്പിനേയും തുലാസിനേയും സ്വർഗത്തേയും നരകത്തേയും കുറിച്ച് പറയാൻ തുടങ്ങി. പറഞ്ഞു:'അന്യാരാധകരേയും ബിംബാരാധകരേയും നരകത്തിൽ ഇടുന്നതായിരിക്കും. ഇദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ ബിംബാരാധകരായിരുന്നു. അതുകൊണ്ട് മരിച്ചതിനുശേഷം പുനർജീവിപ്പിക്കപ്പെടുമെന്ന യാഥാർഥ്യം ഇദ്ദേഹത്തിന് അറിയില്ലായിരുന്നു. ആ ആളുകൾ യഹൂദി പണ്ഡിതനോടു ചോദിച്ചു: യഥാർഥത്തിൽ മരിച്ചതിനുശേഷം ആളുകൾ പുനർജീവിപ്പിക്കപ്പെടുമോ? തന്റെ കർമങ്ങളുടെ ഫലം അനുഭവിക്കുമോ? പരലോക ജീവിതത്തെ കുറിച്ച് അവർക്ക് ഒരു സങ്കല്പവുമുണ്ടായിരുന്നില്ല. അദ്ദേഹം പറഞ്ഞു: 'അതേ!' അവർ ചോദിച്ചു, അതിന്റെ അടയാളമെന്താണ്? അപ്പോൾ അദ്ദേഹം മക്കയിലേക്കും യമനിലേക്കും ചൂണ്ടിക്കൊണ്ടു പറഞ്ഞു, 'ആ സ്ഥലത്തുനിന്ന് ഒരു നബി വരും.' അദ്ദേഹം എപ്പോഴാണ് വരികയെന്ന് അവർ ചോദിച്ചു. അപ്പോൾ അദ്ദേഹം എന്റെ നേരെ വിരൽ ചൂണ്ടി. ഇദ്ദേഹം പറയുന്നു: ഞാൻ കുട്ടിയായിരുന്നു. ചെറുപ്പമായിരുന്നു. അദ്ദേഹം എന്നെ ചൂണ്ടിക്കൊണ്ടു പറഞ്ഞു: 'ഈ കുട്ടി ദീർഘായുസ് പ്രാപിച്ചാൽ ഇവൻ തീർച്ചയായും ആ നബിയെ കാണുന്നതാണ്. ഹദ്റത്ത് സലമ പറയുന്നു:ഈ സംഭവത്തിന് കുറച്ചുകാലമെ കഴിഞ്ഞുള്ളു. നബി(സ)തിരുമേനി ആഗതനായ വിവരം ഞങ്ങൾ അറിഞ്ഞു. അപ്പോൾ ഞങ്ങളെല്ലാവരും വിശ്വസിച്ചു. ഈ ബിംബാരാധകരും അഗ്നി ആരാധകരുമെല്ലാം വിശ്വസിച്ചു. പറയുന്നു: അക്കാലത്ത് ആ യഹൂദി പണ്ഡിതനും ജീവിച്ചിരിപ്പുണ്ടായിരുന്നു. എന്നാൽ, അസൂയ കാരണത്താൽ അയാൾ വിശ്വസിച്ചില്ല. ഞങ്ങൾ അദ്ദേഹത്തോടു പറഞ്ഞു:താങ്കൾ ഞങ്ങൾക്ക് നബി(സ)തിരുമേനിയുടെ വരവിനെ കുറിച്ച് വിവരങ്ങൾ നല്കിക്കൊണ്ടിരുന്നു. ഇപ്പോൾ താങ്കൾത്തന്നെയും വിശ്വസിക്കുന്നില്ല. അപ്പോൾ അയാൾ പറഞ്ഞു:'ഞാൻ പറഞ്ഞ ആ നബിയല്ല ഇത്.' അവസാനം അയാൾ ആ നിഷേധാവസ്ഥയിൽത്തന്നെ മരിച്ചുപോയി.

ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ കാലത്ത് കലഹങ്ങൾ തലപൊക്കിയപ്പോൾ അദ്ദേഹം ഏകാന്തവാസം സ്വീകരിച്ചു. ദൈവാരാധനയ്ക്കായി തന്നെ അർപണം ചെയ്തു. (റഹ്മത്തെ ദാരയ്ൻ കെ സൗശീദാഉ, പേജ് 574–576, ത്വാലിബുൽ ഹാശിമി, അൽബദ്ർ പബ്ലിക്കേഷൻസ് ലാഹോർ 2003)

അതായത് അദ്ദേഹം ഏകാന്തവാസിയായി. കാരണം ആ നേരത്ത് കുഴപ്പങ്ങൾ പടർന്നു പിടിക്കുകയായിരുന്നു. ആരാധനയിൽമാത്രം ശ്രദ്ധ കേന്ദ്രീകരിച്ചു. അദ്ദേഹത്തിന്റെ വഫാത്തിനെ സംബന്ധിച്ച് അഭിപ്രായ വ്യത്യാസമുണ്ട്. ചിലർ പറയുന്നത് ഹിജ്റ 34–ൽ വഫാത്തായെന്നാണ്. ചിലർ പറയുന്നത് 45–ൽ വഫാത്തായെന്നാണ്, അദ്ദേഹത്തിന്റെ പ്രായം 74 വയസ്സായിരുന്നു. മദീനയിൽ തന്നെയാണ് വഫാത്തായത്.(അൽ ഇസ്വാബ ഫീ തമീസി സ്സഹാബ വാല്യം 3, പേജ് 125, സൽമ ബിൻ സലാമ(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2005).

ഹദ്റത്ത് ജബ്ർ ബിൻ അതീക്: ഇദ്ദേഹം ഒരു ബദ്റീ സ്വഹാബിയായിരുന്നു. ബദ്ർ യുദ്ധത്തിലും മറ്റെല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയുടെകൂടെ പങ്കെടുത്തു. നബി(സ)തിരുമേനിയുടെ വഫാത്തു വരെ മദീനയിൽത്തന്നെ താമസിച്ചു. ജബ്ർ ബിൻ അതീക്കിന്റെ സംജ്ഞാനാമം അബ്ദുല്ലാഹ് എന്നായിരുന്നു. രണ്ടു ആൺമക്കളും അതീക്കും അബ്ദുല്ലായും ഒരുമകൾ ഉമ്മു ഥാബിത്തുമായിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് ജബ്ർ ബിൻ അതീക്കിനേയും ഖബ്ബാബ് ബിൻ അറത്തിനേയും സഹോദരന്മാരാക്കി. മക്ക വിജയത്തിന്റെ അവസരത്തിൽ ബനു മുആവിയ ബിൻ മാലിക്കിന്റെ പതാക ഇദ്ദേഹത്തിന്റെ കൈയിലായിരുന്നു. ഹിജ്റ 61–ൽ യസീദു ബിൻ മുആവിയായുടെ കാലത്ത് 71–ാം വയസ്സിൽ ഹദ്റത്ത് ജബ്ർ ബിൻ അത്തീക് വഫാത്തായി.(അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് വാല്യം 3, പേജ് 357, ജബ്ർ ബിൻ അത്തീക്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

സ്വഹാബി ഹദ്റത്ത് ഥാബിത് ബിൻ ഥഅ്ലബ: ഇദ്ദേഹത്തെ ഥാബിത് ബിൻ ജദ്അ് എന്നും പറയാറുണ്ട്. ഇദ്ദേഹം എഴുപത് അൻസ്വാറിനോടൊപ്പം രണ്ടാം അഖബയിൽ സന്നിഹിതനായിരുന്നു. ബദ്ർ, ഉഹുദ്, ഖൻദഖ് യുദ്ധങ്ങളിലും ഹുദയ്ബിയ, ഖയ്ബർ, മക്കാവിജയ വേളകളിലും ത്വാഇഫ് യുദ്ധത്തിലും നബി(സ)തിരുമേനിയുടെ

കൂടെയുണ്ടായിരുന്നു. ത്വാഇഫ് യുദ്ധത്തിൽ അദ്ദേഹം ശഹീദായി. ഹദ്റത്ത് ഥാബിത് തന്റെ പിതാവ് ഹദ്റത്ത് ഥഅ്ലബയുടെ കൂടെ ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. (അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് വാള്യം 3, പേജ് 428 –429, ഥാബിത് ബിൻ ഥഅ്ലബ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (അസദുൽ ഗാബ, വാള്യം 1, പേജ് 324, ഥഅ്ലബ ബിൻ ഹാരിഥ്, ദാറുൽഫിക്ർ അന്നശ്ർ വ ത്തൗസീഅ്, ബേറൂത്ത് 2003).

സ്വഹാബി ഹദ്റത്ത് സുഹയ്ൽ ബിൻ വഹബ്: ഇദ്ദേഹത്തിന്റെ പേര് ഹദ്റത്ത് സുഹയ്ൽ ബിൻ വഹബ് ബിൻ റബീഅ ബിൻ അംറ് ബിൻ ആമിർ ഖുറയ്ശി എന്നായിരുന്നു. ഇദ്ദേഹത്തിന്റെ മാതാവിന്റെ പേര് ദഅ്ദ് എന്നായിരുന്നു. എന്നാൽ, അവർ ബയ്ളാ എന്നപേരിലാണ് അറിയപ്പെട്ടിരുന്നത്. ഗ്രന്ഥങ്ങളിൽ ഇദ്ദേഹത്തിന്റെ പേര് സുഹയ്ൽ ബിൻ ബയ്ളാ എന്നും ലഭിക്കുന്നുണ്ട്. ഇദ്ദേഹത്തിന്റെ ബന്ധം ഖുറയ്ശീ ഗോത്രത്തിലെ ബനൂ ഫഹൂർ കുടുംബവുമായിട്ടായിരുന്നു.(അൽ ഇസ്വാബ ഫീ തമീസി സ്സ്വഹാബ വാള്യം 3, പേജ് 162, സഹ്ൽ ബിൻ ബയ്ളാ അൽഖർശി(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2005). (അസദുൽ ഗാബ, വാള്യം 1, പേജ് 324, ഥഅ്ലബ ബിൻ അൽഹാരിഥ്, പ്രസാധകർ ദാ റുൽഫിക്ർ അന്നശ്ർ വ ത്തൗസീഅ്, ബേറൂത്ത് 2003).

ആരംഭകാലത്തുതന്നെ ഇദ്ദേഹം ഇസ്ലാം സ്വീകരിച്ചു. ഇസ്ലാം സ്വീകരിച്ച ശേഷം ഹബ്ശയിലേക്ക് ഹിജ്റത്ത് ചെയ്തു. അവിടെ കുറച്ചു കാലം ജീവിച്ചു. ഇസ്ലാം തുറന്ന നിലയിൽ പ്രബോധനം ആരംഭിച്ചപ്പോൾ മക്കയിലേക്കു തിരിച്ചു വരികയും പിന്നീട് നബി(സ)തിരുമേനിയോടൊപ്പം മദീനയിലേക്കു പോവുകയും ചെയ്തു. (സയ്റുസ്സ്വഹാബ വാള്യം 2, പേജ് 577, സുഹയ്ൽ ബിൻ ബയ്ളാ, ദാറുൽ ഇശാഅത്ത് കറാച്ചി).

ഹദ്റത്ത് സുഹയ്ലിനോടൊപ്പം അദ്ദേഹത്തിന്റെ രണ്ടാമത്തെ സഹോദരൻ ഹദ്റത്ത് സ്വഫ്വാൻ ബിൻ ബയ്ളായും ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് വാള്യം 3, പേജ് 318, സ്വഫ്വാൻ ബിൻ ബയ്ളാ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ബദ്ർ യുദ്ധത്തിൽ പങ്കെടുക്കുമ്പോൾ അദ്ദേഹത്തിന്റെ പ്രായം 34 വയസായിരുന്നു. അദ്ദേഹം ബദ്ർ, ഉഹുദ്, ഖന്ദൻദഖ് തുടങ്ങി എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയുടെ കൂടെ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ മൂന്നാമത്തെ സഹോദരൻ സഹ്ൽ മുശ്രിക്കീംകളുടെ ഭാഗത്തുനിന്ന് ബദ്ർ യുദ്ധത്തിൽ പങ്കെടുത്തു. അല്ലാമ ഇബ്നു ഹജ്ർ അസ്ഖലാനീ എഴുതുന്നു: സഹ്ൽ മക്കയിൽ ഇസ്ലാം സ്വീകരിച്ചു. പക്ഷേ, ആരോടും താൻ മുസ്ലിമാണെന്ന് പ്രകടിപ്പിച്ചിരുന്നില്ല. ഖുറയ്ശികൾ അദ്ദേഹത്തെ ബദ്റിൽ കൊണ്ടുപോകുകയായിരുന്നു. അദ്ദേഹം പിന്നീട് അറസ്റ്റു ചെയ്യപ്പെട്ടപ്പോൾ ഹദ്റത്ത് ഇബ്നു മസ്ഊദ്(റ)അദ്ദേഹം നമസ്കരിക്കുന്നത് താൻ കണ്ടുവെന്ന് സാക്ഷി പറഞ്ഞു. അങ്ങനെ അദ്ദേഹം സ്വതന്ത്രനാക്കപ്പെട്ടു. പിന്നീട് മദീനയിൽവച്ച് അദ്ദേഹം വഫാത്തായി. അദ്ദേഹത്തിന്റേയും ഹദ്റത്ത് സഹ്ലിന്റേയും ജനാസ നബി(സ)തിരുമേനി മസ്ജിദിൽ നമസ്കരിപ്പിച്ചു.

ഹദ്റത്ത് സുഹയ്ൽ ബിൻ ബയ്ളാ നിവേദനം: നബി(സ)തിരുമേനി തബൂക് യുദ്ധ യാത്രയിൽ അദ്ദേഹത്തെ വാഹനത്തിന്റെ പിന്നിൽ ഇരുത്തിയിരുന്നു. അദ്ദേഹം പറയുന്നു: നബി(സ)തിരുമേനി ഉറക്കെ പറഞ്ഞു: സുഹയ്ലേ! നബി(സ) തിരുമേനി മൂന്നു പ്രാവശ്യം ഇങ്ങനെ വിളിച്ചു. ഓരോ പ്രാവശ്യവും ഹദ്റത്ത് സുഹയ്ൽ പറഞ്ഞു: ലബ്ബയ്ക്ക് യാ റസൂലല്ലാഹ്! നബി(സ) തിരുമേനി അദ്ദേഹത്തെയാണ് വിളിക്കുന്നതെന്ന് ജനങ്ങൾക്കും മനസ്സിലായി. അപ്പോൾ വന്നവരെല്ലാം പിന്നിലിരുന്ന അദ്ദേഹത്തെ പൊതിഞ്ഞു. അവരും നബി(സ)തിരുമേനിയുടെ അടുത്തെത്തി. ഇതും ജനങ്ങളെ അടുത്തു കൂട്ടുന്നതിനുള്ള ഒരു രീതിയായിരുന്നു. ആളുകൾ ഒരുമിച്ചു കൂടിയപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹുവിനെ കൂടാതെ ഒരു ആരാധ്യനുമില്ലെന്നും അവൻ ഏകനാണെന്നും അവന് പങ്കാളികളാരുമില്ലെന്നും ആരാണോ സാക്ഷി പറഞ്ഞത് അത്തരം വ്യക്തിയുടെമേൽ അല്ലാഹു അഗ്നി നിഷിദ്ധമാക്കുന്നതായിരിക്കും.(അൽ ഇസ്വാബ ഫീ തമീസി സ്സ്വഹാബ വാള്യം 3, പേജ് 162-163, സഹ്ൽ ബിൻ ബയ്ളാ അൽ ഖർശി(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995). (അൽ ഇസ്വാബ ഫീ തമീസി സ്സ്വഹാബ വാള്യം 3, പേജ് 176, സുഹയ്ൽ ബിൻ അസ്സിംത്ത്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995). (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 317, സുഹയ്ൽ ബിൻ ബയ്ളാ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഇത് ചരിത്രഗ്രന്ഥമാണ്. ഇത് മുസ്ലിംകൾ വായിക്കാറുമുണ്ട്. ഇവർ മുസ്ലിമായതിനും ഒരു നിർവചനമുണ്ട്. പക്ഷേ, മുസ്ലീംകളുടെ കർമം അതിനെതിരാണ്. ഇക്കാര്യത്തിൽ ഇവർ നല്കുന്ന ഫത്വയും ഇക്കാര്യങ്ങൾക്ക് എതിരാണ്.

ഹദ്റത്ത് അനസ്(റ) വിവരിക്കുന്നു: നിങ്ങളുടെ ഫളീഖ് അല്ലാതെ ഞങ്ങളുടെ പക്കൽ മദ്യമൊന്നും ഉണ്ടാകുമായിരുന്നില്ല; ഈന്തപ്പനക്കള്ള്. ഇതായിരുന്നു ആ മദ്യം. ഇതിനെ നിങ്ങൾ ഫളീഖ് എന്നാണല്ലോ പറയുന്നത്. അദ്ദേഹം പറയുന്നു: ഞാനൊരിക്കൽ അബൂത്വൽഹാക്കും ഇന്നയാൾക്കും മദ്യം വിളമ്പുകയായിരുന്നു. അപ്പോൾ ഒരാൾ വന്നു. അയാൾ ചോദിച്ചു: 'നിങ്ങൾ അറിഞ്ഞില്ലേ?' എന്താണ് വാർത്തയെന്ന് ചോദിക്കപ്പെട്ടു. അയാൾ പറഞ്ഞു: 'മദ്യം ഹറാമാക്കപ്പെട്ടിരിക്കുന്നു.' ആ മദ്യം കുടിച്ചുകൊണ്ടിരുന്നവർ അനസിനോടു പറഞ്ഞു: അനസേ! 'ഈ ഭരണികൾ മറിച്ചുകളയുക.' പറയാറുണ്ടായിരുന്നു, ആ വ്യക്തി വിവരം അറിയിച്ചതിനുശേം അവർ ആ മദ്യത്തെക്കുറിച്ച് ചോദിച്ചുവെങ്കിലും പിന്നീടൊരിക്കലും അതു കുടിച്ചില്ല.' (സ്വഹീഹുൽ ബുഖാരി, കിതാബുത്തഫ്സീർ, ബാബ് ഇന്നമൽ ഖംറു വൽമയ്സിർ ഹദീഥ് 461)

ഒരു കല്പന വന്നു. ആ കല്പന എങ്ങനെയാണ് അനുസരിച്ചതെന്നാൽ പിന്നീട് മദ്യത്തെക്കുറിച്ച് പറഞ്ഞിട്ടേയില്ല. മറ്റൊരു ഹദീഥിൽ നിന്ന് സ്ഥാപിതമാകുന്നുണ്ട്. ഹദ്റത്ത് അബൂ ത്വൽഹയോടൊപ്പം ഹദ്റത്ത് അബൂ ദുജാനയും ഹദ്റത്ത് സുഹയ്ൽ ബിൻ ബയ്ളായും ഉണ്ടായിരുന്നു. അവർ അപ്പോൾ മദ്യം കുടിച്ചുകൊണ്ടിരിക്കുകയായിരുന്നു.' (സ്വഹീഹുൽ ബുഖാരി, കിതാബുൽ അശ്റബ, ഹദീഥ് 5600)

തബൂഖ് യുദ്ധത്തിൽനിന്ന് മടങ്ങിവന്നപ്പോൾ ഹിജ്റ 9-ൽ അദ്ദേഹം വഫാത്തായി. അദ്ദേഹത്തിന്റെ ജനാസ നബി(സ) തിരുമേനി മസ്ജിദ് നബ്വിയിൽ നമസ്കരിപ്പിച്ചു. മരിക്കുമ്പോൾ അദ്ദേഹത്തിന് മക്കളൊന്നുമുണ്ടായിരുന്നില്ല. (അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, വാള്യം 3, പേജ് 317 സുഹയ്ൽ ബിൻ ബയ്ളാ, ദാറുൽ കുതുബുൽ ഇൽമിയ ബേറൂത്ത് 1990)

ഹദ്റത്ത് ഉബാദ് ബിൻ അബ്ദുല്ലാ ബിൻ സുബയ്ർ നിവേദനം. ഹദ്റത്ത് ആഇശ(റ) പറഞ്ഞു: 'ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്വിന്റെ ജനാസ മസ്ജിദിലൂടെ കടത്തിക്കൊണ്ടുപോകുക.' അതായത് മസ്ജിദിൽ കൊണ്ടുവരിക; അവർക്കും ജനാസ നമസ്കരിക്കുന്നതിന്. ആളുകൾ ഹദ്റത്ത് ആഇശ പറഞ്ഞ ഇക്കാര്യം അത്ഭുതകരമായി കണ്ടു. അപ്പോൾ ഹദ്റത്ത് ആഇശ പറഞ്ഞു: 'എത്ര പെട്ടെന്നാണ് ആളുകൾ മറന്നുപോകുന്നത്. നബി(സ) തിരുമേനി ഹദ്റത്ത് സുഹയ്ൽ ബിൻ ബയ്ളായുടെ ജനാസ മസ്ജിദിൽതന്നെയാണ് നമസ്കരിപ്പിച്ചത്. (സ്വഹീഹ് മുസ്ലിം, തർജമ കിതാബുൽ ജനാഇസ് ബാബു അസ്സ്വലാത്തു അൽ ജനാസത്തി ഫിൽ മസ്ജിദി, 1603, വാള്യം 4, പേജ് 735, നൂർ ഫൗണ്ടേഷൻ)

അവർ ധരിച്ചിരുന്നത് തുറന്ന സ്ഥലത്ത് നമസ്കരിക്കണമെന്നായിരുന്നു. അത് ഹദ്റത്ത് ആഇശ (റ) നീക്കി; മസ്ജിദിൽ ജനാസ നമസ്കാരം അനുഷ്ഠിക്കാവുന്നതാണെന്ന് പറഞ്ഞു.

ഹദ്റത്ത് ത്വുഫയ്ൽ ബിൻ ഹാരിഥ്: ത്വുഫയ്ൽ ബിൻ ഹാരിഥ് തന്റെ സഹോദരൻ ഹദ്റത്ത് ഉബയ്ദയോടും ഹദ്റത്ത് ഹസ്വീനോടുമൊപ്പം ബദ്ർ ഉഹുദ്, ഖൻധഖ് തുടങ്ങി എല്ലാ യുദ്ധങ്ങളിലും നബി(സ) തിരുമേനിയോടൊപ്പം പങ്കെടുത്തു.(അസദുൽ ഗാബ, വാള്യം 2, പേജ് 466, ത്വുഫയ്ൽ ബിൻ അൽഹാരിഥ്, പ്രസാധകർ ദാറുൽഫിക്ർ അന്നശ്ർ വ ത്തൗസീഅ് ബേറൂത്ത് 2003).

നബി(സ)തിരുമേനി ഹദ്റത്ത് ത്വുഫയ്ൽ ബിൻ ഹാരിസിനേയും ഹദ്റത്ത് മുൻദിർ ബിൻ മുഹമ്മദിനേയും സഹോദരന്മാരാക്കി. ഹിജ്റ 32ന് 70-ാംവയസ്സിൽ അദ്ദേഹം വഫാത്തായി. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 38, അത്ത്വുഫയിൽ ബിൻ അൽഹാരിഥ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഹദ്റത്ത് അബൂ സലീത് ഉസയ്റ ബിൻ അംറ്: ഉസയ്റ ബിൻ അംറ് എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. സംജ്ഞാനാമം അബൂ സലീത് എന്നായിരുന്നു. അബൂ സലീത് എന്ന പേരിലാണ് അദ്ദേഹം ഏറെ അറിയപ്പെട്ടിരുന്നത്. അദ്ദേഹത്തിന്റെ പിതാവ് അംറും അബൂ ഖാരിജ എന്ന സംജ്ഞാനാമത്തിൽ അറിയപ്പെട്ടിരുന്നു. ബദ്റിലും മറ്റുയുദ്ധങ്ങളിലും നബിതിരുമേനി(സ)യുടെ കൂടെ പങ്കെടുത്തു. (അസ്വഹാബെ ബദ്ർ, ഖാളി മുഹമ്മദു സുലയ്മാൻ മൻസ്വൂർപൂരി, പേജ് 131, മക്തബ ഇസ്ലാമിയ്യ 2015). ഖസ്റജിന്റെ ശാഖയായ അദിയ്യു ബിൻ നജ്ജാറുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം.അദ്ദേഹത്തിന്റെ പിതാവ് അബൂ ഖാരിജ അംറ് ബിൻ ഖയ്സും സ്വഹാബിയായിരുന്നു. (സ്വഹാബിമാരുടെ എൻസൈക്ലോപീഡിയ, ഡോക്ർ ദുൽഫിഖാർ കാളിം പേജ് 508, അബൂ സലീത് ഉസയ്റ ബിൻ അംറ്, ബയ്ത്തുൽ ഉലൂം ലാഹോർ)

ബദ്ർ യുദ്ധത്തിൽ പങ്കെടുത്തു. അദ്ദേഹത്തിന്റെ മകൻ അബ്ദുല്ലാഹ് നിവേദനം ചെയ്യുന്നു; നബി(സ)തിരുമേനി കഴുതയിറച്ചി കഴിക്കുന്നതു വിലക്കിയ സമയത്ത് ചെമ്പിൽ ഞങ്ങൾ കഴുത ഇറച്ചി പാകം ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ഞങ്ങൾ ആ പാത്രങ്ങളെല്ലാം കമിഴ്ത്തിക്കളഞ്ഞു. (അസദുൽ ഗാബ, വാള്യം 5, പേജ് 156, അബൂ സലീത് അൽ അൻസ്വാരി, പ്രസാധകർ ദാറുൽഫിക്ർ അന്നശ്ർ വ ത്തൗസീഅ് ബേറൂത്ത് 2003).

സ്വഹാബി ഹദ്റത്ത് ഥഅ്ലബാ ബിൻ ഹാത്വിബ് അൻസ്വാരി: ഇദ്ദേഹത്തിന്റെ ബന്ധം ബനൂ അംറ് ബിൻ ഔഫുമായിട്ടായിരുന്നു. ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുത്തു. (അസ്ഹാബെ ബദ്ർ, ഖാളി മുഹമ്മദ് സുലയ്മാൻ മൻസ്വൂരി, പേജ് 136, മക്തബ ഇസ്ലാമിയ്യ 2015)

പറയപ്പെട്ടതുപോലെ അദ്ദേഹത്തിന്റെ ബന്ധം ബനൂ അംറ് ബിൻ ഔഫുമായിട്ടായിരുന്നു. ബദ്ർ യുദ്ധത്തിലും മറ്റു ചില യുദ്ധങ്ങളിലും അദ്ദേഹം പങ്കെടുത്തിരുന്നതായി രിവായത്ത് ലഭിക്കുന്നുണ്ട്. (സ്വഹാബിവര്യന്മാരുടെ എൻസൈക്ലോപീഡിയ ഡോക്ടർ ദുൽഫിഖാർ കാളിം പേജ് 450, ഥഅ്ലബാ ബിൻ ഹാത്വിബ് അൻസ്വാരി, ബയ്ത്തുൽ ഉലൂം ലാഹോർ).

ഹദ്റത്ത് ഉമാമ ബാഹ്ലി വിവരിക്കുന്നു: ഥഅ്ലബാ ബിൻ ഹാത്വിബ് അൻസ്വാരി നബി(സ) തിരുമേനിയുടെ അടുത്തു വന്ന് പറഞ്ഞു, അല്ലാഹുവിന്റെ റസൂലേ! എനിക്കു സമ്പത്തു കിട്ടുന്നതിനുവേണ്ടി അങ്ങ് ദുആ ചെയ്താലും. നബി(സ) തിരുമേനി പറഞ്ഞു: വളരെ ഖേദകരമായ കാര്യമാണ്, ശുക്ർ ചെയ്യുന്നവർ വളരെ കുറവാണ്. സമ്പത്ത് കൈകാര്യംചെയ്യാനുള്ള കഴിവുമില്ല. അവിടന്ന് ദുആ ചെയ്തില്ല. അല്പം കഴിഞ്ഞ് അദ്ദേഹം വീണ്ടും വന്നു. തനിക്കു സമ്പത്തു കിട്ടുന്നതിനുവേണ്ടി ദുആ ചെയ്യാൻ പറഞ്ഞു. അവി

ടന്ന് പറഞ്ഞു: എന്റെ ജീവിതമാതൃക നിനക്കു മതിയായതല്ലേ? നീ സമ്പത്ത് ആഗ്രഹിക്കാൻ? അവിടന്ന് പറഞ്ഞു: ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണ്! എനിക്കുവേണ്ടി സ്വർണവും വെള്ളിയുമാകാൻ ഞാൻ മലയോടു പറഞ്ഞാൽ അത് ആയിത്തീർന്നേക്കാം. പക്ഷേ, ഞാൻ അങ്ങനെ ചെയ്യുകയില്ല. സമ്പത്തിനോടു അധികം കമ്പം തോന്നരുത്. അങ്ങനെ മൂന്നുതവണ അദ്ദേഹം നബി(സ)തിരുമേനിയുടെ അടുത്തു വന്ന് പറഞ്ഞു: താങ്കളെ സത്യവുമായി അയച്ച അല്ലാഹുവിനോടു എനിക്കു സമ്പത്തു കിട്ടാൻ അങ്ങ് ദുആ ചെയ്താലും. അപ്പോൾ ഥഅ്ലബയാക്കു സമ്പത്തുകിട്ടാൻ നബി(സ)തിരുമേനി ദുആ ചെയ്തു. നിവേദകൻ പറയുന്നു: അദ്ദേഹത്തിന് കുറച്ചു ആടുകളെ ഉണ്ടായിരുന്നുള്ളു. പിന്നീട് ആ ദുആയുടെ അനുഗ്രഹത്താൽ അദ്ദേഹത്തിന്റെ സമ്പത്ത് എത്രമാത്രം വർധിച്ചുവെന്നാൽ കൃമികീടങ്ങൾ പെരുകുന്നതുപോലെ അത് പെരുകി. അതിനെ സംരക്ഷിക്കുന്തിനുവേണ്ടി അദ്ദേഹം ളുഹ്റും അസ്വ്റും നമസ്കരിക്കുന്നതിന് മസ്ജദിൽ വരുന്നതുപോലും ഉപേക്ഷിച്ചു. അവിടെത്തന്നെ നമസ്കരിക്കാൻ തുടങ്ങി. അതിനുശേഷം അവ വർധിച്ചപ്പോൾ ജുമുഅയ്ക്കും വരാതായി. ജുമുഅ ദിവസം നബി(സ)തിരുമേനി ആളുകളുടെ വിശേഷങ്ങൾ ചോദിക്കാറുണ്ടായിരുന്നു. ഒരിക്കൽ അവിടന്ന് ഥഅ്ലബായെ കുറിച്ച് ചോദിച്ചു. ആളുകൾ പറഞ്ഞു: അദ്ദേഹത്തിന്റെ ആട്ടിൻപറ്റങ്ങളെക്കൊണ്ടു താഴ്വര മുഴുവൻ നിറഞ്ഞിരിക്കുകയാണ്. അതുകൊണ്ട് അവയെ നോക്കാൻ സമയം വേണ്ടിവരുന്നു. അതുകൊണ്ട് അയാൾ വരാറില്ല. നബി(സ)തിരുമേനി അതിൽ ഒരുപാട് ഖേദം പ്രകടിപ്പിച്ചു. മൂന്നുപ്രാവശ്യം ഖേദം പ്രകടിപ്പിച്ചു. പിന്നീട് സക്കാത്തിന്റെ ആയത്തിറങ്ങിയപ്പോൾ സക്കാത്ത് വാങ്ങുന്നതിനുവേണ്ടി രണ്ടാളെ അയാളുടെ അടുക്കൽ അയച്ചു. ഇവർ ഥഅ്ലബായുടെ അടുക്കൽ പോയപ്പോൾ അയാൾ കുറച്ചു ഒഴിവുകഴിവ് പറഞ്ഞു, സക്കാത്ത് നല്കിയില്ല. അയാൾ പറഞ്ഞു: ഞാൻ നോക്കട്ടെ, നിങ്ങൾ മറ്റുള്ളവരിൽനിന്ന് സക്കാത്ത് വാങ്ങി മടങ്ങിപ്പോകുമ്പോൾ ഇതുവഴി വരിക. ഇവർ മറ്റു സ്ഥലങ്ങളിൽ പോയി. മറ്റു സ്ഥലങ്ങളിൽ പോയപ്പോൾ ഒരാൾ തന്റെ ഒട്ടകങ്ങളിൽ ഏറ്റവും നല്ലതിനെ നോക്കി സക്കാത്ത് നല്കി. തങ്ങൾ ഏറ്റവും നല്ലതു ചോദിച്ചിട്ടില്ല എന്ന് അവർ പറഞ്ഞപ്പോൾ താൻ തന്റെ സന്തോഷംകൊണ്ടാണ് അത് നല്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. എന്തായാലും ഇതൊരു വലിയ കഥയാണ്. ഥഅ്ലബ സക്കാത്ത് നല്കിയില്ല. സക്കാത്ത് വാങ്ങാൻ പോയവർ മടങ്ങിയെത്തി നബി(സ)തിരുമേനിക്ക് റിപ്പോർട്ട് നല്കി. അപ്പോഴാണ് നബി(സ)തിരുമേനിക്ക് ഈ ആയത്തിറങ്ങിയത്. *മിൻഹും മ്മൻ ആഹദല്ലാഹ ലഇൻ ആത്താനാ മിൻ ഫള്ലിഹീ* പിന്നീട് പറഞ്ഞു *ബിമാ കാനൂ യക്ദിബൂൻ* (9:75–77). നബി(സ)തിരുമേനിയുടെ അടുത്ത് അപ്പോൾ ഥഅ്ലബയുടെ ഒരു അടുത്ത ബന്ധു ഇരിപ്പുണ്ടായിരുന്നു. ഇക്കാര്യം കേട്ട് അയാൾ ഥഅ്ലബയുടെ അടുത്തുപോയി. അയാൾ പറഞ്ഞു:ഥഅ്ലബേ!നിനക്ക് അഹോ കഷ്ടം!അല്ലാഹു നിന്നെ കുറിച്ച് ഇന്ന ഇന്ന ആയത്തുകൾ ഇറക്കിയിരിക്കുന്നു. ഥഅ്ലബ നബി(സ)തിരുമേനിയുടെ അടുക്കൽ ചെന്ന് പറയാൻ തുടങ്ങി:എന്നിൽനിന്ന് സക്കാത്ത് സ്വീകരിച്ചാലും. അവിടന്ന് പറഞ്ഞു:ഇപ്പോൾ നിന്നിൽനിന്ന് അതു സ്വീകരിക്കാൻ അല്ലാഹു എന്നെ വിലക്കിയിരിക്കുന്നു. അങ്ങനെ ഥഅ്ലബ പരാജിതനും നിഷ്ഫലനുമായി മടങ്ങിപ്പോയി. പിന്നീട് ഹദ്റത്ത് അബൂബക്കറിന്റെ കാലഘട്ടത്തിൽ അദ്ദേഹം സക്കാത്തുമായി വന്നു. ഹദ്റത്ത് അബൂബക്കറും(റ) അത് സ്വീകരിച്ചില്ല. പിന്നീട് ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിൽ അദ്ദേഹം സക്കാത്തുമായി വന്നു. ഹദ്റത്ത് ഉമറും(റ) അത് സ്വീകരിച്ചില്ല. നബി(സ)തിരുമേനി സ്വീകരിക്കാത്തത് താൻ എങ്ങനെ സ്വീകരിക്കാനാണെന്ന് അദ്ദേഹം ചോദിച്ചു. പിന്നീട് ഹദ്റത്ത് ഉഥ്മാൻ ഖലീഫ ആയപ്പോൾ അദ്ദേഹത്തിന്റെ അടുക്കൽ പോയും സക്കാത്ത് സ്വീകരിക്കാൻ പറഞ്ഞു. അവിടേയും സ്വീകരിക്കപ്പെട്ടില്ല. ഹദ്റത്ത് ഉഥ്മാന്റെ കാലഘട്ടത്തിലാണ് അദ്ദേഹം വഫാത്തായതും.(അസദുൽ ഗാബ, വാല്യ 1, പേജ് 325–326, ഥഅ്ലബ ബിൻ ഹാത്വിബ്, പ്രസാധകർ ദാറുൽഫിക്ർ വന്നശ്ർ വത്തൗസീഅ് ബേറൂത്ത് 2003).

ഒരു ഭാഗത്ത് ഈ സംഭവം ബദ്റിൽ പങ്കെടുത്ത സ്വഹാബിമാരെ കുറിച്ചാണ്. അവർ സ്വർഗത്തിൽ പോകുന്നവരാണ്. മറുഭാഗത്ത് സക്കാത്ത് സ്വീകരിക്കാത്തതിനെ സംബന്ധിച്ചുള്ള ദീർഘമായ ഹദീഥാണ്. ഞാനും ഇതു കേട്ടും വായിച്ചും ആലോചിച്ചിരുന്നു. നിങ്ങളുടെ മനസ്സിലും തോന്നിയിട്ടുണ്ടാകും; ഇതെങ്ങനെ സംഭവിക്കാനാണെന്ന്! ഈ നിവേദനം തെറ്റാണെന്ന് തോന്നുന്നു; മറ്റാരെയെങ്കിലും കുറിച്ചായിരിക്കും. അല്ലാമ ഇബ്നു ഹജ്ർ അസ്ഖലാനി ഈ സംഭവം പറഞ്ഞിട്ടുണ്ട്. അദ്ദേഹവും തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടെഴുതി: ഏതെങ്കിലും സ്വഹാബിയിൽനിന്ന് സക്കാത്ത് വാങ്ങിയതും വാങ്ങാതിരുന്നതും സംബന്ധിച്ച സംഭവം ഇങ്ങനെതന്നെയാണ് ഉണ്ടായിട്ടുള്ളതെങ്കിൽ, ഏതൊരു വ്യക്തിയുമായി ബന്ധപ്പെടുത്തിയാണോ ഇതു പറയുന്നത്, അത് ഥഅ്ലബയാണെന്ന് പറയുന്നത് ശരിയായിരിക്കുകയില്ല. കാരണം അദ്ദേഹം ബദ്രീ സ്വഹാബിയാണ്. ബദ്രീ സ്വഹാബിമാർക്ക് പൊറുത്തുകൊടുത്തിരിക്കുന്നുവെന്ന് അല്ലാഹു പരസ്യമായി പറഞ്ഞിട്ടുള്ളതാണ്. അവരിൽ കപടതയോ ഏതെങ്കിലും രീതിയിലുള്ള ദൗർബല്യമോ ഉണ്ടാകുകയില്ല. അല്ലാമ ഇബ്നു ഹജ്ർ അസ്ഖലാനീ ഇങ്ങനെ എഴുതുന്നു: 'ഇബ്നു ഖൽബിയുടെ വാക്യത്തിൽനിന്ന് ഇക്കാര്യത്തിൽ വ്യത്യാസം ദൃഢരൂഢമായിത്തീരുന്നു. അതായത് ബദ്രീസ്വഹാബി ഉഹുദിൽ ശഹീദായെന്നുള്ളത്. ഇബ്നു മർദവിയ, അത്വിയായുടെ സനദുകൊണ്ട് ഇബ്നു അബ്ബാസ് പ്രസ്താവിക്കപ്പെട്ട ആയത്തിനെ സംബന്ധിച്ച് തന്റെ തഫ്സീറിൽ എഴുതിചേർത്തിരിക്കുന്നു. അദ്ദേഹം പറയുന്നു: ഒരാളുണ്ടായിരുന്നു. അയാളെ ഥഅ്ലബ ബിൻ അബീഹാത്വ്ബ് എന്ന് വിളിച്ചിരുന്നു. അയാൾ അൻസ്വാറിൽപെട്ടയാളായിരുന്നു. അദ്ദേഹത്തിന്റെ ഒരു മജ്ലിസിൽവന്ന് പറഞ്ഞു. അല്ലാഹു തന്റെ ഫള്ലുകൊണ്ട് നമ്മെ അനുഗ്രഹിച്ചാൽ– പിന്നീട് ഈ പറഞ്ഞ കാര്യങ്ങളെല്ലാം വിവരിച്ചിരിക്കുന്നു. ഇദ്ദേഹം ഥഅ്ലബ ബിൻ അബീഹാത്വിബാണ്. ബദ്രീ സ്വഹാബിയെ സംബന്ധിച്ച് അത് ഥഅ്ലബബിൻ ഹാത്വിബാണെന്ന കാര്യത്തിൽ എല്ലാവരും യോജിക്കുന്നു. ഈ രിവായത്ത് തെളിവിന്റെ നിലവരെ എത്തിയിരിക്കുന്നു; നബി(സ) തിരുമേനി പറഞ്ഞിരുന്നു. ആരാണോ ബദ്റിലും ഹുദയ്ബിയ്യായിലും പങ്കെടുത്തിരുന്നത് അവരിൽ ഒരു മുസ്ലിമും നരകത്തിൽ പോകുകയില്ല. ഇപ്രകാരംതന്നെ അതൊരു ഖുദ്സിയായ ഹദീഥുമാണ്; അല്ലാഹു ബദ്റുകാരോടു പറഞ്ഞു: 'നിങ്ങൾ ഇച്ഛിക്കുന്നത് ചെയ്തുകൊള്ളുക. ഞാൻ നിങ്ങൾക്ക് പൊറുത്തുതന്നിരിക്കുന്നു.' ഇദ്ദേഹം എഴുതുന്നു: ആരുടേതാണോ ഈ പദവി അയാൾക്ക്, മനസ്സിലെ കപടതയ്ക്ക് ശിക്ഷ അല്ലാഹു എങ്ങനെ നല്കുന്നതാണ്? മനസ്സിൽ കപടതയുണ്ടെങ്കിൽ ഇതു സംഭാവ്യമല്ല; അതായത് സ്വർഗത്തിൽ പോകുന്നതിന്റെ ഫലം കിട്ടുക. വീണ്ടും എഴുതുന്നു: എന്തൊന്നാണോ ഇറങ്ങിയത് അതിനെ സംബന്ധിച്ച് കപടതയുള്ളവന്റെ മനസ്സിൽ എങ്ങനെയാണ് അത് ഇറങ്ങുക. അതിനാൽ അത് ആ വ്യക്തിയല്ലാത്ത ആരോ ആണെന്ന കാര്യം പ്രകടമായി. (അൽ ഇസ്വാബ ഫീ തമീസി സ്സ്വഹാബ വാല്യം1, പേജ് 516–517, ഥഅ്ലബ ബിൻ ഹാത്വിബ്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995). അതായത് ഹദ്റത്ത് ഥഅ്ലബ അല്ലായിരുന്നു അത്. വേറെ ആരോ ആയിരുന്നു. ഇദ്ദേഹം ആദ്യമെ ശഹീദായിരുന്നു. ആരെക്കുറിച്ചാണോ പറയപ്പെട്ടത് അത് ഥഅ്ലബ ബിൻ അബീ ഹാത്വിബാണ്. രണ്ടുപേരുടേയും പേരുകൾ തമ്മിൽ നല്ല സാദൃശ്യമുണ്ട്. അതുകൊണ്ടാണ് ഈ തെറ്റുദ്ധാരണ ഉണ്ടായത്. ഥഅ്ല ബിൻ ഹാത്വിബും ഥഅ്ലബ ബിൻ അബീ ഹാത്വിബും രണ്ടു വ്യത്യസ്ത വ്യക്തികളാണ്. അത്തരം പ്രവൃത്തി ചെയ്തിട്ടുണ്ടാകാമെന്ന് ഒരു ബദ്രീ സ്വഹാബിയെ കുറിച്ച് ഒരിക്കലും തെറ്റുദ്ധാരണ ഉണ്ടാകാനിടയില്ല. അല്ലാമ ഇബ്നു ഹജ്ർ അസ്ഖലാനിക്ക് അല്ലാഹു പ്രതിഫലം നല്കുമാറാകട്ടെ. അദ്ദേഹവും ഈ പ്രശ്നം വളരെ തുറന്നു വിവരിച്ചിരിക്കുന്നു. ഇല്ലെങ്കിൽ സ്വഹാബിയുടെമേൽ ആക്ഷേപം പതിയുകയായിരുന്നു. ചരിത്രപരമായ ഇദ്ദേഹത്തിന്റെ ഈ നിവേദനത്തിൽനിന്ന് അദ്ദേഹം മോചിതനായി.

സ്വഹാബി ഹദ്റത്ത് സഅ്ദ് ബിൻ ഉഥ്മാൻ ബിൻ ഖുൽദ അൻസ്വാരി: ചിലരുടെ പക്കൽ ഇദ്ദേഹത്തിന്റെ പേര് സഊദ് ബിൻ ഉഥ്മാൻ എന്നാണ്. ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ഉഹുദ് യുദ്ധത്തിൽ കാലിടറിപ്പോയ വ്യക്തികളിൽപ്പെട്ടയാളാണ് ഇദ്ദേഹം. അല്ലാഹു പിന്നീട് അവർക്കെല്ലാം പൊറുത്തു കൊടുത്തുകൊണ്ടുള്ള വചനങ്ങൾ വിശുദ്ധഖുർആനിൽ അവതരിപ്പിക്കുകയുണ്ടായി. ഹദ്റത്ത് ഉഖ്ബയുടെ സഹോദരനായിരുന്നു. ഒരിക്കൽ നബി(സ)തിരുമേനി ഹർറ എന്ന സ്ഥലത്തെ ഇഹാബ് കിണറിന്റെ അടുത്തുപോയി. അത് അക്കാലത്ത് അവിടത്തെ അതായത് ആളുകൾക്ക് വെള്ളം കുടിപ്പിക്കുന്നതിനുവേണ്ടി തന്റെ മകൻ ഉബാദയെ വിട്ടുപോയ ആ സ്വഹാബിയുടെ സ്വത്തായിരുന്നു. ഹദ്റത്ത് ഉബാദ നബി(സ)തിരുമേനിയെ തിരിച്ചറിഞ്ഞില്ല. അദ്ദേഹം ചെറിയ കുട്ടിയായിരുന്നു. പിന്നീട് ഹദ്റത്ത് സഅ്ദ് വന്നു. അപ്പോൾ ഉബാദ വന്നയാളുടെ രൂപം വിവരിച്ചു. ഹദ്റത്ത് സഅ്ദ് പറഞ്ഞു, താങ്കൾക്കു മനസ്സിലാകാതിരുന്ന ആ വ്യക്തി നബി(സ)തിരുമേനിയായിരുന്നു. പോകുക! അദ്ദേഹത്തെ കാണുക. ഉടനെ പിന്നാലെ ഓടിപ്പോകുക. അങ്ങനെ അദ്ദേഹം നബി(സ)തിരുമേനിയുടെ അടുക്കലെത്തി. നബി(സ)തിരുമേനി അദ്ദേഹത്തിന്റെ തലയിൽ തടവിക്കൊണ്ട് ദുആ ചെയ്തു. വഫാത്തിന്റെ സമയത്ത് സഅ്ദ് ബിൻ ഉഥ്മാന്റെ പ്രായം 80 വയസ്സായിരുന്നു.(അസ്ഹാബെ ബദ്ർ, ഖാളി മുഹമ്മദ് സുലയ്മാൻ മൻസ്വൂരി, പേജ് 148, സഅ്ദ് ബിൻ ഉഥ്മാൻ, മക്തബ ഇസ്ലാമിയ്യ 2015) (അസദുൽ ഗാബ, വാല്യ 2, പേജ് 263, സഊദ് ബിൻ ഉഥ്മാൻ, പ്രസാധകർ ദാറുൽഫിക്ർ വന്നശ്ർ വത്തൗസീഅ് ബേറൂത്ത് 2003).(അൽ ഇസ്വാബ ഫീ തമീസി സ്സ്വഹാബ വാല്യം 3, പേജ് 58, സഅ്ദ് ബിൻ ഉഥ്മാൻ ബിൻ ഖുൽദ(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2005).

സ്വഹാബി ഹദ്റത്ത് ആമിർ ബിൻ ഉമയ്യ: ഇദ്ദേഹം ഹദ്റത്ത് ഹിശാം ബിൻ ആമിറിന്റെ പിതാവായിരുന്നു. ബദ്റിൽ പങ്കെടുത്തിരുന്നു, ഉഹദിൽ ശഹീദായി. ബനൂ അദിയ്യ് ബിൻ നജ്ജാർ ഗോത്രത്തിൽപ്പെട്ടയാളായിരുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 389, ആമിർ ബിൻ ഉമയ്യ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഹദ്റത്ത് ഹിശാം ബിൻ ആമിർ നിവേദനം ചെയ്യുന്നു: നബി(സ)തിരുമേനിയോട് ഉഹുദിലെ ശുഹദാക്കളെ മറവു ചെയ്യുന്നതുമായി ബന്ധപ്പെട്ട് ചോദിക്കപ്പെട്ടപ്പോൾ അവിടന്ന് പറഞ്ഞു, 'വിശാലമായ ഖബ്ർ കുഴിക്കുക, ഈരണ്ടോ മുമ്മൂന്നോ പേരെ ഒരു ഖബ്റിൽ മറയടക്കുക. ഖുർആൻ കൂടുതൽ അറിയുന്നവരെ ആദ്യം ഇറക്കുക. ഹദ്റത്ത് ഹിശാം ബിൻ ആമിർ പറയുന്നു: എന്റെ പിതാവ് ആമിർ ബിൻ ഉമയ്യരണ്ടു പേർക്കു മുമ്പേ ഖബ്റിൽ ഇറക്കപ്പെട്ടു.(സുനനുത്തുർമുദി, അബ്വാബ് ഫളാഇലുൽ ജിഹാദ്, മാ ജാഅ ഫീ ദഫ്നിശ്ശുഹദാഅ്, ഹദീഥ് 1713)

ഹദ്റത്ത് ആമിറിന്റെ മകൻ ഹിശാം ബിൻ ആമിർ ഒരു തവണ ഹദ്റത്ത് ആഇശായുടെ അടുത്തുപോയി. അവർ പറഞ്ഞു, ആമിർ എത്ര സവിശേഷ ഗുണങ്ങളുള്ള വ്യക്തിയായിരുന്നു. പക്ഷേ,

അദ്ദേഹത്തിന്റെ വംശം മുന്നോട്ടു പോയില്ല.(അസദുൽ ഗാബ, വാല്യ 3, പേജ് 12, ആമിർ ബിൻ ഉമയ്യ, പ്രസാധകർ ദാറുൽഫിക്ർ വന്നശ്ർ വത്തൗസീഅ് ബേറൂത്ത് 2003).

സ്വഹാബി ഹദ്റത്ത് അംറ് ബിൻ അബീ സർഹ്: വാഖ്ദി, ഇദ്ദേഹത്തിന്റെ പേര് മുഅമ്മർ ബിൻ അബീ സർഹ് എന്ന് പറഞ്ഞിരിക്കുന്നു. ബനൂ ഹാരിഥ് ബിൻ ഫഹർ ഗോത്രത്തിൽപ്പെട്ട ആളായിരുന്നു. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂ സഈദ് എന്നായിരുന്നു. ഹിജ്റ 30 ന് ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ കാലത്ത് മദീനയിൽ അദ്ദേഹം വഫാത്തായി. അദ്ദേഹത്തിന്റെ സഹോദരൻ ഹദ്റത്ത് വഹബ് ബിൻ അബീ സർഹ് ഹബ്ശയിലേക്ക് ഹിജ്റ പോയവരിൽപ്പെട്ട ആളായിരുന്നു. രണ്ടു സഹോദരങ്ങളും ബദ്ർ യുദ്ധത്തിൽ പങ്കെടുത്തു. ഉഹുദ്, ഖൻദഖ് യുദ്ധങ്ങളിലും മറ്റും നബി(സ)തിരുമേനിയോടോപ്പം പങ്കെടുത്തു. അദ്ദേഹത്തിന്റെ വംശം മുന്നോട്ടു പോയില്ല.(അസദുൽ ഗാബ, വാല്യ 3, പേജ് 724-725, അംറ് ബിൻ അബീ സർഹ്, പ്രസാധകർ ദാറുൽഫിക്ർ വന്നശ്ർ വത്തൗസീഅ് ബേറൂത്ത് 2003).

മക്കയിൽനിന്ന് മദീനയിലേക്ക് ഹിജ്റ ചെയ്തപ്പോൾ ഹദ്റത്ത് കുൽഥൂം ബിൻ ഹദമിന്റെ വീട്ടിൽ വന്ന് താമസിച്ചു.(അത്ത്വബക്കാത്തുൽ കുബ്റാലി ഇബ്നി സഅ്ദ് വാല്യം 3, പേജ് 318, മുഅ്മർ ബിൻ അബീ സർഹ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

സ്വഹാബി ഹദ്റത്ത് അസ്മാ ബിൻ ഹസീൻ: ഇദ്ദേഹം ബനൂ ഔഫ് ബിൻ ഖസ്റജ് ഗോത്രത്തിൽപ്പെട്ട യാളായിരുന്നു. ഇദ്ദേഹത്തിന്റെ സഹോദരൻ ഹുബയ്ൽ ബിൻ വബ്റ തന്റെ പിതാമഹൻ വബ്റയിലേക്ക് ബന്ധിക്കപ്പെട്ടിരിക്കുന്നു. ഇദ്ദേഹവും ഇദ്ദേഹത്തിന്റെ സഹോദരനും ബദറിൽ പങ്കെടുത്തിരുന്നു. ചിലർ ഇദ്ദേഹം ബദ്റിൽ പങ്കെടുത്തു എന്ന് പറയുന്നതിന് എതിർ അഭിപ്രായം പറഞ്ഞിട്ടുണ്ട്.(അസ്ഹാബെ ബദ്ർ, ഖാളി മുഹമ്മദ് സുലയ്മാൻ മൻസൂരി, പേജ് 177, മക്തബ ഇസ്ലാമിയ്യ 2015)

സ്വഹാബി ഹദ്റത്ത് ഖലീഫാ ബിൻ അദിയ്യ്: ഇദ്ദേഹത്തിന്റെ പേരിന്റെ കാര്യത്തിലും അഭിപ്രായ വ്യത്യാസമുണ്ട്. ഇദ്ദേഹത്തിന്റെ പേര് ചിലർ ഖലീഫാ ബിൻ അദിയ്യ് എന്നെഴുതിയിരിക്കുന്നു. ചിലർ ഉലയ്ഫ ബിൻ അദിയ്യ് എന്നെഴുതിയിരിക്കുന്നു. ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുത്തിരുന്നു. ഉലയ്ഫ ബിൻ അദിയ്യ് ബിൻ അംറ് ബിൻ മാലിക് ബിൻ അലി ബിൻ ബയാള ബദ്ർ സ്വഹാബിമാരിൽപ്പെട്ടയാളാണ്.(അസദുൽ ഗാബ, വാല്യ 1, പേജ് 710-711, ഖലീഫ ബിൻ അദിയ്യ്, പ്രസാധകർ ദാറുൽഫിക്ർ വന്നശ്ർ വത്തൗസീഅ് ബേറൂത്ത് 2003).(അസ്ഹാബെ ബദ്ർ, ഖാളി മുഹമ്മദ് സുലയ്മാൻ മൻസൂരി, പേജ് 179, മക്തബ ഇസ്ലാമിയ്യ 2015)

ബദ്ർ യുദ്ധത്തിനു മുമ്പേ ഇസ്ലാം സ്വീകരിച്ചു. ഏറ്റവുമാദ്യം ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത് ബദ്ർ സ്വാഹാബിമാരിൽപ്പെടാനുള്ള ഭാഗ്യം കരസ്ഥമാക്കി. അതിനുശേഷം ഉഹുദ് യുദ്ധത്തിൽ പങ്കെടുത്തു. ഉഹുദു യുദ്ധത്തിനുശേഷം അദ്ദേഹത്തിന്റെ പേര് അറിയാതായിപ്പോയി. ഇദ്ദേഹത്തെ കുറിച്ച് കൂടുതലൊന്നും അറിയയില്ല. പിന്നീട് ഹദ്റത്ത് അലിയുടെ കാലത്താണ് രംഗത്ത് വരുന്നത്. ദീർഘകാലം ഇദ്ദേഹത്തെ കുറിച്ച് ഒരു വിവരവും ഉണ്ടായിരുന്നില്ല. പിന്നീട് ഹദ്റത്ത് അലിയുടെ കാലത്തു നടന്ന എല്ലാ യുദ്ധങ്ങളിലും അദ്ദേഹത്തോടൊപ്പം പങ്കെടുത്തു. വഫാത്തിന്റെ വർഷത്തെ കുറിച്ച് ജീവിത ചരിത്ര ഗ്രന്ഥങ്ങളിൽ ഒന്നും ലഭിക്കുന്നില്ല.(ഹബീബെ കിബ്രിയാഅ് കെ തീൻ സൗ അസ്ഹാബ്, ത്വാലിബുൽ ഹാശ്മി, പേജ് 221, ഖലീഫ ബിൻ അദിയ്യ്, അൽഖമർ എന്റർ പ്രൈസ് ലാഹോർ 1999)

സ്വഹാബി ഹദ്റത്ത് മുആദ് ബിൻ മാഇസ്: ഹദ്റത്ത് മുആദ് ബിൻ മാഇസ് ബിഅ്റു മഊന സംഭവത്തിൽ ശഹീദായി. ഇദ്ദേഹത്തിന്റെ പിതാവിന്റെ പേര് നാഇസ് എന്നും പറയപ്പെടുന്നുണ്ട്. ഖസ്റജ് ഗോത്രമായ സർഖിയുമായിട്ടായിരുന്നു ഇദ്ദേഹത്തിന്റെ ബന്ധം. ചില നിവേദനങ്ങളനുസരിച്ച് ഇദ്ദേഹം ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുത്തിരുന്നു. ബിഅ്റെ മഊനാ സംഭവത്തിൽ ഇദ്ദേഹം ശഹീദായി. ഒരു നിവേദനമനുസരിച്ച് ഇദ്ദേഹത്തിന് ബദ്ർ യുദ്ധത്തിൽ പരിക്കേറ്റിരുന്നു. ആ മുറിവു കാരണത്താൽ കുറച്ചു കാലത്തിനു ശേഷം ഇദ്ദേഹം വഫാത്തായി.(അസദുൽ ഗാബ, വാല്യ 3, പേജ് 147, ആഇദ് ബിൻ മാഇസ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003). ബദർ യുദ്ധത്തിൽ അദ്ദേഹത്തോടൊപ്പം അദ്ദേഹത്തിന്റെ സഹോദരൻ ആഇദ് ബിൻ മാഇസും പങ്കെടുത്തിരുന്നു.(അസദുൽ ഗാബ, വാല്യ 3, പേജ് 147, ആഇദ് ബിൻ മാഇസ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

സ്വഹാബി ഹദ്റത്ത് സഅ്ദ് ബിൻ സയ്ദ് അൽ അശ്ഹലി: ഇദ്ദേഹത്തിന്റെ ബന്ധം അൻസ്വാറിലെ ബനൂ അബ്ദിൽ അശ്ഹൽ ഗോത്രവുമായിട്ടായിരുന്നു. ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ചിലരുടെ അഭിപ്രായത്തിൽ അഖബ ബയ്അത്തിലും പങ്കെടുത്തിട്ടുണ്ട്. ബദ്ർ, ഉഹുദ്, ഖൻദഖ് ഉൾപ്പെടെയുള്ള എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. നബി(സ)തിരുമേനി അദ്ദേഹത്തിന്റെ കൈയിൽ ബനൂ ഖുറയ്ളാ തടവുകാരെ അയച്ചിരുന്നു. അദ്ദേഹം അവർക്കു പകരമായി നജ്ദിൽ കുതിരകളും ആയുധങ്ങളും വാങ്ങിയിരുന്നു.(അസദുൽ ഗാബ, വാല്യ2, പേജ് 217-218, സഅ്ദ് ബിൻ സയ്ദ് ബിൻ മാലിക്, പ്രസാധകർ ദാറുൽഫിക്ർ അന്നശ്ർ വത്തൗസീഅ് ബേറൂത്ത് 2003).

ഹുദയ്ബിയ സന്ധിക്കുശേഷം ഉയയ്നാ ബിൻ ഹുസ്ൻ ഗത്ഫാൻ ഗോത്രത്തോടൊപ്പം വനത്തിൽ മേഞ്ഞുകൊണ്ടിരുന്ന നബി(സ) തിരുമേനിയുടെ ഒട്ടകങ്ങൾക്കുമേൽ ആക്രമണം നടത്തി. കാവലിന് ഏർപ്പെടുത്തിയിരുന്ന ഒരാളെ വധിച്ച് ഒട്ടകങ്ങളെ തെളിച്ചുകൊണ്ടുപോയി. ശഹീദായ വ്യക്തിയുടെ ഭാര്യയേയും എടുത്തുകൊണ്ടുപോയി. അപ്പോഴാണ് നബി(സ) ഇക്കാര്യം അറിയുന്നത്. അവിടന്ന് 8 പേരെ ശത്രുവിന്റെ പിന്നാലെ അയച്ചു. ആ എട്ടു പേരിൽ ഹദ്റത്ത് മുആദ് ബിൻ മാഇസുമുണ്ടായിരുന്നു.

ഇവിടെ ഒരു നിവേദനം ഇങ്ങനെയുമുണ്ട്. ആ സവാരിക്കാരിൽ ഹദ്റത്ത് അബൂ അയ്യാശും ഉണ്ടായിരുന്നു. അയക്കുന്നതിനു മുമ്പേ അവിടന്ന്(സ)അബൂ അയ്യാശിനോടു പറഞ്ഞു: താങ്കൾ താങ്കളുടെ കുതിരയെ താങ്കളെക്കാൾ മികച്ച അശ്വഭടന് കൊടുക്കുക! അബൂഅയ്യാശ് പറഞ്ഞു. 'അല്ലാഹുവിന്റെ റസൂലേ! ഞാൻ ഇവരെക്കാളൊക്കെ മികച്ച അശ്വഭടനാണ്.' പറയുന്നു: ഇതു പറഞ്ഞ് ഞാൻ അമ്പത് ചുവട് നടന്നിട്ടുണ്ടാകും. കുതിര എന്നെ വീഴ്ത്തിക്കളഞ്ഞു.' അബൂഅയ്യാശ് പറയുന്നു: 'അപ്പോൾ ഞാൻ വളരെയധികം ചിന്താകുലനായി. കാരണം നബി(സ) തിരുമേനി പറഞ്ഞിരുന്നതാണ്, താങ്കൾ താങ്കളുടെ കുതിരയെ മറ്റാർക്കെങ്കിലും കൊടുക്കുക എന്ന്. അങ്ങനെ കൊടുക്കുന്നത് ഉത്തമമായിരിക്കുമെന്ന്. എന്നാൽ, താൻ അവരെക്കാളൊക്കെ മികച്ചയാളാണ് താനെന്ന് പറയുകയായിരുന്നു. ബനൂ സുറയ്ഖിലെ ആളുകൾ ധരിക്കുന്നത് അതിനുശേഷം നബി(സ)തിരുമേനി ഹദ്റത്ത് അയ്യാശിന്റെ കുതിരപ്പുറത്ത് മുആദ് ബിൻ മാഇസിനേയോ ആഇദ് ബിൻ മാഇസിനേയോ അയച്ചുവെന്നാണ്.

നിവേദനങ്ങളിൽ വരുന്നു; ഹദ്റത്ത് സഅ്ദ് ബിൻ സയ്ദ്, നബി(സ)തിരുമേനിക്ക് ഒരു നജ്റാനി വാൾ ഉപഹാരമായി നൽകിയിരുന്നു. നബി(സ) തിരുമേനി അത് ഹദ്റത്ത് മുഹമ്മദ് ബിൻ മസ്ലമയ്ക്കു ദാനമായി നൽകിക്കൊണ്ട് പറഞ്ഞു; ഇതുകൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദു ചെയ്യുക. ജനങ്ങൾ പരസ്പരം ഭിന്നിക്കാൻ തുടങ്ങിയാൽ ഇതിനെ ഒരു കല്ലിൽ തല്ലിത്തകർത്തുകളയുക. എന്നിട്ട് വീടിനകത്ത് കയറിയിരിക്കുക. (അസദുൽ ഗാബ, വാല്യ 2, പേജ് 216, സഅ്ദ് ബിൻ സയ്ദ് അൽഅശ്ഹലി, പ്രസാധകർ ദാറുൽഫിക്ർ അന്നശ്ർ വത്തൗസീഅ് ബേറൂത്ത് 2003).

അതായത് ഒരുവിധത്തിലുള്ള കുഴപ്പത്തിലും കലഹത്തിലും പങ്കുചേരരുത്.

പരസ്പരം കഴുത്തറുത്തുകൊണ്ടിരിക്കുന്ന ഇന്നത്തെ മുസ്ലിംകളേയും അല്ലാഹു ലോകത്ത് സമാധാനം നിലനിൽക്കാൻവേണ്ടി ഇതനുസരിച്ചു പ്രവർത്തിക്കുന്നവരാക്കട്ടെ.. അല്ലാഹു ഈ സ്വഹാബികളുടെ പദവികൾ ഉയർത്തുമാറാകട്ടെ. നമുക്കും നന്മകൾ ചെയ്യുവാനും ത്യാഗങ്ങൾ സമർപ്പിക്കുവാനും അതുപോലെ ആത്മാർഥതയോടും കൂറോടുംകൂടി ജീവതം മുന്നോട്ടുകൊണ്ടു പോകുവാനുമുള്ള സൗഭാഗ്യം തന്നരുളുമാറാകട്ടെ.

# ദാഈ ഇലല്ലാഹ് ക്യാമ്പും പൊതുയോഗവും

പാലക്കാട് ജില്ലാ അഹ്മദിയ്യാ ജമാഅത്ത് 2018 ഡിസംബർ 16 ഞായറാഴ്ച എടത്തനാട്ടുകര എ.സി.ടി ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ഏകദിന ദാഈ ഇലല്ലാഹ് ക്യാമ്പും കോട്ടപ്പള്ളയിൽ തബ്ലീഗ് പൊതുയോഗവും സംഘടിപ്പിച്ചു.

സി.പി. സിദ്ദീഖ് സാഹിബിന്റെ ഖുർആൻ പാരായണത്തോടെ രാവിലെ 11 മണിക്ക് ആരംഭിച്ച ക്യാമ്പിൽ ജില്ലാ ദഅ്വത്തെ ഇലല്ലാഹ് സെക്രട്ടറി എം. അബ്ദുൽ ബശീർ സാഹിബ് അധ്യക്ഷത വഹിച്ചു. ജില്ലാ അമീർ എച്ച്. സുലൈമാൻ സാഹിബ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഖിലാഫത്തിനു പിന്നിൽ അടിയുറച്ചുനിന്നുകൊണ്ട് മുന്നേറേണ്ടതിന്റെ പ്രാധാന്യം അദ്ദേഹം വിശദീകരിച്ചു. മൗലവി ടി. ശഫീഖ് അഹ്മദ് സാഹിബ് ദഅ്വത്തെ ഇലല്ലായുടെ വഴികളും രീതികളും സംബന്ധിച്ച് ക്ലാസ്സെടുത്തു. പിന്നീട് ദാഈ ഇലല്ലാഹ്മാർക്ക് തബ്ലീഗ് അനുഭവങ്ങൾ വിവരിക്കാൻ അവസരം നൽകി. പി. മുഹമ്മദ് കുട്ടി ഹാജി, അബ്ദുൽ ജബ്ബാർ സാഹിബ്, മുഹമ്മദ് (കുഞ്ഞാവ) സാഹിബ്, ലുഖ്മാനുൽ ഹക്കീം സാഹിബ്, എം.കെ. അബ്ദുറശീദ് സാഹിബ്, വി.പി. ശൗക്കത്ത് സാഹിബ് മൗലവി ഫാഹിൻ സാഹിബ് എന്നിവർ സംസാരിച്ചു.

ഉച്ചയ്ക്കുശേഷം നടന്ന സെഷനിൽ മൗലവി രിസാഉൽ ഹമീദ് സാഹിബ് അധ്യക്ഷത വഹിച്ചു. സിറാജുൽ മുനീർ സാഹിബ് ഖുർആൻ പാരായണം നടത്തി. സഹാബാക്കളുടെ തബ്ലീഗ് ചരിത്രത്തെക്കുറിച്ച് മൗലവി കെ. അബ്ദുസ്സലാം സാഹിബ് ക്ലാസ്സെടുത്തു. മൗലവി പി. മുഹമ്മദ് യൂസുഫ് സാഹിബും സംസാരിച്ചു. ക്യാമ്പിൽ 65 അംഗങ്ങൾ പങ്കെടുത്തു.

വൈകീട്ട് 5 മണിക്ക് കോട്ടപ്പള്ള എന്ന സ്ഥലത്ത് സംഘടിപ്പിച്ച പൊതുയോഗം മൗലവി കെ. മുഹമ്മദ് സലീം സാഹിബിന്റെ ഖുർആൻ പാരായണത്തോടെ ആരംഭിച്ചു. ജില്ലാ മുബല്ലിഗ് മൗലവി എം. ഫാഹിൻ സാഹിബ് അധ്യക്ഷ പ്രസംഗം നടത്തി. മൗലവി വൈ. മുഹമ്മദ് റാഫി സാഹിബ് തിരുനബിയുടെ ജീവിതത്തെക്കുറിച്ചും, എറണാകുളം ജില്ലാ മുബല്ലിഗ് മൗലവി സി.പി. സുൽത്താൻ നസ്വീർ സാഹിബ് ഖിലാഫത്തിന്റെ ആവശ്യകതയും പ്രാധാന്യവും സംബന്ധിച്ചും പ്രസംഗിച്ചു. കെ. ഉണ്ണീൻ സാഹിബ് നന്ദി പ്രകാശിപ്പിച്ചു.

മുജാഹിദ് സഹോദരനായ ജനാബ് ഏനു സാഹിബ് തന്റെ ഉടമസ്ഥതയിലുള്ള സ്കൂൾ ക്യാമ്പ് നടത്താൻ വിട്ടുതന്നതും സമീപത്തുള്ള മുജാഹിദ് നമസ്കാരപ്പള്ളിയിൽ ക്യാമ്പംഗങ്ങൾക്ക് നമസ്കരിക്കാൻ പള്ളിഭാരവാഹികൾ സൗകര്യം അനുവദിച്ചതും പ്രത്യേകം സ്മരണീയമാണ്. അല്ലാഹു അവർക്ക് തക്കതായ പ്രതിഫലം നൽകുമാറാകട്ടെ. ആമീൻ.

(എച്ച്.എസ്. കാവശ്ശേരി)

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 3-10 January 2019 Issue-1-2

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

# ആധുനിക മനുഷ്യന്റെ ധാർമികാധഃപതനം?

**മിർസാ ഗുലാം അഹ്മദ്**

(കഴിഞ്ഞ ഫെബ്രുവരി 5ന് നിര്യാതനായ ലേഖകൻ 1964 ഡിസംബർ ലക്കം റിവ്യൂ ഓഫ് റിലീജിയൻസ് മാസികയിൽ എഴുതിയ ഒരു ലേഖനമാണിത്).

كَلَّا بَلْ ۜ رَانَ عَلٰى قُلُوْبِهِمْ مَّا كَانُوْا يَكْسِبُوْنَ ۝ (83:15)

പക്ഷേ, അവർ സമ്പാദിച്ചുകൊണ്ടിരുന്ന തിന്മകൾ അവരുടെ ഹൃദയങ്ങളിൽ കറയായി പിടിച്ചിരിക്കുന്നു. ഈ വചനം മനഃശാസ്ത്രപരവും ധാർമികവുമായ മഹത്തായ ഒരു സത്യം പ്രസ്താവിക്കുന്നു. ഒരു പ്രവൃത്തിയുടെ നേരിട്ടുള്ള ഫലം കൂടാതെ ഭാവിയിലും ഒരു മനുഷ്യന്റെ ധാർമികവും ബുദ്ധിപരവും വിജ്ഞാനപരവുമായ പ്രവർത്തനത്തെയും പ്രകടനത്തെയും ഇത് ബാധിക്കുന്നു എന്ന് വിശദീകരിക്കുന്നു. ഉദാഹരണമായി വ്യാജസംസാരം എന്ന തിന്മ എടുക്കാം. കളവ് പറയുന്ന ഒരാളിൽ അതിന്റെ സ്വാധീനം ഉണ്ടാകുന്നു. കളവ് പറയുന്നതിന്റെ നേരിട്ടുള്ള ഫലം അതു പറയുന്നയാൾക്ക് ദുഷ്പേരുണ്ടാവുന്നു എന്നതാണ്; അയാളെ മറ്റുള്ളവർ ഒരു ചതിയനായി കരുതുന്നു. ആരും അയാളിൽ വിശ്വാസമർപിക്കുകയോ അയാളെ ആശ്രയിക്കുകയോ ഇല്ല. അല്ലാഹുവിനോട് അനുസരണക്കേട് കാണിച്ചുകൊണ്ട് അയാൾ ദൈവശിക്ഷയ്ക്ക് ഉടനെയോ പിന്നീടോ വിധേയനാവുന്നു. ആർക്കെതിരിലാണ് അയാൾ കളവ് പറഞ്ഞത് അവർ അയാളുടെ ശത്രുക്കളായി മാറുന്നു. സ്വന്തം സ്നേഹിതന്മാർപോലും അയാളെ വിട്ടുപോകുന്നു. കളവ് പറയുന്നതുകൊണ്ട് നേരിടുന്ന പെട്ടെന്നുള്ള സ്വാഭാവികമായ പ്രത്യാഘാതങ്ങളാണിവ. പെട്ടെന്നും നേരിട്ടുള്ളതുമായ നമുക്കറിയാവുന്ന ഫലങ്ങൾ കൂടാതെ ഓരോ പാപകരമായ പ്രവൃത്തിയും മനുഷ്യന്റെ മനസ്സിലും ഹൃദയത്തിലും വിവിധങ്ങളായ ഫലങ്ങളുളവാക്കുകയും ചെയ്യുന്നു.

കളവ് എന്ന ദോഷത്തെയാണ് ഞാൻ ഉദാഹരണമായി പറഞ്ഞത്. ഒരു മനുഷ്യൻ കളവ് പറയുമ്പോഴെല്ലാം അതിന്റെ നേരിട്ടുള്ള ഫലമായി അയാളുടെ മനസ്സിലും ഹൃദയത്തിലും കളവിനോടുള്ള അനിഷ്ടം ദുർബലമാകുന്നു. ഭാവിയിൽ കള്ളം പറയൽ അയാൾക്ക് സുഗമമാകുന്നു. ഇങ്ങനെത്തന്നെയാണ് മറ്റെല്ലാ തിന്മകളെ സംബന്ധിച്ചുമുള്ളത്. ആദ്യമായി ഒരു മനുഷ്യൻ മോഷണം നടത്തുകയോ ശണ്ഠ കൂടുകയോ അസഭ്യവാക്കുകൾ പറയുകയോ കുഴപ്പമുണ്ടാക്കുകയോ കൊലപ്പെടുത്തുകയോ ചെയ്യുമ്പോൾ താൻ പിടിക്കപ്പെടുമോ എന്നും ജനങ്ങൾക്കിടയിൽ വഷളനായിത്തീരുമോ എന്നുമുള്ള ഭയം അവനുണ്ടാകുന്നു. പക്ഷേ, ഒരിക്കൽ അങ്ങനെയുള്ള പ്രവൃത്തി ഒരാൾ ചെയ്താൽ അയാളുടെ മനസ്സിൽ തിന്മയോടുള്ള അനിഷ്ടം കുറയുന്നു. അങ്ങനെ രണ്ടാം പ്രാവശ്യം കളവ് പറയുകയോ മോഷ്ടിക്കുകയോ ചീത്തപറയുകയോ കുഴപ്പമുണ്ടാക്കുകയോ ചെയ്യുന്നത് അയാൾക്ക് എളുപ്പമായിത്തീരുന്നു. തുടർന്ന് അവൻ ഈ ദുഷ്കർമങ്ങൾ ചെയ്യുന്നതിൽ ഒരു ശങ്കയും കാണിക്കുകയില്ല.

ഒരു തിന്മ ചെയ്യുന്നതിന്റെ ഫലമായി പൊതുവിൽ തിന്മയോടുള്ള അനിഷ്ടം കുറയുന്നു. മോഷണം നടത്തുന്ന ഒരാൾക്ക് മറ്റു കുറ്റകൃത്യങ്ങൾ എളുപ്പമാകുന്നു. തന്റെ നാഥനോട് അനുസരണക്കേട് കാണിക്കുന്നതിന്റെ കുറ്റബോധം കുറഞ്ഞതായി അനുഭവപ്പെടുന്നു. അതുപോലെതന്നെയാണ് മറ്റു പാപകരമായ പ്രവൃത്തികളും. ഓരോ തിന്മയ്ക്കും ബാഹ്യമായൊരു ദുഷ്പ്രഭാവമുണ്ട്. അത് പാപത്തോടു അറപ്പു തോന്നുന്നതിൽ കുറവ് വരുത്തുന്നു. അതുപോലെയുള്ള തിന്മകൾ ചെയ്തുകൊണ്ട് തന്റെ നാഥനോട് അനുസരണക്കേട് കാണിക്കാനുള്ള ദാർഷ്ട്യം ഉണ്ടാക്കുന്നു.

ഒരു തിന്മയുടെ മൂന്നാമത്തെ ദുഷ്പ്രഭാവമെന്തെന്നാൽ അത്തരം ഒരു കുറ്റം സ്വയം ചെയ്തിട്ട് അയാൾ മറ്റുള്ളവരെ സംശയിക്കാൻ തുടങ്ങുന്നു. മറ്റുള്ളവരും അങ്ങനെത്തന്നെയാണ് ചെയ്യുന്നതെന്ന് അയാൾ മനസ്സിൽ വിചാരിക്കുന്നു. ഒരു മോഷ്ടാവ് വിചാരിക്കുന്നത് സത്യം പറയുന്നവരായി ലോകത്ത് ആരുംതന്നെ ഇല്ലെന്നാണ്. സത്യം പറയുന്നവരെ കള്ളം പറയുന്നവരാണെന്ന് അയാൾ ആരോപിക്കുകയും ചെയ്യുന്നു. ഇതിന്റെ കാരണമെന്തെന്നാൽ അയാൾ സ്വയമേവ കളവ് പതിവാക്കിയവനാണ്. അങ്ങനെ അയാൾക്ക് സത്യം തിരിച്ചറിയാൻ സാധിക്കാതെ വരുന്നു. സത്യത്തിൽനിന്നും യാഥാർഥ്യത്തിൽനിന്നും പ്രയോജനമുൾക്കൊള്ളാതെ അയാൾ മറ്റുള്ള പ്രവൃത്തികളിൽ വ്യാജാരോപണം നടത്തുന്നു. സത്യം അയാൾക്ക് അവതരിപ്പിക്കപ്പെടുമ്പോൾ അതിന് മതിയായ പരിഗണന നൽകാതെ അയാൾ കൈയോടെ അത് നിഷേധിക്കുന്നു. താൻ സ്വയം കളവ് പറയുന്ന ആളാകയാൽ മറ്റുള്ളവരും അങ്ങനെത്തന്നെയാണെന്ന് അയാൾ ധരിക്കുന്നു.

പാപകരമായ പണികൾ ചെയ്യുന്നതിന്റെ പ്രത്യാഘാതമായി ഉണ്ടാകുന്ന ദുഷ്പ്രഭാവമെന്തെന്നാൽ ഭക്തരും സാത്വികരുമായവരുടെ കൂട്ടത്തിൽനിന്ന് പ്രയോജനമുൾക്കൊള്ളാൻ അയാൾക്ക് സാധിക്കാതെ വരുന്നു. തന്റെ നിലയനുസരിച്ചാണ് അയാൾ മറ്റുള്ളവരെ വിലയിരുത്തുന്നത്. മറ്റുള്ളവർ സത്യസന്ധരല്ലെന്നും കളവ് പറയുന്നവരാണെന്നും വിചാരിച്ച് അവരുടെ സഹവാസം ഉപേക്ഷിക്കുന്നു.

വിശുദ്ധഖുർആനിൽ ചുരുക്കി അവതരിപ്പിച്ച ഈ സത്യം ഒരു ഹദീഥ് മുഖേന കൂടുതൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. "ഒരു മനുഷ്യൻ കുറ്റം ചെയ്താൽ അതയാളുടെ ഹൃദയത്തിൽ ഒരു കറുത്തപുള്ളിയുണ്ടാക്കുന്നു. പിന്നീട് അയാൾ ആ അവസ്ഥയിൽനിന്ന് മാറി പശ്ചാത്തപിച്ചാൽ അയാളുടെ ഹൃദയത്തിൽനിന്ന് ശുദ്ധീകരിക്കപ്പെടുന്നു. നേരെമറിച്ച് അയാൾ പാപം ആവർത്തിക്കുകയാണെങ്കിൽ ആ കറുത്ത കല വളരുവാനും പരക്കുവാനും തുടങ്ങുന്നു. അങ്ങനെ അയാളുടെ ഹൃദയം കറുത്തിരുണ്ടുപോകുന്നു."

*ഇന്നൽ അബ്ദ ഇദാ അദ്നബ ദമ്പൻ നക്തുബു ഫീ ഖൽബിഹീ നുക്ത്തത്തൻ സൗദാഅ ഫഇൻ താബ വ നസഅ വസ്തഗ്ഫറ സുഖില ഖൽബഹു വ ഇൻ ആദ സാദത്ത് ഹത്താ തുഗല്ലിഫു ഖൽബഹു ഫദാലിക്കർറാനുല്ലദീ ദകറഹുല്ലാഹു സുബ്ഹാനഹു ഫിൽ ഖുർആനി (കല്ലാ ബൽ റാന അലാ ഖുലൂബിഹിം മാ കാനൂ യക്സിബൂൻ)*

ഇതാണ് വിശുദ്ധഖുർആനിലെ വചനത്തിന്റെ അർഥം.

كَلَّا بَلْ ۜ رَانَ عَلٰى قُلُوْبِهِمْ مَّا كَانُوْا يَكْسِبُوْنَ ۝ (83:15)

പക്ഷേ, അവർ സമ്പാദിച്ചുകൊണ്ടിരുന്ന തിന്മകൾ അവരുടെ ഹൃദയങ്ങളിൽ കറയായി പിടിച്ചിരിക്കുന്നു.

ചുരുക്കത്തിൽ, ഈ ഖുർആനിക വചനം വിശദീകരിക്കുന്നത്, ഓരോ പാപകരമായ പ്രവൃത്തിയും മനുഷ്യന്റെ ബോധമനസ്സിലും ഉപബോധമനസ്സിലും ദുഷ്പ്രഭാവം ചെലുത്തുന്നുവെന്നാണ്. മനുഷ്യന്റെ ഭൂതകാല പ്രവൃത്തികൾ അയാളുടെ ഭാവിയെ നിർണയിക്കുന്നു. ഇസ്ലാമിക ധാർമിക വ്യവസ്ഥിതി രൂപപ്പെടുത്തുന്ന ധാർമികവും മനഃശാസ്ത്രപരവുമായ സത്യമാണിത്. അടിസ്ഥാനപരമായ ഈ മനഃശാസ്ത്രതത്ത്വത്തെ നിരാകരിക്കുന്നതുകൊണ്ടാണ് ആധുനിക മനുഷ്യൻ ധാർമികാധഃപതനത്തിൽ ആപതിച്ചിരിക്കുന്നത്. (ദി റിവ്യൂ ഓഫ് റിലീജിയൻസ്, സപ്തംബർ 2018 വിവർത്തനം: കെ.വി. ഹസ്സൻകോയ, കോഴിക്കോട്).

☆☆☆

# ദീനിൽ കൂട്ടിച്ചേർത്തത് ആരാണ്?

വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) പറയുന്നു: 'നിങ്ങൾ എന്നെ കുറിച്ച് പുതിയ നുബുവ്വത്തുകൾ വാദിക്കുന്നുവെന്നും ഖത്തമുന്നുബുവ്വത്തിനെ തകർത്തുവെന്നും പറയുന്നു. ഞാൻ സ്വതന്ത്ര നുബുവ്വത്ത് വാദം പുറപ്പെടുവിച്ചിട്ടില്ല. ഞാൻ റസൂലുല്ലാഹി(സ)ന്റെ ദാസത്വത്തിൽ അങ്ങയുടെ ശരീഅത്തനുസരിച്ച് പ്രവൃത്തിക്കാനും പ്രവൃത്തിപ്പിക്കുവാനുമാണ് വന്നിട്ടുള്ളത്. നിങ്ങൾ സ്വയം നിങ്ങളെ നോക്കുന്നില്ല. പുതിയ പുതിയ ദിക്റുകളും ചര്യകളും കൊണ്ടുവന്ന് പുതിയ നുബുവ്വത്ത് നിങ്ങളാണ് കൊണ്ടുവന്നിരിക്കുന്നത്; ഞാനല്ല. നീതിയുക്തമായി നിങ്ങൾ പറഞ്ഞുതന്നാലും– റസൂലുല്ലാ(സ)ന്റെ പരിശുദ്ധ അധ്യാപനങ്ങളിൽ ഞാൻ കൂട്ടുകയോ കുറക്കുകയോ ചെയ്തിട്ടുണ്ടോ? അതോ നിങ്ങളാണോ അങ്ങനെ ചെയ്യുന്നത്? 'അർറ്' എന്ന ദിക്ർ ഞാൻ കൊണ്ടുവന്നതാണോ അതോ നിങ്ങളുടെ പുതിയ കണ്ടുപിടിത്തമാണോ? വെറും അല്ലാഹു–അല്ലാഹു എന്ന മജ്ലിസ്, നമസ്കാരത്തിലേക്ക് തീരെ ശ്രദ്ധയില്ലാതെ അല്ലാഹു അല്ലാഹു എന്ന ദിക്ർ മാത്രം! എന്തെന്തെല്ലാം ബിദ്അത്തുകളാണ് നിങ്ങൾ ഉണ്ടാക്കിയിട്ടുള്ളത്. പീർഫഖീർമാരുടെ ഖബ്റിടങ്ങളിൽ സുജൂദ് ചെയ്യുന്നു. ദീനുൽ ഇസ്ലാമിൽ ഈവിധ നുബുവ്വത്തുകളെല്ലാം സ്വന്തം താൽപര്യങ്ങൾക്കുവേണ്ടി കടത്തിക്കൂട്ടിയതാണ്. ആയതുകൊണ്ട് നിങ്ങൾ എന്നെ ആക്ഷേപിക്കാതെ നിങ്ങളുടെ സ്വന്തം അവസ്ഥ നോക്കുക!' (മൽഫൂദാത്ത്, വാല്യം 3, പേജ് 88–90)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin